# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06　　ഒക്ടോബർ–2015　　ലക്കം 10**

ഒറ്റപ്രതി 10 രൂപ　　വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

ലോകമിഷൻ ഞായർ .................................................. 05
ഹൃദയങ്ങൾ സമർപ്പിതമോ അതോ അന്ധമോ ............. 12
ശ്രേഷ്ഠ സന്താനലബ്ധിക്ക്......................................... 23
രൂപതാകച്ചേരി വാർത്തകൾ .................................... 29
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ............................. 32
മതബോധനരംഗം ...................................................... 35
ചെറുപുഷ്പമിഷൻലീഗ് .............................................. 42
*Department of Youth Ministry* ....................................... 51
കെ.സി.വൈ.എം. ........................................................ 53
കുടുംബപ്രേഷിതത്വം .................................................. 65
സീയോൻ വാർത്തകൾ ............................................... 70
വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 73
സാമൂഹ്യ സേവനരംഗം (WSSS) .................................. 78
കെസിബിസി മദ്യവിരുദ്ധസമിതി ............................... 86
റേഡിയോ മാറ്റൊലി ................................................... 88
*CEADOM* വിദ്യാഭ്യാസമേഖല ...................................... 90
കത്തോലിക്കാ കോൺഗ്രസ് (AKCC) ............................ 93
അറിയിപ്പുകൾ ........................................................... 94
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 96
ബിഷപ്സ് പ്രോഗ്രാം .................................................... 97

## ലോകമിഷൻ ഞായർ – 2015

### ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

പ്രിയ സഹോദരീ സഹോദരന്മാരേ,

സമർപ്പിത ജീവിത വർഷത്തിന്റെ സാഹചര്യത്തിലാണ് ഇക്കൊല്ലം ലോകമിഷൻ ഞായർ ആചരണം നടക്കുന്നത്. ആ സാഹചര്യം കൂടുതൽ പ്രാർത്ഥനയ്ക്കും വിചിന്തനത്തിനുമുള്ള പ്രചോദനം നല്കുന്നു. അതിന്റെ കാരണം ഇതാണ്: മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും ദാനമായി കിട്ടിയ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് യേശുവിനു സാക്ഷ്യം വഹിക്കാൻ കടപ്പെട്ടിരിക്കുന്നുവെങ്കിൽ ഓരോ സമർപ്പിത വ്യക്തിയും അങ്ങനെ ചെയ്യാൻ സവിശേഷമാംവിധം കടപ്പെട്ടിരിക്കുന്നു. സമർപ്പിതജീവിതവും പ്രേഷിതത്വവും തമ്മിൽ സുവ്യക്തമായ ബന്ധമുണ്ട്. സഭയിൽ സമർപ്പിതജീവിതത്തിന്റെ ഉത്പത്തിക്കുകാരണം യേശുവിനെ കൂടുതൽ അടുത്ത് അനുകരിക്കാനുള്ള ആഗ്രഹമാണ്. അത് കുരിശെടുത്തുകൊണ്ട് അവിടുത്തെ അനുഗമിക്കാനുള്ള അവിടുത്തെ ആഹ്വാനത്തോടുള്ള പ്രത്യുത്തരമാണ്. പിതാവിനോടുള്ള അവിടുത്തെ സമർപ്പണവും സ്നേഹവും സേവനവും അനുകരിക്കാനും അത് ആവശ്യപ്പെടുന്നു. വീണ്ടും കണ്ടെത്താൻ വേണ്ടി നമ്മുടെ ജീവൻ നഷ്ടപ്പെടുത്താനും അത് ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ ജീവിതത്തിനു മുഴുവനും ഒരു പ്രേഷിതത്വ സ്വഭാവമുണ്ട്. അതുകൊണ്ട് അവിടുത്തെ അടുത്ത് അനുകരിക്കുന്ന എല്ലാവർക്കും ഈ പ്രേഷിതത്വ സവിശേഷത ഉണ്ടായിരിക്കണം.

സഭയുടെ പ്രകൃതിയുടേതുതന്നെയായ ഈ പ്രേഷിതത്വമാനം, സമർപ്പിത ജീവിതത്തിന്റെ സർവ്വരൂപങ്ങൾക്കും ആന്തരികമായിട്ടുള്ളതാണ്. അതുകൊണ്ട് സമർപ്പിതജീവിതത്തിൽ നിന്ന് വഴിതെറ്റുകയും അതിന്റെ കാരിസത്തെ വികലമാക്കുകയും ചെയ്യാതെ പ്രേഷിതത്വമാനത്തെ അവഗണിക്കാനാവുകയില്ല. ഒരു മിഷണറിയായിരിക്കുകയെന്നത് മതം മാറ്റലോ കേവലം സമരതന്ത്രമോ അല്ല. പ്രേഷിതത്വം വിശ്വാസത്തിന്റെ "വ്യാകരണത്തിന്റെ" ഭാഗമാണ്."വരുക" "മുന്നോട്ടു പോകുക" എന്നിങ്ങനെ മന്ത്രിക്കുന്ന

പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിക്കുന്ന സകലർക്കും സാരാംശ പരമായിട്ടുള്ള ഒന്നാണത്. ക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് മിഷണറിമാരാകാതിരിക്കാൻ സാധ്യമല്ല. എന്തെന്നാൽ യേശു "തങ്ങളോടൊപ്പം സഞ്ചരിക്കുകയും തങ്ങളോടു സംസാരിക്കു കയും, തങ്ങളോടൊപ്പം ശ്വസിക്കുകയും ചെയ്യുന്നുവെന്ന് അവർ അറിയുന്നു. മിഷൻ പ്രവർത്തനങ്ങളിൽ അവിടുന്ന് തങ്ങളോ ടൊപ്പം ജീവിക്കുന്നുവെന്ന് അവർ മനസ്സിലാക്കുന്നു" (സുവിശേ ഷത്തിന്റെ സന്തോഷം; 266).

മിഷൻ എന്നത് യേശുവിനോടുള്ള തീവ്രസ്നേഹമാണ്. അതേസമയംതന്നെ അത് അവിടുത്തെ ജനത്തോടുള്ള തീവ്രസ്നേ ഹവുമാണ്. ക്രൂശിതനായ യേശുവിന്റെ മുമ്പിൽ പ്രാർത്ഥിക്കു മ്പോൾ അവിടുത്തെ സ്നേഹത്തിന്റെ ആഴം നാം മനസ്സിലാ ക്കുന്നു. നമുക്കു മഹത്ത്വവും നിലനില്പും നല്കുന്ന സ്നേഹ ത്തിന്റെ ആഴം നാം ഗ്രഹിക്കുന്നു. അതേസമയം ക്രിസ്തുവിന്റെ മുറിവേല്പിക്കപ്പെട്ട ഹൃദയത്തിൽ നിന്നു പ്രവഹിക്കുന്ന സ്നേഹം ദൈവജനത്തെയും മുഴുവൻ മനുഷ്യവംശത്തെയും ആശ്ലേഷിക്കാൻ വികസിക്കുന്നുവെന്നു നാം മനസ്സിലാക്കുകയും ചെയ്യുന്നു. തന്റെ പ്രിയജനത്തോടും (cf ibid. 268) നിർമ്മലഹൃദയത്തോടെ തന്നെ തേടുന്ന എല്ലാ മനുഷ്യരോടും അടുക്കുന്നതിനു നമ്മെ ഉപയോ ഗിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നുവെന്ന് നാം ഒരിക്കൽക്കൂടി മനസ്സിലാക്കുന്നു. "മുന്നോട്ടു പോകുക" എന്നാണ് യേശുവിന്റെ കല്പന. സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ രംഗങ്ങളും നിത്യ സന്നിഹിതമായിരിക്കുന്ന നവീന വെല്ലുവിളികളും അതിൽ നാം കാണുന്നു. സഭയുടെ എല്ലാ അംഗങ്ങളും അവരുടെ ജീവിത സാക്ഷ്യം വഴി സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടിരി ക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കാൻ സമർപ്പിതരോട് പ്രത്യേകമാംവിധം ആവശ്യപ്പെട്ടിട്ടുണ്ട്. പരിശുദ്ധാത്മാവ് അവരോട് അതിർത്തികളിലേക്കു പോകാൻ, ഇന്നോളം സുവിശേഷം പ്രസം ഗിക്കപ്പെട്ടിട്ടില്ലാത്തവരിലേക്കു പോകാൻ ആഹ്വാനം ചെയ്യുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആദ് ജെന്തെസ് എന്ന ഡിക്രിയുടെ അമ്പതാം വാർഷികമാണിത്. ആ പ്രമാണരേഖ വീണ്ടും വായിക്കാനും അതിന്റെ ഉള്ളടക്കങ്ങളെക്കുറിച്ചു ചിന്തി ക്കാനുമുള്ള ഒരാഹ്വാനം നമുക്ക് എല്ലാവർക്കും അതു നല്കുന്നു. സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ശക്തമായ

പ്രേഷിതസ്പന്ദനം ഉണ്ടാകണമെന്ന് ആ പ്രമാണരേഖ ആവശ്യപ്പെട്ടിട്ടുണ്ട്. ധ്യാനാത്മക സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം, പ്രേഷിതവേലയുടെ മധ്യസ്ഥയായ ഉണ്ണീശോയുടെ വിശുദ്ധ തെരേസ പുതിയ വെളിച്ചത്തിൽ കാണപ്പെടുന്നു. അവൾ നവീകൃത വാഗ്മിത്വത്തോടെ സംസാരിക്കുന്നു. ധ്യാനാത്മകജീവിതവും പ്രേഷിതത്വവും തമ്മിലുള്ള അഗാധമായ ബന്ധത്തെക്കുറിച്ചു ചിന്തിക്കാൻ അവൾ പ്രചോദിപ്പിക്കുന്നു. പ്രവർത്തനോന്മുഖമായ അനേകം സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം കൗൺസിലിൽ നിന്ന് ഉയർന്ന പ്രേഷിതത്വ ചൈതന്യം വിജാതീയരുടെ ഇടയിലുള്ള പ്രേഷിത പ്രവർത്തനത്തിലേക്കുള്ള അസാധാരണമായ താത്പര്യം കണ്ടെത്തി. സുവിശേഷപ്രവർത്തനത്തിൽ കണ്ടുമുട്ടിയ അനേകം പ്രദേശങ്ങളിലെയും സംസ്കാരങ്ങളിലെയും സഹോദരീ സഹോദരന്മാരോടുള്ള തുറവ് അതിനു മിക്കപ്പോഴും ഉണ്ടായിരുന്നു. തന്മൂലം സമർപ്പിതജീവിതത്തിലെ വ്യാപകമായ "സങ്കലിതസംസ്കാര" ("interculturalism') ത്തെപ്പറ്റി പറയാൻ കഴിയുന്നു. അതുകൊണ്ട് അടിയന്തിരസ്വഭാവമുള്ള ഒരാവശ്യമുണ്ടിവിടെ: യേശു ആണ് മിഷന്റെ കേന്ദ്രസ്ഥവ്യക്തിയെന്ന് വീണ്ടും ഉറപ്പിച്ചു പറയുക. സുവിശേഷ പ്രഘോഷണത്തിന് പൂർണമായ സ്വയം സമർപ്പണം അത് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ സാധ്യമല്ല: ദൈവകൃപയാൽ പ്രേഷിത പ്രവർത്തനം സ്വീകരിക്കുന്നവർ അതു ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ലോകത്തിന്റെ അതിരുകളിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിന് അവിടുത്തെ അനുഗമിക്കാനുള്ള മാർഗമായിത്തീരുന്നു. അവർ നേരിടുന്ന പ്രയാസങ്ങൾക്കും ചെയ്യുന്ന ത്യാഗങ്ങൾക്കും അവിടുന്ന് ധാരാളമായി പ്രതിഫലം നല്കും. ഈ വിളിയിൽ നിന്നു മാറിപ്പോകാനുള്ള ഏതു പ്രവണതയും - നല്ല കാരണങ്ങളാലാണ് അങ്ങനെ ചെയ്യുന്നതെങ്കിലും അജപാലനപരവും സഭാപരവും മാനുഷികവുമായ അസംഖ്യം കാരണങ്ങൾ അതിനുണ്ടെങ്കിലും - കർത്താവിന്റെ ആഹ്വാനത്തിനു ചേർന്നതല്ല. വ്യക്തിപരമായി സുവിശേഷത്തിനു സേവനം ചെയ്യുകയെന്നതാണ് അവിടുന്നു നല്കുന്ന ആഹ്വാനം. മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പരിശീലകർ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഈ പദ്ധതി വ്യക്തമായും ആത്മാർത്ഥമായും സൂചിപ്പിക്കാനും യഥാർത്ഥ പ്രേഷിതത്വവിളി

തിരിച്ചറിയാനും കടപ്പെട്ടിരിക്കുന്നു. ധീരതയോടെ സാക്ഷ്യം നല്കാനും ഉദാരതയോടെ പ്രവർത്തിക്കാനും കഴിവുള്ള യുവജനത്തോട്, ആ സാക്ഷ്യവും പ്രവർത്തനവും സംസ്കാര വിരുദ്ധമാണെങ്കിലും, ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു: **യഥാർത്ഥ മിഷന്റെ** ആദർശത്തെ, **സമ്പൂർണ സമർപ്പണത്തിലൂടെ ക്രിസ്തവാനുകരണത്തെ നിങ്ങളിൽ നിന്നു പിടിച്ചു പറിക്കാൻ ആരെയും അനുവദിക്കരുത്.** നിങ്ങൾ സന്ന്യസ്ത പ്രേഷിതത്വജീവിതം തിരഞ്ഞെടുത്തതും, അത് യഥാർത്ഥത്തിൽ എന്തായിരിക്കുന്നുവോ അതിനു സന്നദ്ധരാവുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് മനസ്സാക്ഷിയുടെ അഗാധതയിൽ സ്വയം ചോദിക്കണം: സുവിശേഷ പ്രഘോഷണത്തിനു സേവനം ചെയ്യുന്ന സ്നേഹദാനമായതുകൊണ്ടുതന്നെ. നിങ്ങൾ ഒരു വസ്തുത ഓർമ്മിക്കണം. സുവിശേഷ പ്രഘോഷണം ഇന്നോളം കേട്ടിട്ടില്ലാത്തവർക്ക് അത് അത്യാവശ്യമാണ്. എന്നാൽ അതിനുമുമ്പേ ഗുരുവിനെ സ്നേഹിക്കുന്നവരെ സംബന്ധിച്ച് അത് അത്യാവശ്യമാണ്.

ഇന്നു സഭയുടെ പ്രേഷിതപ്രവർത്തനം ഒരു വെല്ലുവിളി നേരിടുന്നു. ജനങ്ങൾ അവരുടെ വേരുകളിലേക്ക് തിരിച്ചുപോകുകയും അവരുടെ സംസ്കാരങ്ങളുടെ മൂല്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയെന്ന സർവജനതകളുടെയും ആവശ്യങ്ങളെ കണ്ടെത്തുകയെന്നതാണ് ആ വെല്ലുവിളി. അതിന്റെ അർത്ഥം ഇതാണ്: മറ്റു പാരമ്പര്യങ്ങളെയും ചിന്താപദ്ധതികളെയും അറിയുകയും ആദരിക്കുകയും ചെയ്യുക. ദൈവികജ്ഞാനത്തിന്റെ രഹസ്യത്തിലേക്കു പ്രവേശിക്കാനും യേശുവിന്റെ സുവിശേഷം സ്വീകരിക്കാനും സ്വന്തം പാരമ്പര്യങ്ങളിൽ ആന്തരികമായി സഹായിക്കപ്പെടാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് അങ്ങനെ ചെയ്യണം. യേശു സകല സംസ്കാരങ്ങൾക്കുമുള്ള പ്രകാശവും പരിവർത്തനാത്മക ശക്തിയുമാണ്.

സങ്കീർണമായ ഈ പ്രവർത്തനത്തിൽ നാം നമ്മോടു തന്നെ ചോദിക്കുന്നു: "ആരോടാണ് നാം ആദ്യം സുവിശേഷം പ്രസംഗിക്കേണ്ടത്"? സുവിശേഷം മുഴുവനിലും നാം മിക്കപ്പോഴും കാണുന്നതാണ് ഇതിന്റെ ഉത്തരം: ദരിദ്രരോട്, എളിയവരോട്, രോഗികളോട്, മിക്കപ്പോഴും അവഗണിക്കപ്പെട്ടവരോട്, വിസ്മരിക്കപ്പെട്ടവരോട്, പ്രതിഫലം നല്കാൻ കഴിവില്ലാത്തവരോട്

(cf.ലൂക്കാ 14:13-14) നമ്മിൽ ഏറ്റവും എളിയവരോട് പ്രത്യേക പരിഗണന കാണിച്ചുകൊണ്ടുള്ള സുവിശേഷവത്കരണം യേശു സ്ഥാപിക്കാൻ വന്ന രാജ്യത്തിന്റെ അടയാളമാണ്. "നമ്മുടെ വിശ്വാസവും ദരിദ്രരും തമ്മിൽ അവിഭാജ്യമായ ഒരു ബന്ധമുണ്ട്. ഒരിക്കലും നാം അവരെ ഉപേക്ഷിക്കരുത്" (സുവിശേഷ സന്തോഷം, 48). സമർപ്പിത പ്രേഷിതജീവിതം സ്വീകരിച്ചവർക്ക് ഇത് സർവോപരി വ്യക്തമായിരിക്കണം: ദരിദ്രരോടു പക്ഷം ചേരുന്ന ക്രിസ്തുവിനെ അനുഗമിക്കാൻ ദാരിദ്ര്യവ്രതം വഴി അവർ നിശ്ചയിച്ചു. അവരോടൊപ്പം അനുദിനജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽ ജീവിച്ചുകൊണ്ടും അധികാരത്തിനുള്ള എല്ലാ അവകാശവാദവും ഉപേക്ഷിച്ചുകൊണ്ടും അങ്ങനെ ദരിദ്രരുടെ സഹോദരീ സഹോദരന്മാരായിത്തീരാനും അതുവഴി അവർക്ക് സുവിശേഷസന്തോഷത്തിന്റെ സാക്ഷ്യവും ദൈവസ്നേഹത്തിന്റെ അടയാളവും നല്കാനും നിശ്ചയിച്ചു.

ക്രൈസ്തവസാക്ഷികളായും പിതാവിനുള്ള സ്നേഹത്തിന്റെ അടയാളങ്ങളായും ദരിദ്രരുടെയും എളിയവരുടെയും ഇടയിൽ ജീവിച്ചുകൊണ്ട് സഭയുടെ പ്രേഷിതത്വ സേവനത്തിൽ അല്മായരുടെ സാന്നിധ്യം വളർത്താൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രസ്താവിച്ചതുപോലെ "അല്മായർ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ സഹകരിക്കണം. അവർ സാക്ഷികളെന്ന നിലയിലും സജീവോപകരണങ്ങളെന്ന നിലയിലും സഭയുടെ രക്ഷാകര ദൗത്യത്തിൽ പങ്കുചേരുന്നുണ്ട്" (ആദ് ജെന്തെസ്, 41). സമർപ്പിതരായ മിഷണറിമാർ തങ്ങളോടൊപ്പം പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നവരെ, കുറച്ചു കാലത്തേക്കാണെങ്കിലും ഈ മണ്ഡലത്തിൽ അനുഭവമുണ്ടാകാൻ ആഗ്രഹിക്കുന്നവരെ, ഉദാരതയോടെ സ്വാഗതം ചെയ്യണം. മാമ്മോദീസയിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന സഹോദരീസഹോദരന്മാരാണവർ. മിഷൻ പ്രവർത്തനത്തിന്റെ ഭവനങ്ങളും സ്ഥാപനങ്ങളും അവരെ സ്വാഗതം ചെയ്യാനും അവർക്ക് മാനുഷികവും ആധ്യാത്മികവും അപ്പസ്തോലികവുമായ പിന്തുണ നല്കാനുമുള്ള ഇടങ്ങളാണ്.

സഭയുടെ ഇൻസ്റ്റിറ്റ്യൂട്ടുകളും മിഷണറി കോൺഗ്രിഗേഷനുകളും, യേശുവിന്റെ സുവിശേഷം അറിയാത്തവർക്കുള്ള സേവനത്തിന് മുഴുവനായി സമർപ്പിക്കപ്പെട്ടവയാണ്. അവയുടെ

സമർപ്പിതാംഗങ്ങളുടെ കാരിസങ്ങളും പ്രേഷിതദൗത്യങ്ങളും അവ പരിഗണിക്കണമെന്നാണ് ഇതിന്റെ അർത്ഥം. എന്നാൽ സമർപ്പിതർക്ക് സേവനത്തിന്റെ ഒരു വ്യവസ്ഥ കൂടി ഉണ്ടാകണം. റോമിലെ മെത്രാന്റെ താത്പര്യത്തിന്റെ ഒരു പ്രകാശനമാണത്. കൊയ്നോണിയ (കൂട്ടായ്മ) ഉറപ്പുവരുത്തുന്നതിനുവേണ്ടിത്തന്നെ. എന്തെന്നാൽ സഹകരണവും സംയുക്തപ്രവർത്തനവും പ്രേഷിതത്വപരമായ സാക്ഷ്യത്തിന്റെ സാരാംശപരമായ ഭാഗമാണ്. ലോകം വിശ്വസിക്കുന്നതിനുള്ള ഒരു വ്യവസ്ഥയായി യേശു തന്റെ ശിഷ്യന്മാരുടെ ഐക്യത്തെ പ്രതിഷ്ഠിച്ചു (cf. യോഹ. 17:21). ഈ ഏകത്രകേന്ദ്രീകരണം നിഷ്കൃഷ്ടനിയമാനുസാരിത്വമല്ല. സ്ഥാപനപ്രാധാന്യവാദവുമല്ല. വൈവിധ്യത്തിനു പ്രചോദനം നല്കുന്ന പരിശുദ്ധാത്മാവിന്റെ സർഗാത്മകതയെ ശ്വാസം മുട്ടിപ്പിക്കുന്ന പ്രവൃത്തിയുമല്ല. അത് സുവിശേഷസന്ദേശത്തിൽ കൂടുതൽ ഫലദായകത്വം നല്കുന്നതിനും പരിശുദ്ധാത്മാവിന്റെ മറ്റൊരു ഫലമായ ലക്ഷ്യത്തിലുള്ള ഐക്യം വളർത്തുന്നതിനുമാണ്.

വിശുദ്ധ പത്രോസിന്റെ പിൻഗാമികളുടെ മിഷണറി സൊസൈറ്റികൾക്ക് സാർവത്രികമായ അപ്പസ്തോലിക ചക്രവാളമുണ്ട്. അതുകൊണ്ടാണ് സമർപ്പിതജീവിതത്തിന്റെ അനേകം കാരിസങ്ങളും അതിന് ആവശ്യമായിരിക്കുന്നത്. സുവിശേഷവത്കരണത്തിന്റെ വിസ്തൃതചക്രവാളങ്ങളോടു സംസാരിക്കാനും അയയ്ക്കപ്പെട്ടിരിക്കുന്ന ഏതു പ്രദേശത്തും പര്യാപ്തമായ സാന്നിധ്യം ഉറപ്പാക്കാൻ കഴിയുന്നതിനും വേണ്ടിയാണത്.

പ്രിയ സഹോദരീ സഹോദരന്മാരേ, യഥാർത്ഥ മിഷണറി സുവിശേഷത്തോട് തീവ്രസ്നേഹമുള്ള വ്യക്തിയാണ്. വിശുദ്ധ പൗലോസ് ശ്ലീഹ ഇങ്ങനെ പറഞ്ഞു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ഹാ കഷ്ടം!" (1 കോറി. 9:16). സുവിശേഷം സകല സ്ത്രീപുരുഷന്മാർക്കും സന്തോഷത്തിന്റെയും വിമോചനത്തിന്റെയും രക്ഷയുടെയും ഉറവിടമാണ്. ഈ ദാനത്തെക്കുറിച്ച് സഭയ്ക്ക് അറിയാം. അതുകൊണ്ട് അവൾ "ആരംഭം മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾകൊണ്ടു ഞങ്ങൾ കണ്ടതും" (1 യോഹ. 1:1) എല്ലാവരോടും നിരന്തരം പ്രഘോഷിക്കുന്നു. ദിവ്യരഹസ്യത്തിന്റെ സേവകരുടെ - മെത്രാന്മാർ, വൈദികർ, സന്ന്യസ്തർ, അല്മായർ എന്നിവരുടെ - ദൗത്യം ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലേക്കു

പ്രവേശിക്കാൻ ആരെയും ഒഴിവാക്കാതെ എല്ലാവരെയും അനുവദിക്കുകയെന്നതാണ്. സഭയുടെ പ്രേഷിതത്വ പ്രവർത്തനത്തിന്റെ സമ്പൂർണമണ്ഡലത്തിൽ എല്ലാ വിശ്വാസികളും തങ്ങളുടെ മാമ്മോദീസാപരമായ സമർപ്പണം പൂർണമായി ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിയുടെയും വ്യക്തിപരമായ സാഹചര്യമനുസരിച്ച് അങ്ങനെ ചെയ്യണം. സമർപ്പിതരായ സ്ത്രീപുരുഷന്മാർക്ക് ഈ സാർവത്രികവിളിയോട് ഉദാരതയോടെ പ്രത്യുത്തരിക്കാൻ കഴിയും. തീവ്രമായ പ്രാർത്ഥനാജീവിതത്തിലൂടെയും കർത്താവിനോടും അവിടത്തെ രക്ഷാകരബലിയോടുമുള്ള ഐക്യത്തിലൂടെയും അതു സാധ്യമാകും.

അന്യരാജ്യങ്ങളിലോ സ്വന്തം നാടുകളിലോ ഓരോ ജീവിതാവസ്ഥയിലും സുവിശേഷം പ്രഘോഷിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും സഭയുടെ അമ്മയും മിഷൻ പ്രവർത്തനത്തിന്റെ മാതൃകയുമായ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു. സുവിശേഷദൗത്യം നിർവഹിക്കുന്ന എല്ലാ മിഷണറിമാർക്കും ഞാൻ ഹൃദയംഗമമായി അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 24 മേയ് 2015, പെന്തക്കൊസ്തതിരുനാൾ

**ഫ്രാൻസിസ് പാപ്പാ**

# ഹൃദയങ്ങൾ സമർപ്പിതമോ അതോ അന്ധമോ?

## അനുകമ്പയ്ക്ക് ഇടം നൽകാത്തതുകൊണ്ട് സത്വരനീക്കത്തിന്റെ ആത്മീയതയെക്കുറിച്ച് കരുതിയിരിക്കുക

*സാന്താ ക്രൂസ് ദെ ലാ സിയെറായിലെ ഡോൺ ബോസ്കോ കോളജിന്റെ കൊളീസ്യത്തിൽവച്ച് ജൂലൈ 9 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് ഫ്രാൻസീസ് മാർപാപ്പ വൈദികരുമായും സന്യസ്തരുമായും വൈദിക വിദ്യാർത്ഥികളുമായും കൂടിക്കാഴ്ച നടത്തി. സ്പാനീഷ്ഭാഷയിൽ അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ പരിഭാഷ ചുവടെ.*

പ്രിയ സഹോദരീ സഹോദരന്മാരേ,
ശുഭ മദ്ധ്യാഹ്നം,

നിങ്ങളെ കാണാനും യേശുവിന്റെ പ്രേഷിത ശിഷ്യന്മാരുടെ ഹൃദയവും സമസ്ത ജീവിതവും നിറയ്ക്കുന്ന ആനന്ദത്തിൽ പങ്കുചേരാനും സാധിക്കുന്നതിൽ ഞാൻ വളരെ സന്തുഷ്ടനാണ്. ഈ ആനന്ദം ബിഷപ്പ് റോബെർത്തോ ബോർദിയുടെ സ്വാഗത പ്രസംഗത്തിലെ വാക്കുകളിലും ഫാദർ മിഗുവേൽ, സിസ്റ്റർ ഗബ്രിയേലാ, നമ്മുടെ വൈദികവിദ്യാർത്ഥി ഡാമിയൻ എന്നിവരുടെ സാക്ഷ്യങ്ങളിലും പ്രകടമായിരുന്നു. ദൈവവിളി സംബന്ധിച്ച സ്വന്തം അനുഭവം പങ്കുവച്ചതിന് നിങ്ങൾ ഓരോരുത്തരോടും ഞാൻ നന്ദിപറയുന്നു.

യേശുവിന്റെ അനുയായികളുടെ സംഘത്തിൽ ചേർന്ന മറ്റൊരു ശിഷ്യനായ ബർതിമേയൂസിന്റെ അനുഭവത്തെക്കുറിച്ച് മർക്കോസിന്റെ സുവിശേഷത്തിൽ നാം കേൾക്കുകയുണ്ടായി. അവസാനനിമിഷത്തിലാണ് അവൻ ഒരു ശിഷ്യനായിത്തീർന്നത്. ഇതു സംഭവിച്ചത് ജറീക്കോയിൽനിന്ന്, താൻ ഉടനെതന്നെ, ഏൽപിച്ചുകൊടുക്കപ്പെടാൻ പോകുന്ന ജറുസലെമിലേക്കുള്ള കർത്താവിന്റെ അന്തിമയാത്രയുടെ സമയത്തായിരുന്നു. വഴിയരികിൽ ഇരുന്ന അന്ധയാചകനായ ബർതിമേയൂസ് – ഇതിനേക്കാൾ വലിയ ഒഴിവാക്കപ്പെടൽ സങ്കൽപിക്കുക പ്രയാസമാണ് – തള്ളിമാറ്റപ്പെട്ടു. യേശു കടന്നുപോകുന്നുവെന്നു കേട്ടപ്പോൾ അദ്ദേഹം ഉച്ചത്തിൽ വിളിക്കാൻ തുടങ്ങി. ചെണ്ട കൊട്ടുകയും "ഞാൻ ഇവിടെയുണ്ട്" എന്നു പറഞ്ഞ് തന്നെത്തന്നെ കേൾപ്പിക്കുകയും ചെയ്ത

യുവസന്യാസിനിയെപ്പോലെ അദ്ദേഹവും സ്വയം കേൾപ്പിക്കുകയായിരുന്നു. അഭിനന്ദനങ്ങൾ, നിങ്ങൾ വളരെ നന്നായി ചെണ്ട കൊട്ടുന്നു.

യേശുവിനോടൊത്ത് അവിടുത്തെ അപ്പസ്തോലന്മാരും അവിടുത്തെ അനുയായികളായ ശിഷ്യന്മാരും സ്ത്രീകളും സഞ്ചരിച്ചിരുന്നു. ദൈവരാജ്യം പ്രഘോഷിച്ചുകൊണ്ട് പലസ്തീനായിൽകൂടി അവിടുന്ന് യാത്രചെയ്തപ്പോൾ അവർ അവിടുത്തെ സമീപത്തുണ്ടായിരുന്നു. ഒരു വലിയ ജനക്കൂട്ടവും ഉണ്ടായിരുന്നു. വാക്കുകൾ അല്പം വലിച്ചുനീട്ടി ഇതിനെ നാം രൂപാന്തരപ്പെടുത്തുന്നപക്ഷം, മെത്രാന്മാരും വൈദികരും കന്യാസ്ത്രീമാരും വൈദികവിദ്യാർത്ഥികളും പ്രതിബദ്ധതയുള്ള അല്മായ വിശ്വാസികളും അവിടുത്തെ ശ്രവിച്ചുകൊണ്ട് അവിടുത്തെ അനുഗമിച്ചു. എല്ലാവരും, അതായത് ദൈവത്തിന്റെ വിശ്വസ്തജനം യേശുവിനോടൊത്ത് സഞ്ചരിച്ചിരുന്നു എന്ന് നമുക്ക് പറയാൻ കഴിയും.

ഈ കഥയെ സംബന്ധിച്ച രണ്ടു കാര്യങ്ങൾ ബഹിർഗമിച്ച് നമ്മിലേക്കുവന്ന് മതിപ്പുളവാക്കുന്നു. ഒരുവശത്ത് ഒരു യാചകന്റെ നിലവിളിയും മറുവശത്ത് ശിഷ്യന്മാരുടെ വ്യത്യസ്ത പ്രതികരണങ്ങളുമുണ്ട്. നാം കേൾക്കുകയോ കേൾക്കുന്നതിൽ പരാജയപ്പെടുകയോ ചെയ്യുന്ന നിലവിളികളോടുള്ള മെത്രാന്മാരുടെയും വൈദികരുടെയും കന്യാസ്ത്രീമാരുടെയും വൈദികവിദ്യാർത്ഥികളുടെയും വ്യത്യസ്ത പ്രതികരണങ്ങളെക്കുറിച്ചു നമുക്കു പരിഗണിക്കാം. ജനങ്ങളുടെ ജീവിതങ്ങളുടെമേൽ, യേശുവിന്റെ അനുയായികളുടെ ജീവിതങ്ങളുടെമേൽ ബർതിമേയൂസിന്റെ നിലവിളി ഉളവാക്കിയ പ്രഭാവം നമുക്കു കാണിച്ചുതരാൻ സുവിശേഷകൻ ആഗ്രഹിച്ചതായി തോന്നുന്നു. ആരും ഒട്ടും ശ്രദ്ധിക്കാത്ത, ഭിക്ഷയായി നൽകുന്നതിൽ കൂടുതലൊന്നും ലഭിക്കാത്ത, തന്റെ ദുരിതത്തിൽ നിമഗ്നനായ, യേശുവിനെ അനുഗമിക്കുന്ന സംഘത്തിന്റെ ഭാഗമല്ലാത്ത, വഴിയരികിലെ ആ മനുഷ്യന്റെ ക്ലേശങ്ങൾ നേരിൽ കണ്ടപ്പോൾ, അവർ എപ്രകാരം പ്രതികരിച്ചു?

അന്ധന്റെ നിലവിളിക്ക് മൂന്നു പ്രതികരണങ്ങൾ ഉണ്ടായി. ഇന്നും ഈ മൂന്നു പ്രതികരണങ്ങൾ പ്രസക്തമാണ്. സുവിശേഷത്തിൽ നിന്നെടുത്ത മൂന്നു പദപ്രയോഗങ്ങൾ കൊണ്ട് നമുക്ക് അവയെ വിവരിക്കാൻ കഴിയും: "കടന്നുപോകുന്നു," "നിശബ്ദനായിരിക്കുക," "ധൈര്യമായിരിക്കൂ; എഴുന്നേൽക്കുക."

1. "കടന്നുപോകുന്നു." കടന്നുപോയവരിൽ ചിലർ അവന്റെ ഉച്ചത്തിലുള്ള വിളി കേട്ടതുപോലുമില്ല. അവർ യേശുവിനോടുകൂടെയാ

യിരുന്നു. അവർ യേശുവിനെ നോക്കി. അവിടുത്തെ കേൾക്കാൻ അവർ ആഗ്രഹിച്ചു. പക്ഷേ, അവർ ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. കടന്നുപോകൽ ഉദാസീനമായ പ്രതികരണമാണ്, നമ്മെ ബാധിക്കാത്തതുകൊണ്ട് മറ്റുള്ളവരുടെ പ്രശ്നങ്ങൾ ഒഴിവാക്കലാണ്. അത് എന്റെ പ്രശ്നമല്ല. നാം അവ കേൾക്കുന്നില്ല, അവയെ അംഗീകരിക്കുന്നില്ല. ബധിരത. ഇവിടെ നമുക്ക് വേദനയെ സ്വാഭാവികമായ ഒന്നായി, അനീതിയെ തീർച്ചയായും സംഭവിക്കുന്ന ഒന്നായി കാണാനുള്ള പ്രലോഭനമുണ്ട്. അതേ, അങ്ങനെയുള്ള ആളുകൾ ഉണ്ട്: ശുശ്രൂഷക്കുവേണ്ടി ദൈവം തിരഞ്ഞെടുത്ത എന്റെ സമർപ്പിതജീവിതത്തോടുകൂടി ഞാൻ ഇവിടെ ദൈവത്തോടുകൂടെയാണ്. അതേ, രോഗികളും ദരിദ്രരും വേദനിക്കുന്നവരും ഉണ്ടെന്നുള്ളത് സാധാരണ കാര്യംമാത്രം. സഹായത്തിനുള്ള നിലവിളി ഞാൻ ശ്രദ്ധിക്കാതിരിക്കത്തക്കവിധം, പതിവായിത്തീരത്തക്കവണ്ണം അത് അത്ര സാധാരണമാണ്. നാം നമ്മോടുതന്നെ ഇങ്ങനെ പറയുന്നു: "എന്നെ ബാധിക്കാത്ത കാലത്തോളം, ഇത് അസാധാരണമായ ഒന്നല്ല. ഇത് എപ്പോഴും ഇങ്ങനെതന്നെയായിരുന്നു." അന്ധവും അടഞ്ഞതുമായ ഒരു ഹൃദയത്തിൽനിന്ന്, സ്പർശിക്കപ്പെടാനുള്ള കഴിവും മാനസാന്തരപ്പെടാനുള്ള സാധ്യതയും നഷ്ടപ്പെട്ട ഒരു ഹൃദയത്തിൽനിന്ന്, ജനിക്കുന്ന പ്രതികരണമാണ് അത്. ക്രിസ്തുവിന്റെ അനുയായികളായ നമ്മളിൽ എത്രയോപേർ കർത്താവിനോടുകൂടെ ആയിരിക്കുമ്പോൾപോലും വിസ്മയിപ്പിക്കപ്പെടാനുള്ള നമ്മുടെ കഴിവ് നഷ്ടപ്പെടുക എന്ന അപകടസാദ്ധ്യതയിൽ സഞ്ചരിക്കുന്നവരാണ്? ആദ്യ നേർക്കാഴ്ചയിൽ നമുക്കുണ്ടായിരുന്ന അതിശയം കുറഞ്ഞു വരുന്നതായി തോന്നുന്നു. ഇത് ആർക്കും സംഭവിക്കാം. ആദ്യത്തെ മാർപാപ്പയ്ക്കുതന്നെ വാസ്തവത്തിൽ ഇതു സംഭവിച്ചു: "കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്" എന്നുറപ്പിച്ചു പറഞ്ഞ അവർ പിന്നീട് അവിടുത്തെ വഞ്ചിക്കുന്നു, അവിടുത്തെ നിഷേധിക്കുന്നു, വിസ്മയം മാഞ്ഞുപോകുന്നു. കാര്യങ്ങൾ നമുക്ക് പരിചിതമാകുമ്പോൾ ഇതു സംഭവിക്കുന്നു. ഹൃദയം അന്ധമാകുന്നു. സ്പർശിക്കപ്പെടാൻ അതിനെത്തന്നെ അനുവദിക്കാതെ കടന്നു പോകുന്നത് ശീലമാക്കിയ ഒരു ഹൃദയമാണത്. നമുക്കു ചുറ്റുമുള്ള ആളുകളുടെ ജീവിതങ്ങളിൽ ഒരിക്കലും വേരുകൾ ഇറക്കാതെ ഒരു കാര്യത്തിൽനിന്ന് അടുത്തതിലേക്ക് കടന്നുപോകുന്ന ഒരു ജീവിതമാണത്. എന്തെന്നാൽ, കർത്താവിനെ അനുഗമിക്കുന്ന വരേണ്യരുടെ ഭാഗമാണത്.

ഇതിനെ നമുക്ക് "സത്വരനീക്കത്തിന്റെ ആത്മീയത" എന്നു വിളിക്കാം. അത് എപ്പോഴും നീങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നാൽ അതിനുവേണ്ടി പ്രകടമാക്കാൻ അതിന് ഒന്നുമില്ല. ഏറ്റവും പുതിയ വാർത്തകളെക്കുറിച്ച്, അടുത്തകാലത്ത് ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന പുസ്തകങ്ങളെക്കുറിച്ച് വിവരമുള്ള ആളുകൾ ഉണ്ട്. പക്ഷേ, മറ്റുള്ളവരുമായി ബന്ധപ്പെടാൻ, ഒരു ബന്ധം തുടങ്ങാൻ, അവർ അനുഗമിക്കുന്ന കർത്താവിനോടുപോലും സമ്പർക്കത്തിലാകാൻ അവർക്ക് ഒരിക്കലും കഴിയുന്നില്ല. എന്തെന്നാൽ, അവരുടെ ബധിരത വഷളായിക്കൊണ്ടിരിക്കുന്നു.

നിങ്ങൾ എന്നോട് ഇപ്രകാരം പറഞ്ഞേക്കാം: "എന്നാൽ സുവിശേഷത്തിലെ ആളുകൾ ദിവ്യഗുരുവിനെ അനുഗമിക്കുകയായിരുന്നു. അവിടുന്നിൽ അവർ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുകയായിരുന്നു" എന്ന് ക്രൈസ്തവ ആത്മീയതയെ സംബന്ധിച്ച് ഏറ്റവുമധികം വെല്ലുവിളി ഉയർത്തുന്ന കാര്യങ്ങളിൽ ഒന്നാണിതെന്നു ഞാൻ വിചാരിക്കുന്നു. യോഹന്നാൻ സുവിശേഷകൻ നമ്മോടു പറയുന്നു: "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ. 4:20). തങ്ങൾ ദിവ്യഗുരുവിനെ ശ്രവിക്കുകയായിരുന്നുവെന്ന് അവർ വിശ്വസിച്ചു. എന്നാൽ അവർ അവരുടേതായ വ്യാഖ്യാനവും നൽകി. അവരുടെ അന്ധമായ ഹൃദയങ്ങൾ ദിവ്യഗുരുവിന്റെ വചനങ്ങളെ പാറ്റിയെടുക്കുന്നു. യേശുവിനെ അനുഗമിക്കുന്ന പാതയിൽ നാം നേരിടുന്ന വലിയ പ്രലോഭനങ്ങളിൽ ഒന്ന്, ദൈവത്തെ ശ്രവിക്കുകയും നമ്മുടെ സഹോദരീ സഹോദരന്മാരെ ശ്രവിക്കുകയും ചെയ്യുക എന്ന രണ്ടു കാര്യങ്ങൾ വിഭജിക്കുകയാണ്. അവ ഒന്നു ചേർന്നുപോകുന്നവയാണ്. ഇതിനെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടതുണ്ട്. പിതാവായ ദൈവത്തെ നാം ശ്രവിക്കുന്ന മാർഗം അവിടുത്തെ വിശ്വസ്തജനത്തെ നാം എപ്രകാരം ശ്രവിക്കണമെന്നുള്ളതാണ്. ഒരേരീതിയിൽ ഒരേ ഹൃദയത്തോടുകൂടി നാം ശ്രവിക്കുന്നില്ലെങ്കിൽ, എന്തോ തെറ്റുപറ്റിയിരിക്കുന്നു.

നമ്മുടെ ജനങ്ങളുടെ വേദന കേൾക്കാതെ, അവരുടെ ജീവിതങ്ങളിലും അവരുടെ ലോകത്തിലും വേരുകൾ ഇറക്കാതെ കടന്നുപോകുന്നത് നമ്മുടെ ഹൃദയങ്ങളിൽ വേരുപിടിക്കാനും ഫലംപുറപ്പെടുവിക്കാനും ദൈവവചനത്തെ അനുവദിക്കാതെ അതു ശ്രവിക്കുന്നതുപോലെയാണ്. വേരുകളില്ലാതെ ഒരു ജീവിതം അങ്ങനെയുള്ള ഒരു വൃക്ഷം പോലെ വാടുകയും നശിക്കുകയും ചെയ്യുന്നു.

2. രണ്ടാമത്തെ പദപ്രയോഗം "നിശ്ശബ്ദനായിരിക്കുക" എന്നാണ്. ഇത് ബർത്തമേയൂസിന്റെ നിലവിളിയോടുള്ള രണ്ടാമത്തെ പ്രതികരണമാണ്: "മിണ്ടാതിരിക്കൂ. ഞങ്ങളെ ശല്യംചെയ്യരുത്. ഞങ്ങളെ തനിയെവിടുക. ഒരു സമൂഹമായി ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ ആത്മീയതയുടെ ഉന്നതമായ അവസ്ഥയിലാണ്. ഞങ്ങളെ ശല്യപ്പെടുത്തരുത്." ആദ്യത്തെ പ്രതികരണത്തിൽനിന്നു വ്യത്യസ്തമായി, ഇത് കേൾക്കുകയും അംഗീകരിക്കുകയും മറ്റൊരു വ്യക്തിയുമായി ബന്ധപ്പെടുകയും ചെയ്യുന്നു. അവനോ അവളോ അവിടെ ഉണ്ടെന്ന് അത് അംഗീകരിക്കുന്നു. എന്നാൽ പ്രതികരിക്കുന്നത് ശകാരിച്ചുകൊണ്ടാണ്. തങ്ങളുടെ വിരൽ ഭീഷണിപ്പെടുത്തുന്ന രീതിയിൽ ചൂണ്ടുന്ന മെത്രാന്മാരും വൈദികരും കന്യാസ്ത്രീമാരും മാർപാപ്പമാരുമാണിത്. ഈ രീതിയിൽ അവരുടെ വിരലുകൾ ചൂണ്ടുന്ന അധ്യാപകരെക്കുറിച്ച് അർജന്റീനയിൽ ഞങ്ങൾ ഇങ്ങനെ പറയും: "പ്രത്യേക കർശനരീതികൾ ഉപയോഗിച്ചിരുന്ന യിറിഗോയന്റെ കാലംമുതലുള്ള അദ്ധ്യാപകനെപ്പോലെയാണിത്." ക്രിസ്തുവിന്റെ ഒരനുയായിയുടെ ചീത്ത പ്രകൃതമോ വ്യക്തിപരായ അവസ്ഥയോ കാരണം ദരിദ്രദൈവജനം എത്ര കൂടെക്കൂടെ പരീക്ഷിക്കപ്പെടുന്നു. ദൈവജനത്തിന്റെ ചില നേതാക്കന്മാരുടെ മനോഭാവമാണത്. അവർ അന്യരെ തുടരെ ശാസിക്കുകയും അവരുടെനേരെ ശകാരവാക്കുകൾ ചൊരിയുകയും നിശ്ശബ്ദരായിരിക്കാൻ അവരോടു പറയുകയും ചെയ്യുന്നു. ദയവായി അവരെ ആശ്ലേഷിക്കുക, അവരെ ശ്രവിക്കുക, യേശു അവരെ സ്നേഹിക്കുന്നുവെന്ന് അവരോടു പറയുക. "പാടില്ല, അങ്ങനെ ചെയ്യാൻ പാടില്ല." "ഞാൻ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ, നിങ്ങളുടെ കരയുന്ന കുട്ടിയെ ദൈവാലയത്തിനു വെളിയിലേക്കു കൊണ്ടുപോകൂ." ഒരു കുട്ടിയുടെ കരച്ചിൽ ശ്രേഷ്ഠമായ ഒരു വചനപ്രസംഗം അല്ല എന്നതുപോലെയാണിത്.

ഒറ്റപ്പെട്ട അവബോധത്തിന്റെ, യേശുവിന്റെ ജീവിതം അതർഹിക്കുന്നവർക്കുവേണ്ടി മാത്രമുള്ളതാണെന്നു വിചാരിക്കുന്ന ശിഷ്യന്മാരുടെ വികാരപ്രകടനമാണിത്. ദൈവത്തിന്റെ വിശ്വസ്തജനത്തോടുള്ള ഒരു അവജ്ഞ ഇതിൽ അന്തർലീനമായിരിക്കുന്നു: "സകലതിലും ഇടപെടുന്ന ഈ അന്ധൻ അവൻ ആയിരിക്കുന്നയിടത്തുതന്നെ കഴിയട്ടെ." "യോഗ്യന്മാർക്ക്" മാത്രമാണ്, "മികച്ചവർക്കു" മാത്രമാണ് ഇടമുള്ളതെന്ന് അവർ വിചാരിക്കുന്നതുപോലെ തോന്നുന്നു. ക്രമേണ അവർ

തങ്ങളെത്തന്നെ വേർപെടുത്തുകയും അന്യരിൽനിന്ന് വ്യതിരിക്തത ഉള്ളവരായിത്തീരുകയും ചെയ്യുന്നു. തങ്ങളുടെ തനിമയെ അവർ ശ്രേഷ്ഠ തയുടെ ഒരടയാളമാക്കിയിരിക്കുന്നു. അതിനെത്തന്നെ ശ്രേഷ്ഠമാക്കുന്ന ആ തനിമ അജപാലകനു ചേർന്നതല്ല, പ്രത്യുത ഒരു മേൽനോട്ട പണി ക്കാരനു ചേർന്നതാണ്: "ഞാൻ ഇവിടെ വിജയിച്ചിരിക്കുന്നു. ഇനി നിങ്ങൾ വരിയിൽ കാത്തുനിൽക്കുക" എന്ന മനോഭാവം അങ്ങനെയുള്ള വ്യക്തികൾ ശ്രവിക്കുന്നില്ല. അവർ നോക്കുന്നുവെങ്കിലും കാണുന്നില്ല. ഞാൻ നിങ്ങളോട് ഒരു സംഭവകഥ, നിങ്ങളുടെ അതിരൂപതയിൽവച്ച് 1975–നോടടുത്ത് എനിക്കുണ്ടായ ഒരനുഭവം പറയട്ടെ. വർഷംതോറും 40 സന്യാസാർത്ഥികളെക്കൊണ്ട് അവിടുന്ന് ഞങ്ങളെ അനുഗ്രഹിക്കു ന്നപക്ഷം, എല്ലാക്കൊല്ലവും സാൾട്ടായിലേക്ക് തീർത്ഥയാത്ര നടത്താ മെന്ന് അത്ഭുതം പ്രവർത്തിക്കുന്ന നമ്മുടെ കർത്താവിനോട് *(Nuestro Senor de los Milagros)* ഞാൻ നേർന്നിട്ടുണ്ടായിരുന്നു. അവിടുന്ന് 41 പേരെ അയച്ചു. ഒരു സമൂഹ ദിവ്യബലിക്കുശേഷം – പ്രധാന പുണ്യ സങ്കേതങ്ങളിലെല്ലാം അനേകം ദിവ്യബലികളും കുമ്പസാരങ്ങളും തുടരെയുണ്ടായിരുന്നു – എന്നോടുകൂടി ഉണ്ടായിരുന്നതും എന്നോ ടൊത്ത് വന്നിരുന്നതുമായ മറ്റൊരു വൈദികനോടുകൂടി ഞാൻ നടക്കു കയായിരുന്നു. അപ്പോൾ കൈയിൽ ഒരു വിശുദ്ധന്റെ രൂപവുമായി ഒരു സ്ത്രീ നല്ല വേഗത്തിൽ ഞങ്ങളുടെ അടുത്തുവന്നു. ഒരു പക്ഷേ സാൾട്ടായിൽനിന്നു തന്നെയുള്ള ഒരു സാധാരണ സ്ത്രീയായിരുന്നു അവർ. അല്ലെങ്കിൽ, അത്ഭുതങ്ങളുടെ കർത്താവിന്റെ തിരുനാളിന് തലസ്ഥാനത്ത് എത്താൻവേണ്ടി ആളുകൾ ഏതാനും ദിവസങ്ങൾ എടുക്കുമ്പോൾ പലപ്പോഴും സംഭവിക്കാറുള്ളതുപോലെ, അവർ മറ്റൊരു സ്ഥലത്തുനിന്ന് വന്നതായിരിക്കാം. അവർ എന്നോടൊത്തുണ്ടായിരുന്ന വൈദികനോട് "അച്ചാ, ദയവായി ഈ രൂപം ആശീർവദിക്കേണമേ" എന്നു പറഞ്ഞു. അദ്ദേഹം മറുപടി പറഞ്ഞു: "നിങ്ങൾ ദിവ്യബലിക്കു ണ്ടായിരുന്നല്ലോ." "അതെ, അച്ചാ." "കൊള്ളാം, അപ്പോൾ അവിടെ യുള്ള ദൈവാനുഗ്രഹം, ദൈവസാന്നിദ്ധ്യം സകലതിനെയും ആശീർവ ദിക്കുന്നു." "അതെ, അച്ചാ, അതെ അച്ചാ" എന്നു മറുപടി വന്നു. ആ സമയത്ത് അപ്പോൾ സംസാരിച്ച വൈദികന്റെ സ്നേഹിതനായ ഒരു വൈദികൻ അവിടെ വന്നു. പക്ഷേ അവർ നേരത്തേ പരസ്പരം കണ്ടി ട്ടുണ്ടായിരുന്നില്ല. അതുകൊണ്ട്, "ഓ, അങ്ങ് ഇവിടെയുണ്ട്" എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം അവിടെ നിന്നുപോയി. ആ സ്ത്രീ –

എനിക്ക് അവരുടെ പേര് അറിയാൻ പാടില്ലാത്തതുകൊണ്ട്, നമുക്ക് അവരെ "അതെ അച്ചാ സ്ത്രീ" എന്നു വിളിക്കാം - എന്നെ നോക്കി പറഞ്ഞു: "അച്ചാ, ദയവായി അത് ആശീർവദിക്കണമേ." തങ്ങൾക്കും ദൈവജനത്തിനുമിടയിൽ എപ്പോഴും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നവർ അവരെ തള്ളിമാറ്റുന്നു. അവർ കേൾക്കുന്നുണ്ടെങ്കിലും ശ്രദ്ധിക്കുന്നില്ല. അവർ പ്രസംഗിക്കുന്നുവെങ്കിലും, നോക്കുന്നുണ്ടെങ്കിലും കാണുന്നില്ല. തങ്ങൾ വ്യത്യസ്തരാണെന്നു കാണിക്കേണ്ട ആവശ്യം അവരുടെ ഹൃദയത്തെ അടച്ചിരിക്കുന്നു. ബോധപൂർവമോ ഉപബോധമനസ്സിലോ "ഞാൻ ആ വ്യക്തിയെപ്പോലെയല്ല, ആ ആളുകളെപ്പോലെയല്ല" എന്ന് സ്വയം പറയാനുള്ള അവരുടെ ആവശ്യം അവരുടെ ജനങ്ങളുടെ നിലവിളിയിൽനിന്ന്, അവരുടെ കണ്ണുനീരിൽനിന്ന് മാത്രമല്ല ഏറ്റവും പ്രധാനമായി ആനന്ദിക്കാനുള്ള കാരണങ്ങളിൽനിന്നും അവരെത്തന്നെ വിച്ഛേദിക്കുന്നു. ചിരിക്കുന്നവരോടുകൂടി ചിരിക്കുന്നതും കരയുന്നവരോടുകൂടി കരയുന്നതും ഒരു വൈദികഹൃദയത്തിന്റെയും ഒരു സമർപ്പിതവ്യക്തിയുടെ ഹൃദയത്തിന്റെയും രഹസ്യത്തിന്റെ ഭാഗമാണ്. ചിലപ്പോൾ ശ്രവിക്കാത്തതും കാണാത്തതും കൊണ്ട് സൃഷ്ടിക്കപെടുന്ന വരേണ്യവിഭാഗങ്ങളുണ്ട്. നാം നമ്മെത്തന്നെ അകറ്റിനിർത്തുന്നു. അനുസ്മരിക്കാനും അവർ എവിടെനിന്നുവന്നു എന്ന ഓർമ്മകൾ ഒരിക്കലും വിസ്മരിക്കാതിരിക്കാനുള്ള കൃപയ്ക്കുവേണ്ടി ദയവായി പ്രാർത്ഥിക്കാൻ ഇക്വദോറിൽവച്ച് അവിടെ സന്നിഹിതരായിരുന്ന വൈദികരോടും കന്യാസ്ത്രീമാരോടും ഞാൻ പറയുകയുണ്ടായി. തൊഴുത്തിന്റെ പിറകിൽനിന്നാണ് അവർ വിളിക്കപ്പെട്ടത്. നിങ്ങളുടെ വേരുകളെ ഒരിക്കലും മറക്കുകയും നിഷേധിക്കുകയും ചെയ്യരുത്. നിങ്ങൾക്ക് ഇപ്പോൾ കൂടുതൽ പരിഷ്കൃതവും പ്രധാനവുമായ ഒരു സംസ്കാരം ഉണ്ട് എന്നതു കാരണം നിങ്ങളുടെ ജനങ്ങളിൽ നിന്ന് നിങ്ങൾ അഭ്യസിച്ച സംസ്കാരത്തെ തള്ളിക്കളയരുത്. പ്രാദേശികഭാഷയിൽ സംസാരിക്കാൻ വല്ലായ്മ തോന്നുന്ന വൈദികരുണ്ട്. അതുകൊണ്ട് അവർ അവരുടെ ക്വിച്ചുവായും ഐമെറയും, ഗ്വറനിയും (അമേരിക്കൻ ഇന്ത്യക്കാരുടെ നാട്ടുഭാഷകളാണിവ) മറക്കുന്നു; "ഇല്ല, ഇല്ല, ഞാൻ ഇപ്പോൾ നന്നായി സംസാരിക്കുന്നു" എന്നു പറയുന്നു. വിശ്വാസികളായ ജനത്തിന്റെ സ്മരണ നഷ്ടപെടാതിരിക്കുന്നത് ഒരു കൃപയാണ്. അത് ഒരു കൃപയാണ്. നിയമാവർത്തന പുസ്തകത്തിൽ എത്ര പ്രാവശ്യമാണ് ദൈവം തന്റെ ജനത്തോട് "മറക്കരുത്, മറക്കരുത്" എന്ന് അരുളിച്ചെയ്യുന്നത്. താൻ അഭിഷേകം

ചെയ്ത തന്റെ പ്രിയപ്പെട്ട ശിഷ്യൻ തിമോത്തേയോസിനോട് "നിന്റെ അമ്മയെയും വല്യമ്മയെയും ഓർക്കുക" എന്നു പൗലോസ് പറയുന്നു.

3. "ധൈര്യമായിരിക്കൂ; എഴുന്നേൽക്കുക" എന്നതാണ് മൂന്നാമത്തെ പദപ്രയോഗം. ഇത് മൂന്നാമത്തെ പ്രതികരണമാണ്. ബർതിമേയൂസിന്റെ നിലവിളിയോട് നേരിട്ടുള്ള ഒരു പ്രതികരണം എന്നതിനേക്കാൾ ഇത് അന്ധയാചകന്റെ അപേക്ഷക്ക് യേശു എപ്രകാരം പ്രത്യുത്തരം നൽകി എന്നതുകണ്ട ആളുകളുടെ ഒരു പ്രതികരണമാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, യാചകന് ഒരു പ്രാധാന്യവും കൊടുക്കാത്തവർ, അവനെ കടന്നുവരാൻ അനുവദിക്കാതിരുന്നവർ അഥവാ നിശബ്ദനായിരിക്കുവാൻ അവനോടു പറഞ്ഞവർ.... യേശുവിന്റെ പ്രതികരണം കാണുമ്പോൾ അവരുടെ മനോഭാവത്തിൽ മാറ്റംവരുത്തുന്നു: "എഴുന്നേൽക്കുക; യേശു നിന്നെ വിളിക്കുന്നു." ധൈര്യമായിരിക്കാനും എഴുന്നേൽക്കാനും അവനോടു പറഞ്ഞവർക്ക്, യാചകന്റെ നിലവിളി, ഒറ്റവാക്കിൽ ഒരു ക്ഷണം, ദൈവത്തിന്റെ വിശുദ്ധവും വിശ്വസ്തമായ ജനത്തോടു പ്രതികരിക്കാനുള്ള നൂതനവും മാറിയതുമായ ഒരു മാർഗം നൽകുകയായിരുന്നു.

വെറുതെ കടന്നുപോകുന്നവരിൽനിന്നു വ്യത്യസ്തമായി, യേശു നിൽക്കുകയും എന്താണു സംഭവിക്കുന്നതെന്ന് ചോദിക്കുകയും ചെയ്തതായി സുവിശേഷം പറയുന്നു. "ഇവിടെ എന്തു സംഭവിക്കുന്നു?" "ആരാണു ശബ്ദമുണ്ടാക്കുന്നത്?" ഒരാൾ അവിടുത്തെ പക്കലേക്കു നിലവിളിച്ചപ്പോൾ അവിടുന്ന് നിന്നു. പേരില്ലാത്ത ജനാവലിയിൽനിന്ന് അവിടുന്ന് അവനെ വേർപെടുത്തിയെടുക്കുകയും അവന്റെ ജീവിതത്തിൽ ഇടപെടുകയും ചെയ്തു. നിശ്ശബ്ദനായിരിക്കാൻ ആജ്ഞാപിക്കുന്നതിനുപകരം അവിടുന്ന് അവനോടു ചോദിച്ചു: "ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?" താൻ വ്യത്യസ്തനായ ഒരാളാണെന്ന്, തനിക്ക് എന്തോ പ്രത്യേകതയുണ്ടെന്ന് യേശുവിന് കാണിക്കേണ്ടിയിരുന്നില്ല. അവിടുന്ന് ആ യാചകന് ഒരു ഉപദേശവും നൽകിയില്ല. ബർതിമേയൂസിനോട് സംസാരിക്കുന്നതിനുമുമ്പ് അവൻ അതിനു യോഗ്യനാണോ അല്ലയോ എന്ന് അവിടുന്ന് തീരുമാനിച്ചില്ല. അവിടുന്ന് അവനോട് കേവലം ഒരു ചോദ്യം ചോദിക്കുകയും അവനെ നോക്കുകയും അവന്റെ ജീവിതത്തിലേക്കു കടന്നുവരാനും അവന്റെ ഭാഗധേയത്തിൽ പങ്കുചേരാനും ശ്രമിക്കുകയും ചെയ്തു. ഇങ്ങനെ ചെയ്യുകവഴി അവിടുന്ന് ആ മനുഷ്യന്റെ, പാതയോരത്തിരുന്ന

അന്ധന്റെ നഷ്ടപ്പെട്ട മഹത്ത്വം ക്രമേണ പുനഃസ്ഥാപിച്ചു. യേശു അവനെ സമൂഹത്തിൽ ഉൾപ്പെടുത്തി. ആ മനുഷ്യനെ അവജ്ഞയോടുകൂടി നോക്കുന്നതിനുപകരം, അവന്റെ പ്രശ്നങ്ങളുമായി താദാത്മ്യപ്പെടാനും അങ്ങനെ കാരുണ്യത്തിന്റെ പരിവർത്തനാത്മകശക്തി പ്രകടമാക്കാനും വേണ്ടി യേശുവിന്റെ മനസ്സ് ചലിച്ചു. നിൽക്കാത്തപക്ഷം അനുകമ്പ – ഞാൻ ഉദ്ദേശിക്കുന്നത് അനുകമ്പയാണ്, ദയയല്ല – ഉണ്ടാകാൻ കഴിയുകയില്ല. നിങ്ങൾ നിൽക്കുന്നില്ലെങ്കിൽ, നിങ്ങൾ അവനോടൊത്ത് വേദനിക്കുന്നില്ല; നിങ്ങൾക്ക് ദൈവികമായ അനുകമ്പ ഇല്ല. ശ്രവിക്കാത്തതും അപരനോട് ഐക്യദാർഢ്യം കാണിക്കാത്തതുമായ "അനുകമ്പ" എന്നൊന്ന് ഇല്ല. അനുകമ്പ സത്വരമായ നീക്കത്തോടു ബന്ധപ്പെട്ടതല്ല; വേദനയെ നിശബ്ദമാക്കുന്നതിനോടു ബന്ധപെട്ടതല്ല; അത് സ്നേഹത്തിന്റെ യുക്തിയോട്, ചേർന്നു സഹിക്കുന്നതിനോട് ബന്ധപ്പെട്ടിരിക്കുന്നു. ഭയത്തിലല്ല, പ്രത്യുത സ്നേഹജന്യമായ സ്വാതന്ത്ര്യത്തിലും മറ്റെന്തിനേക്കാളും കൂടുതലായി അന്യരുടെ നന്മയ്ക്ക് പരിഗണന നൽകാനുള്ള അഭിലാഷത്തിലും അധിഷ്ഠിതമായ ഒരു യുക്തിയാണത്. ഒരു ചിന്താസരണിയും വികാരവുമാണ്. നമ്മുടെ ജനങ്ങളുടെ വേദനയുടെ അടുത്തെത്താനുള്ള ഭയമില്ലായ്മയിൽനിന്ന് ആ യുക്തി ജനിക്കുന്നു. പലപ്പോഴും ഇതിന്റെ അർത്ഥം അവരോടൊത്ത് നിൽക്കുകയും അവരോടുകൂടി പ്രാർത്ഥിക്കുകയും ചെയ്യുക എന്നതിൽ കൂടുതൽ ഒന്നുമല്ലാത്തപ്പോൾപോലും ഇതങ്ങനെയാണ്.

ഇതാണ് ശിഷ്യത്വത്തിന്റെ യുക്തി. നമ്മോടുകൂടിയും നമ്മിലും പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത് അതാണ്. നാം ഇതിന്റെ സാക്ഷികളാകുന്നു. നമ്മുടെ വേദനയിലും ദുരിതത്തിലും നമ്മുടെ ഉദാസീനതയിലും മുഴുകി കഴിഞ്ഞിരുന്ന നമ്മെ വഴിയരികിൽവച്ച് ഒരുദിവസം യേശു കണ്ടു. ഓരോരുത്തർക്കും അവന്റെ അല്ലെങ്കിൽ അവളുടെ ഭൂതകാലം അറിയാം. നമ്മുടെ നിലവിളികൾക്കുനേരെ അവിടുന്ന് ചെവിയടച്ചില്ല. അവിടുന്ന് നിൽക്കുകയും നമ്മുടെ അടുത്തുവന്ന് നമുക്കുവേണ്ടി താൻ എന്തു ചെയ്യണമെന്ന് ചോദിക്കുകയും ചെയ്തു. "ധൈര്യമായിരിക്കൂ; എഴുന്നേൽക്കുക" എന്നു നമ്മോടു പറഞ്ഞ അനേകം സാക്ഷികൾ കാരണം, വെളിച്ചം കാണാൻ നമ്മെ പ്രാപ്തരാക്കിയ ഈ കരുണാപൂർണ്ണമായ സ്നേഹം, പരിവർത്തനാത്മകമായ ഈ സ്നേഹം നാം ക്രമേണ അനുഭവിച്ചു. നാം ഒരു പ്രത്യയശാസ്ത്രത്തിന്റെ, ഒരു ചേരുവയുടെ, ഒരു പ്രത്യേക ദൈവശാസ്ത്രത്തിന്റെ സാക്ഷികളല്ല. നാം

അതിന്റെ സാക്ഷികളല്ല. യേശുവിന്റെ സൗഖ്യദായകവും കാരുണ്യ പൂർണ്ണവുമായ സ്നേഹത്തിന്റെ സാക്ഷികളാണു നാം. നമ്മുടെ സമൂഹങ്ങളുടെ ജീവിതങ്ങളിലുള്ള അവിടുത്തെ പ്രവർത്തനത്തിന്റെ സാക്ഷികളാണു നാം.

ഇതാണ് ദിവ്യഗുരുവിന്റെ ബോധനവിദ്യ. തന്റെ ജനത്തോടു ബന്ധപ്പെട്ട് ദൈവം ഉപയോഗിക്കുന്ന ബോധനവിദ്യയാണിത്. വ്യതിചലിപ്പിക്കുന്ന സത്വരനീക്കം കടന്ന് അന്യരോട് ഇപ്രകാരം പറയാൻ നമുക്കു സാധിക്കുന്ന ഘട്ടത്തിലേക്ക് അതു നമ്മെ നയിക്കുന്നു: "ധൈര്യമായിരിക്കൂ; എഴുന്നേൽക്കുക; യേശു നിന്നെ വിളിക്കുന്നു" (മർക്കോ. 10:49). ഇത് നമുക്ക് പ്രത്യേകതയുള്ളവരാകാൻ കഴിയുന്നതുകൊണ്ടല്ല, നമുക്ക് മറ്റുള്ളവരേക്കാൾ നല്ലവരാകാൻ സാധിക്കുന്നതുകൊണ്ടല്ല, നമുക്ക് ദൈവത്തിന്റെ നടത്തിപ്പുകാരാകാൻ കഴിയുന്നതുകൊണ്ടല്ല, പ്രത്യുത നാം നമ്മിൽ മാറ്റംവരുത്തിയ കാരുണ്യത്തിന്റെ കൃതജ്ഞതാനിർഭരമായ സാക്ഷികളായതുകൊണ്ടുമാത്രമാണ്. നാം ഇപ്രകാരം ജീവിക്കുമ്പോൾ ആനന്ദവും ആഹ്ലാദവും ഉണ്ടാകുന്നു. "ഗാനമാലപിച്ചുകൊണ്ട് നടക്കു"വാനുള്ള വിശുദ്ധ ആഗസ്തീനോസിന്റെ ഉപദേശം സ്വന്തമാക്കിയ സന്യാസിനി സഹോദരിയുടെ സാക്ഷ്യവുമായി താദാത്മ്യം പ്രാപിക്കാൻ നമുക്കു സാധിക്കുന്നു. നമ്മിൽ പരിവർത്തനം ഉളവാക്കുന്ന കാരുണ്യത്തിന് സാക്ഷ്യം നൽകുന്നതിൽനിന്നു പുറപ്പെടുന്ന ആനന്ദമാണിത്.

ഈ യാത്രയിൽ നാം ഒറ്റയ്ക്കല്ല. നമ്മുടെ മാതൃകയും നമ്മുടെ പ്രാർത്ഥനകളും വഴി നാം പരസ്പരം സഹായിക്കുന്നു. നമുക്കുചുറ്റും സാക്ഷികളുടെ ഒരു വലിയ സമൂഹമുണ്ട് (cf. ഹെബ്രാ. 12:). വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള അവളുടെ പരിചരണം, വിശക്കുന്നവർക്കുവേണ്ടിയുള്ള അവളുടെ "ദരിദ്രരുടെ കെറ്റിൽ," അനാഥകുട്ടികൾക്കുവേണ്ടിയുള്ള അവളുടെ ഭവനങ്ങൾ, മുറിവേറ്റ സൈനികർക്കുവേണ്ടിയുള്ള അവളുടെ ആശുപത്രികൾ, വനിതാക്ഷേമം പ്രോത്സാഹിപ്പിക്കാൻവേണ്ടി അവൾ സ്ഥാപിച്ച സ്ത്രീകളുടെ ഒരു തൊഴിലാളിസംഘടന തുടങ്ങിയവയിലൂടെ ദൈവരാജ്യപ്രഘോഷണത്തിനുവേണ്ടി തന്റെ ജീവിതം സമർപ്പിച്ച വാഴ്ത്തപ്പെട്ട നസാറിയാ ഇഗ്നേസിയാ ദെ സാന്താ തെരേസാ ദെ ജീസസിനെക്കുറിച്ച് നമുക്കു ചിന്തിക്കാം. സുവിശേഷവത്കരണത്തിനും ദരിദ്രരുടെയും രോഗികളുടെയും പരിചരണത്തിനുംവേണ്ടി പൂർണ്ണമായി സമർപ്പിക്കപ്പെട്ട് ധന്യയായ വെർജീനിയ ബ്ലാങ്കോ

താർദിയോയെക്കുറിച്ചും നമുക്കു ചിന്തിക്കാം. ഈ സ്ത്രീകളും ജനക്കൂട്ടത്തിൽനിന്നുള്ള, യേശുവിനെ അനുഗമിക്കുന്ന നമ്മളെപ്പോലെയുള്ളവരിൽനിന്നുള്ള അജ്ഞാതരായ മറ്റനേകം വ്യക്തികളും നമ്മുടെ യാത്രയിൽ ഒരു പ്രോത്സാഹനമാണ്. സാക്ഷികളുടെ ആ സമൂഹം! എല്ലാവരുടെയും സഹായത്തോടും സഹകരണത്തോടും കൂടി നമുക്കു മുന്നേറാം. എന്തെന്നാൽ, നമ്മുടെ ലോകത്തിന്റെ എല്ലാ മൂലയിലും തന്റെ പ്രകാശം എത്തിക്കുന്നതിന് നമ്മെ ഉപയോഗിക്കാൻ കർത്താവ് ആഗ്രഹിക്കുന്നു. ഗാനമാലപിച്ചുകൊണ്ട് മുന്നോട്ടുപോകുക. അങ്ങനെ ചെയ്യുമ്പോൾ ദയവായി എനിക്കുവേണ്ടി പ്രാർത്ഥിക്കുക. എനിക്ക് അതിന്റെ ആവശ്യമുണ്ട്. നിങ്ങൾക്കു നന്ദി.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 8, ലക്കം 21, ജൂലൈ 2015*

# ശ്രേഷ്ഠ സന്താനലബ്ധിക്ക്

**അഡ്വ. ചാർളി പോൾ MA.LL.B., DSS**

1940 വരെ ഗർഭകാലം കുട്ടിയുടെ ശാരീരിക വളർച്ചയെ മാത്രമേ ബാധിക്കുകയുള്ളൂ എന്നാണ് ചിന്തിച്ചിരുന്നത്. എന്നാൽ പിന്നീടു നടന്ന പഠനങ്ങളിൽ അമ്മയുടെ മനോഭാവങ്ങളും വൈകാരിക അവസ്ഥകളും ഗർഭസ്ഥ ശിശുവിനെ സ്വാധീനിക്കുമെന്ന് കണ്ടെത്തി. തുടർ പഠനങ്ങളിൽ മാതാപിതാക്കളും അടുത്തബന്ധുക്കളും മിത്രങ്ങളും കുട്ടിയുടെ മനോഭാവങ്ങളെ സ്വാധീനിക്കും എന്നും കണ്ടെത്തിയിട്ടുണ്ട്.

ഗർഭകാലഘട്ടം ശിശുവിന്റെ സ്വഭാവ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം അറിയാത്തവരാണ് നമ്മിൽ ഭൂരിഭാഗവും. ഗർഭകാല സാഹചര്യങ്ങളും അടുത്തിടപഴകുന്ന വ്യക്തികളുടെയും മാതാപിതാക്കളുടെയും മനോഭാവങ്ങളും പെരുമാറ്റങ്ങളും കുട്ടിയുടെ മനോഭാവത്തിലും സ്വഭാവ രൂപീകരണത്തിലും ശക്തമായ സ്വാധീനമാണ് ചെലുത്തുന്നതെന്ന് പഠനങ്ങൾ തെളിയിക്കുന്നു. അമ്മയുടെ ശരീരത്തിലെ അനുകൂല സാഹചര്യങ്ങൾ കുഞ്ഞിന്റെ ആകമാന വളർച്ചയെ സഹായിക്കുന്നു. പ്രതികൂല സാഹചര്യങ്ങൾ വളർച്ചയെ മുരടിപ്പിക്കുന്നു. ഇത് പിന്നീടുള്ള വളർച്ചയേയും ബാധിക്കും.

മൈക്രോസ്കോപ്പിലൂടെ കാണാവുന്ന ഒരു കോശം പൂർണ്ണ വളർച്ചയെത്തി കുട്ടിയായി വളരുന്നത് ഗർഭകാലഘട്ടത്തിലാണ്. ഏറ്റവും അപകടസാധ്യതയുള്ള കാലഘട്ടമാണിത്. മനുഷ്യബീജം ശുക്ലാണുവോ അണ്ഡമോ, അത്യന്തം സൂക്ഷ്മമാണെങ്കിൽ കൂടി അവയിൽ ശരീരത്തിന്റെ അംഗോപാംഗങ്ങൾ വ്യവസ്ഥാപിതമായ വിധത്തിൽ കോഡ് ചെയ്യപ്പെട്ടിട്ടുണ്ട്. ഗർഭവിജ്ഞാന ശാസ്ത്രപ്രകാരം അണ്ഡോല്പാദന സമയത്ത് സ്ത്രീകൾ കോപിക്കരുത്. പഴകിയ ഭക്ഷണം കഴിക്കരുത്. ദിവാസ്വപ്നം കാണരുത്. ഉറക്കെ സംസാരിക്കരുത്. തുടങ്ങിയശീലങ്ങൾ പാലിക്കണം. സ്ത്രീയിൽ അണ്ഡോല്പാദന സമയത്ത് അവളുടെ മനോഭാവവും ചിന്തയും എപ്രകാരമാണോ അതുപോലത്തെ ഗുണങ്ങൾ കുട്ടിയിൽ വികസിച്ചുവരുന്നു. അതുപോലെ പുരുഷനിൽ ശുക്ലാണു ഉണ്ടാകുമ്പോഴുണ്ടാകുന്ന മനോ ബുദ്ധി വിചാരങ്ങളും ശാരീരിക ലക്ഷണങ്ങളും ശുക്ലാണു വഴി കുട്ടിയിലേക്കിറങ്ങുന്നു.

വൈദിക കാലത്തെ മഹർഷിമാർ ഉത്തമ സന്താനങ്ങൾ ജനിക്കുന്നതിനുവേണ്ട ആചാരവിചാരങ്ങൾ, സമാഗമനിയമങ്ങൾ തുടങ്ങി ഗർഭം ധരിച്ചതിനുശേഷം ചെയ്യേണ്ടകാര്യങ്ങൾ എന്നിവയെക്കുറിച്ച് വളരെ വിശദമായി ഗർഭവിജ്ഞാനകോശത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. സന്തതി ദുർബലനോ ബലശാലിയോ തേജസ്വിയോ ദീനനോ ആകുന്നത് ഭാഗ്യത്തിന്റെ ഫലമാണെന്നും മാതാപിതാക്കൾക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്നും ചിലർ ധരിച്ചിട്ടുണ്ട്. മാതാപിതാക്കൾ പരിപൂർണ്ണ ശ്രദ്ധയും ജാഗ്രതയും പുലർത്തിയാൽ ഗർഭധാരണം മുതൽ ഗർഭാവസ്ഥയുടെ അവസാനദിവസം വരെ ഒരോനിയമവും പാലിച്ചാൽ ദുർബല സന്തതി പിറക്കാതെ നോക്കാനാകും.

ഉത്തമഗുണങ്ങളുള്ള മാതാപിതാക്കൾക്ക് ശ്രേഷ്ഠ ഗുണങ്ങളുള്ള സന്താനങ്ങളുണ്ടാകും. സ്വന്തം കുട്ടിയിൽ എന്തെല്ലാം ഗുണങ്ങൾ വേണമെന്ന ആഗ്രഹമുണ്ടോ ആ ഗുണവിശേഷങ്ങളൊക്കെ മാതാപിതാക്കൾ സ്വയം ആർജ്ജിച്ചെടുക്കണം. സന്താനലബ്ധിക്ക് ശ്രമിക്കുന്നതിന് ഒരു വർഷംമുൻപ് ശ്രമങ്ങൾ ആരംഭിക്കണം. അമ്മ രാജ്ഞിയെപ്പോലെയും കുട്ടികൾ രാജകുമാരനെപ്പോലെയും വളരാൻ പറ്റിയ സാഹചര്യം കുടുംബത്തിലുണ്ടാകണം. ഹിപ്പോക്രാറ്റസ് ആണ് വൈദ്യശാസ്ത്രത്തിന്റെ പിതാവ്. അമ്മ അനുഭവിക്കുന്ന വികാരവിചാരങ്ങളെല്ലാം കുട്ടിയെ ബാധിക്കുമെന്ന് അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. ഓരോ വികാരങ്ങളും അമ്മയുടെ ശരീരത്തിൽ രാസമാറ്റങ്ങളുണ്ടാക്കും. ആ രാസമാറ്റങ്ങൾ കുഞ്ഞിനെ ബാധിക്കും. അമ്മ സന്തോഷവതിയാകുമ്പോൾ 'എൻഡോർഫിൻ' എന്ന ഹോർമോൺ ഉണ്ടാകും. അത് കുഞ്ഞിനെ സന്തോഷചിത്തനാക്കും. ഗർഭിണികൾക്ക് നല്ല സന്തോഷവും നല്ല ഭക്ഷണവും ലഭിച്ചാൽ സൗന്ദര്യമുള്ള ശിശുക്കൾ ജനിക്കും.

മനസ്സിന്റെ സംവേദനങ്ങൾക്ക് രക്തവുമായി ബന്ധമുണ്ട്. അമ്മയുടെ രക്തവുമായുള്ള ഗാഢബന്ധത്താൽ അമ്മയുടെ വികാരങ്ങളും സംവേദനകളും ഭാവങ്ങളും കുഞ്ഞിനെ നന്നായി സ്വാധീനിക്കും. അതുകൊണ്ട് ഗർഭിണി സന്തോഷവതിയായിരിക്കാനുള്ള സാഹചര്യങ്ങൾ കുടുംബാംഗങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. ഒരു വ്യക്തിയുടെ ഭാവി, ജനനത്തിന് മുൻപ് അമ്മ ചിന്തിക്കുന്നതുപോലെ നിശ്ചയിക്കപ്പെടുന്നു. ഗർഭത്തിലായിരിക്കുന്ന ശിശുവിന് അമ്മ ഉന്നതവും ഉദാത്തവുമായ ചിന്തകൾ നല്കി പരിപാലിക്കണം. ഉത്തമ ചിന്തകൾ പഠിപ്പിക്കണം. തത്ഫലമായി ജന്മനാതന്നെ വിശിഷ്ട ഗുണങ്ങളുള്ള കുഞ്ഞുപിറക്കും.

ഗർഭകാലഘട്ടത്തിൽ അമ്മയ്ക്കുണ്ടാകുന്ന വികാര-വിചാരങ്ങൾ, പിരിമുറുക്കങ്ങൾ, വേദനകൾ, ദു:ഖം, കോപം എന്നിവയെല്ലാം

കുഞ്ഞിനെബാധിക്കും. ഉദരത്തിൽ രൂപംകൊള്ളുന്ന കുഞ്ഞിനെ ഇപ്പോൾ വേണ്ട എന്നു ചിന്തിച്ചാൽ അത് കുഞ്ഞിൽ നിഷേധ സ്വഭാവം രൂപം കൊള്ളുന്നതിനിടയാക്കും. അണ്ഡവും ബീജവും ഒന്നിക്കുന്ന നിമിഷം തന്നെ 46 ക്രോമസോമുള്ള മനുഷ്യജീവൻ രൂപപ്പെട്ടുകഴിഞ്ഞു. ജനീവ കോൺഫറൻസ് ഓഫ് ഹ്യൂമൻ റൈറ്റ്സ്, വേൾഡ് കോൺഫറൻസ് ഓഫ് ഡോക്ടേഴ്സ്, യൂണൈറ്റഡ് നേഷൻ ചാർട്ടർ ഓൺ ചിൽഡ്രൺ എന്നീ സംഘടനകൾ ഇക്കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ ബീജ സങ്കലനം നടക്കുന്ന സമയം മുതൽ പ്രസവസമയം വരെ ഒരു മനുഷ്യവ്യക്തിയായിട്ടുവേണം ഗർഭസ്ഥ ശിശുവിനെ മനസ്സിലാക്കാനും പരിചരിക്കാനും. കുരുന്നു ജീവന് അതിന്റെ ഗർഭാവസ്ഥയിലും തുടർന്നുള്ള ഒരോഘട്ടത്തിലും ശാരീരികവും മാനസീകവുമായ വളർച്ചയ്ക്ക് സഹായകമായ പോഷണങ്ങൾ നല്കി വളർത്തണം.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ മനുഷ്യൻ പങ്കുചേരേണ്ടത് നല്ല ഒരുക്കത്തോടും പ്രാർത്ഥനയോടും കരുതലോടെയും ആവണം. ഗർഭകാലം അമ്മ പ്രാർത്ഥനയിലും സത്ചിന്തകളിലും മുഴുകുന്നത് ഗർഭസ്ഥ ശിശുവിന് സാത്വികഭാവം ഉണ്ടാകുന്നതിനുതകുമെന്ന് പൗരാണിക വിജ്ഞാനം പറയുന്നു. പൊക്കിൾക്കൊടിയിലൂടെ കുഞ്ഞിന്റെ ശാരീരിക വളർച്ചയ്ക്കുവേണ്ട എല്ലാ പോഷണവും കിട്ടുന്നതുപോലെ കുഞ്ഞിന്റെ മാനസിക വളർച്ചയ്ക്ക് വേണ്ട പോഷണം അമ്മയുടെ മനസ്സിൽനിന്നു ലഭിക്കണം. ഗർഭകാലത്ത് കുഞ്ഞറിയാതെ ഒരു വികാരവും അമ്മയിലൂടെ കടന്നുപോകുന്നില്ല. സന്തോഷം, ദുഃഖം, കോപം, ഭയം എന്നീ നാലു വികാരങ്ങളുടെ ഫലമാണ് മറ്റെല്ലാ വികാരങ്ങളും. ഇവയിൽ സന്തോഷം മാത്രമാണ് കുട്ടിക്ക് ലഭിക്കേണ്ടത്. അതിനായി നല്ല ചിന്തകൾ, നല്ലപെരുമാറ്റങ്ങൾ എന്നിവയുണ്ടാകണം. നല്ല ഗ്രന്ഥങ്ങൾ വായിക്കണം. ശുദ്ധമായ ശരീരം, ശുദ്ധമായമനസ്സ്, ശുദ്ധമായ ആഹാരം, നല്ല അന്തരീക്ഷം ഇതെല്ലാം ഗർസ്ഥ ശിശുവിന്റെ വളർച്ചയ്ക്ക് ആവശ്യമാണ്.

അമ്മയ്ക്കുണ്ടാകുന്ന ഭയം, ഉത്കണ്ഠ. അപരാധബോധം, മ്ലാനത, വിഷാദം എന്നീ മാനസികാവസ്ഥകൾ ഗർഭസ്ഥശിശുവിന് ഹാനികരമായ മാനസിക അസ്വസ്ഥതകൾമൂലം അമ്മയുടെ ശരീരത്തിൽ ഹാനികരമായ രാസവസ്തുക്കളുണ്ടാകുന്നു. ഗർഭകാലത്തെ മാതാവിന്റെ മനോഭാവം പ്രസവ പ്രക്രിയയെ മാത്രമല്ല പിന്നീട് ശിശുവിനെ കൈകാര്യം ചെയ്യുന്നതിലും കുഴപ്പങ്ങൾ ഉണ്ടാക്കാം. ബൈബിളിൽ ഗർഭാവസ്ഥയിലുള്ള ഒരമ്മ പാലിക്കേണ്ടകാര്യങ്ങൾ പ്രതിപാദിക്കുന്നുണ്ട്. സാംസന്റെ ജനനത്തിന് ഒരുക്കമായി കർത്താവിന്റെ ദൂതൻ

മനോവയുടെ ഭാര്യയോട് പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്. "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അതുകൊണ്ട് നീ സൂക്ഷിക്കണം. വീഞ്ഞോ വീര്യമുള്ള പാനീയങ്ങളോ നീ കുടിക്കരുത്. അശുദ്ധമായതൊന്നും ഭക്ഷിക്കുകയും അരുത്". (ന്യായ. 13:4) കർത്താവിന് സാംസനെക്കൊണ്ട് ഒരു പദ്ധതി നടപ്പാക്കേണ്ടതുണ്ടായിരുന്നു.

ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ 90 ദിവസം ആകുമ്പോൾ പഠനം ആരംഭിക്കുന്നു. അന്ന് മുതൽ അവന്റെ തലച്ചോർ വളരുന്നു. ഗർഭത്തിലിരിക്കുന്ന കുഞ്ഞിന് പ്രതികരിക്കാനാവും. കുഞ്ഞിനോടും പ്രതികരിക്കാം. അതാണ് മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ. സ്നാപകയോഹന്നാൻ ചെയ്തത്. പശ്ചാത്യ സംഗീതജ്ഞനായ മോസാൾട്ട് പറയുന്നത് അദ്ദേഹം അമ്മയുടെ ഗർഭപാത്രത്തിൽ വസിച്ച 10 മാസവും അമ്മ വിയ്റ്റനാം കത്തീഡ്രലിൽ കൊയറിനുവേണ്ടി പഠിപ്പിച്ചിരുന്നു എന്നാണ്. ഗർഭകാലത്തെ അമ്മയുടെ സത്ചിന്തകളും പ്രവർത്തികളും ഗർഭസ്ഥശിശുവിൽ സത്ഗുണങ്ങളുടെ വിത്തുപാകാനും അത് ജീവിതത്തിൽ പടർന്നു പന്തലിക്കുവാനും സഹായകമാകും.

കൺഫ്യൂഷസിന്റെ മാതാവ് ഗർഭവതിയായിരിക്കെ വിജനമായ പർവ്വതപ്രദേശത്ത് പോയി ധ്യാനത്തിൽ മുഴുകി കഴിഞ്ഞിരുന്നു. ഛത്രപതി ശിവജിയുടെ മാതാവ് പുത്രനെ ചക്രവർത്തിയാക്കണമെന്ന് ഗർഭകാലത്തെ ആഗ്രഹിച്ചിരുന്നു. രവീന്ദ്രനാഥ ടാഗോറിന്റെ അമ്മ വയറ്റത്ത് കൈവച്ച് മകൻ ലോകത്തിന്റെ പ്രകാശമായി മാറണമെന്ന് പ്രർത്ഥിച്ചിരുന്നു. ശ്രീനാരായണ ഗുരുദേവന്റെ അമ്മ കുട്ടിയമ്മ ഭജനയിരുന്നാണ് മകന് ജന്മം നല്കിയത്. ആദിശങ്കരന്റെയും ശ്രീരാമകൃഷ്ണ പരമഹംസന്റെയും അമ്മമാർ വ്രതം അനുഷ്ഠിച്ചിരുന്നു. ശ്രീബുദ്ധൻ ജനിക്കുന്നത് അമ്മ അഞ്ച് കൊല്ലവും വിവേകാനന്ദൻ ജനിക്കുന്നത് അമ്മ രണ്ടരവർഷവും പ്രർത്ഥിച്ചൊരുങ്ങിയതിനുശേഷമാണ്. മഹാത്മാ ഗാന്ധിയുടെ പിതാവ് കരംചന്ദ്ഗാന്ധി ധീരനും സത്യസന്ധനും ഉദാരമതിയുമായിരുന്നു. അമ്മ കഠിനമായ വ്രതങ്ങൾ കടുകിട തെറ്റാതെ അനുഷ്ഠിച്ചിരുന്നു. മൂന്ന് നാല് ദിവസം വരെ അമ്മ ഉപവാസമനുഷ്ഠിക്കുകയും ചന്ദ്രയാന ഉപവാസരീതികൾ പാലിക്കുകയും ചെയ്തിരുന്നു. മാത്രവുമല്ല ചെറുപ്പത്തിൽ ഹരിചന്ദ്രന്റെ കഥകൾ പറഞ്ഞാണ് ഗാന്ധിജിയെ അമ്മ ഉറക്കിയിരുന്നത്. വിശുദ്ധ ഖുറാനിൽ 19-ാം അദ്ധ്യായത്തിൽ യേശുക്രിസ്തുവിന്റെ ജന്മവും പ്രതിപാദിക്കുന്നുണ്ട്. മറിയത്തോട് ഗബ്രിയേൽ മാലാഖ പറയുന്നുണ്ട്; "നിന്റെ ഉദരത്തിന്റെ ഭാഗത്തെ 2 ബട്ടൻസ് അഴിക്കുക. മാലാഖ അവിടെ ഊതി. റൂഹായാൽ മറിയം ഗർഭം ധരിച്ചു.

എന്നിട്ട് മാലാഖ പറഞ്ഞു. നീ ഗർഭകാലത്ത് പുണ്യചരിതങ്ങൾ വായിച്ചും പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ചും കടന്നുപോകണം. നീ പ്രസവിക്കാറാകുമ്പോൾ ഈന്തപ്പഴത്തിന്റെ ഫലങ്ങൾ ഭക്ഷിക്കണം. നിന്റെ പ്രസവം ആയാസരഹിതമാകും". ഗർഭകാലം ശ്രേഷ്ഠമായപ്പോഴാണ് ശ്രേഷ്ഠസന്താനങ്ങൾ പിറന്നത്, തമിഴ് സിനിമാതാരം വിജയ് പറയുന്നുണ്ട്. എന്നെ ഗർഭംധരിച്ച കാലത്ത് അമ്മ ശോഭ ഇളയരാജയുടെ ഗാനമേള ട്രൂപ്പിലായിരുന്നു. ദിവസവും സ്റ്റേജ് പ്രോഗ്രാമുകളുണ്ടാകും. നിറവയറുമായാണ് അമ്മ പാടാൻ ചെല്ലാറ്. ഗർഭത്തിലിരിക്കെ തന്നെ അമ്മയുടെ പാട്ടുകൾ കേട്ട് ശീലിച്ചതുകൊണ്ടാണ് പാട്ട് പഠിക്കാതെ പാട്ടുകാരനായത്. ഇന്ത്യയിലെ ഏറ്റവും പ്രയംകുറഞ്ഞ പ്രൊഫസറായ(ബോംബെ ഐ.ഐ.റ്റി) ഡോ. തഥാഗത് അവതാർ തുൾസിക്ക്, സുപ്രീംകോടതി അഭിഭാഷകനായ തുൾസി നാരായണൻ പ്രസാദ് ജന്മം നല്കിയത് ഒരു ജീനിയസ് പിറക്കണമെന്ന ആഗ്രഹത്തോടെയാണ്. സ്കൂൾ അധ്യാപികയായ ചഞ്ചൽദേവിയും കുഞ്ഞ് ജീനിയസ്സാവാൻ ഒട്ടേറെ ഒരുങ്ങി. ബുദ്ധിയുടെ വ്യായാമങ്ങൾ ചെയ്തു. 22 -ാം വയസ്സിൽ ഡോ.തഥാഗത് അവതാർ തുൾസി പ്രൊഫസറായി.

വിത്ത് വിതയ്ക്കുന്നതിനു മുമ്പ് മാതാപിതാക്കൾ പലവിധ തയ്യാറെടുപ്പകൾ നടത്തണം. ഗർഭാവസ്ഥയിൽ സത്ഗ്രന്ഥങ്ങൾ വായിക്കണം. സത്ചിന്തകൾ മനസിൽ നിറയ്ക്കണം. അവരവരുടേതായ മതഗ്രന്ഥങ്ങൾ നിരന്തരം വായിക്കണം അമ്മ പാട്ടുപാടുന്നതും സംഗീതം കേൾക്കുന്നതും കുട്ടിയെ ശാന്തനും സൗമ്യനുമാക്കും. കേൾവി ശക്തി വർദ്ധിക്കും. പിതാവ് വികാരവും വാത്സല്യവും നിറഞ്ഞ സ്വരത്തിൽ സംസാരിക്കുകയും വാത്സല്യത്തോടും ഊഷ്മളതയോടുംകൂടി പ്രവർത്തിക്കുകയും ചെയ്താൽ കുഞ്ഞ് ജന്മശേഷം അതീവ സന്തോഷവാനായിരിക്കും. മാതാപിതാക്കളുടെ വാത്സല്യനിർഭരമായ വാക്കുകൾ ശിശുവിന് സുരക്ഷിതത്വം നല്കുകയും ആത്മവിശ്വാസത്തിന്റെ അടിത്തറ സൃഷ്ടിക്കുകയും ചെയ്യും. ഗർഭസ്ഥാവസ്ഥയിൽ കിട്ടുന്ന സൂചനകൾ കുട്ടി ഉടൻ സ്വീകരിക്കുകയും അതിന്റെ മുദ്രണം ജീനിൽ പതിയുകയും ചെയ്യും.

മാതാവ് വിഷാദരോഗിയെങ്കിൽ ശിശുവിന് ഹൃദയ-ശ്വാസകോശ രോഗങ്ങൾ വരാൻ സാധ്യതയുണ്ടെന്ന് പറയപ്പെടുന്നു. മാനസിക പിരിമുറുക്കം പ്രസവവേളയിൽ സങ്കീർണ്ണതകൾ സൃഷ്ടിച്ചേക്കാം. ഗർഭകാലത്ത് ചിലമരുന്നുകൾ കഴിക്കാൻ പാടില്ല. കുട്ടിയെ അത് പ്രതികൂലമായി ബാധിച്ചേക്കാം. ഗർഭിണിയാണെന്ന് ഡോക്ടറെ കാണുമ്പോൾ പറയണം. ചൈനയിൽ ഗർഭിണികൾ വൃത്തികെട്ട വസ്തു

ക്കളിൽ നോക്കാൻ പാടില്ലെന്നാണ് ആചാരം. പുകവലി, മദ്യപാനം, മയക്കുമരുന്നുപയോഗം എന്നിവയെല്ലാം കുട്ടിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും അമ്മയുടെ മദ്യപാനം കുഞ്ഞിൽ അന്ധത, ബധിരത, ഉൾപ്പെടെയുള്ള നിരവധി ശാരീരിക മാനസീക പ്രശ്നങ്ങൾക്ക് വഴിവയ്ക്കും. ഗർഭാവസ്ഥയ്ക്ക് മുൻപോ പിൻപോ ഒരു രീതിയിലും ഉള്ള മദ്യപാനം പാടില്ല. ഉയർന്ന ശബ്ദശല്യം കുഞ്ഞിന് കേൾവിക്കുറവ് സൃഷ്ടിക്കാനിടയുണ്ട്. ഗർഭകാലത്ത് അമ്മ മദ്യപിച്ചാൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ പൊതുവിൽ Fetal Alcoholic Spectrum Disorders (FASD) എന്നാണ് പറയുക. ഗർഭകാലഘട്ടം മുതൽ 7 വയസ്സു വരെ അമ്മ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ കുഞ്ഞിനെ ബാധിക്കുമെന്നാണ് കാനഡയിലെ മാവിറ്റോബ സർവ്വകലാശാലയുടെ പഠനങ്ങൾ തെളിയിക്കുന്നത്. 1995 ന് ശേഷം ജനിച്ച 14000 കുട്ടികളിലാണ് മാനിറ്റോബ സർവ്വകലാശാല പഠനം നടത്തിയത്.

ബ്രാഹ്മണർ കുഞ്ഞിന് ജന്മം നല്കുന്നത് ശീരരശുദ്ധി, മനശുദ്ധി, വസ്ത്രശുദ്ധി, വ്രതശുദ്ധി, എന്നിവ പാലിച്ച ശേഷമാണ്. ബ്രഹ്മമുഹൂർത്തത്തിൽ മാത്രം ഭാര്യയുടെ മുറിയിൽ പ്രവേശിച്ച് ബ്രഹ്മാവിന് തുല്യനായ പുത്രനെ തരണമേയെന്ന് പ്രാർത്ഥിച്ചശേഷം ശാന്തിമുഹൂർത്തത്തിലാണ് അവർ ബന്ധപ്പെടുന്നത്. തുടർന്ന് ഗർഭിണിയാകുമ്പോഴും പ്രസവശേഷവും ചെയ്യേണ്ട ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ട്. അത്രമാത്രം പ്ലാൻ ചെയ്ത് മക്കൾക്ക് ജന്മം നല്കുന്നതു കൊണ്ടാണ്. "പട്ടരിൽ പൊട്ടനില്ല" എന്ന പഴം ചൊല്ല് വരെ രൂപപ്പെട്ടത്. പൊട്ടൻ ജനിക്കാതിരിക്കണമെങ്കിൽ ഒരുക്കങ്ങൾ ആവിശ്യമാണെന്നു സാരം.

ശിശുവിന്റെ ആരോഗ്യപൂർണ്ണമായ വളർച്ചയിൽ പ്രകൃതിയുടെ പിഴക്കാത്ത ആസൂത്രണം അന്തർധാരയായുണ്ടെങ്കിലും മനുഷ്യന്റെ ആസൂത്രണവും ഈ കാലഘട്ടത്തിൽ വളരെ പ്രധാനമാണ്. ഈ ആസൂത്രണം പ്രധാനമായും മാതാവിന്റെ കടമയാണെങ്കിലും പിതാവും കുടുംബാംഗങ്ങളും മറ്റ് ബന്ധുക്കളും ശ്രദ്ധിച്ചാൽ മാത്രമേ ശ്രേഷ്ടജന്മങ്ങൾ ഉണ്ടാകുകയുള്ളു. ഗർഭിണി രാജഞിയെപോലെ കഴിയട്ടെ. അതുവഴി രാജകുമാരന്മാർ പിറക്കാനിടവരട്ടെ.

# രൂപതാകച്ചേരി വാർത്തകൾ

**ജപമാലമാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരാനും പരി.അമ്മയുടെ മാധ്യസ്ഥം നേടാനുമുള്ള അവസരമാണല്ലോ ജപമാല മാസമായ ഒക്‌ടോബർ. പത്തുദിവസം വി. കുർബാന എഴുന്നള്ളിച്ച് വെച്ച് ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമമാണ് നടക്കുന്നത്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം. ദോഷപൊറുതി എന്ന് മുൻപുള്ളവർ പറഞ്ഞിരുന്ന ഈ ഭക്താഭ്യാസത്തിലൂടെ ജീവിത നവീകരണത്തിനും ഇടവരട്ടെ.

**മിഷൻ ഞായർ – ഒക്‌ടോബർ 18**

ഒക്‌ടോബർ മാസം 18 –ാം തീയതിയാണ് ആഗോളസഭ മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾ വരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം നമ്മിലെല്ലാം ശക്തിപ്പെടുത്തുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും മിഷൻ ഞായർ ആഘോഷവും. ഈയവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും പ്രത്യേകിച്ച് സമർപ്പിതരേയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ ഞായറാഴ്ച സമർപ്പിക്കുന്ന സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ

മനസ്സിന്റെ സമർപ്പണമാവട്ടെ. അന്ന് ലഭിക്കുന്ന സ്തോത്രക്കാഴ്ച തുക കഴിവതും നേരത്തേ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**സ്നേഹാനുസ്മരണം**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ചന്റെയും നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റേയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി.ബലികളിലും നമുക്കോർക്കാം. ആ ദിവസങ്ങളിൽ വിയാനിഭവൻ ചാപ്പലിൽ വച്ച് രാവിലെ 7 മണിക്ക് വി.ബലിയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**അഭിനന്ദനങ്ങൾ**

ദേശീയ അധ്യാപക അവാർഡ് ജേതാവ് ശ്രീ. ജോർജ് നാക്കുഴിക്കാട്ട് സാറിനും സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ശ്രീ. പോൾ തോപ്പിൽ സാറിനും മാനന്തവാടി രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## Transfers And Appointments

| | |
|---|---|
| Rev. Fr. Varghese Mundackal OFM.Cap. | : Vicar, vadapuram (W.e.f. 15-09-2015) |
| Rev. Fr. Chacko Pendanath C.Ss.R. | : Vicar, Kunnambetta (W.e.f. 13-09-2015) |
| Rev. Fr. Thomas Kattamkottil | : Pro-Vicar, Vythiri (W.e.f. 27-09-2015) |
| Rev. Fr. Devassia Kalliyatt | : Assistant Vicar, Bathery (W.e.f. 27-09-2015) |

**നന്ദിയും സ്വാഗതവും**

വടപുറം, കുന്നമ്പറ്റ എന്നീ ഇടവകകളിലെ സ്തുത്യർഹമായ സേവനത്തിനുശേഷം തങ്ങളുടെ സന്യാസസഭകളിലേയ്ക്ക് തിരിച്ചു പോകുന്ന ബഹു. ചാക്കോ ഇല്ലിക്കൽ OFM.Cap. അച്ചനെയും (വടപുറം), പൂവാനിക്കുന്നേൽ ജോസ് C.Ss.R. അച്ചനെയും

(കുന്നമ്പറ്റ) ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. അവരുടെ ആത്മാർത്ഥമായ സേവനങ്ങൾക്ക് രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു. മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. വർഗ്ഗീസ് മുണ്ടയ്ക്കൽ OFM.Cap. അച്ചനും (വടപുറം), ബഹു. ചാക്കോ പേണ്ടാനത്ത് അച്ചനും C.Ss.R. (കുന്നമ്പറ്റ) മാനന്തവാടി രൂപതയിലേയ്ക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിൽ സെപ്റ്റംബർ 12-ന് ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. രൂപതാ മതബോധന ഡയറക്ടർ റവ.ഫാ. റോയ് വട്ടക്കാട്ട് നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപതയുടെ മുൻ വികാരിജനറാൾ മോൺ. ജോർജ് മൂലയിൽ, ഈ പാസ്റ്ററൽ കൗൺസിലെ അംഗങ്ങളായിരുന്ന ശ്രീ. ജോർജ് വാളായിൽ (ചുണ്ടക്കര), കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് ശ്രീ. സി.എം. ഫ്രാൻസീസ് (സീതാമൗണ്ട്) എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് വികാരിജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, ഇവർ രൂപതയ്ക്ക് നൽകിയ സേവനങ്ങളെ എടുത്തുപറയുകയുണ്ടായി. തുടർന്ന് എല്ലാവർക്കും സ്വാഗതമാശംസിച്ചതും മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ആയിരുന്നു.

അഭിവന്ദ്യ ജോസ് പിതാവ് അദ്ധ്യക്ഷത വഹിച്ച യോഗത്തിലെ ആദ്യ അജണ്ട മുൻവർഷത്തെ ലഹരിവിമുക്ത വർഷാചരണത്തിന്റെ വിലയിരുത്തലായിരുന്നു. വർഷാചരണത്തിന്റെ വൈസ് ചെയർമാനും, മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടറുമായ റവ.ഫാ. സണ്ണി മഠത്തിൽ വിലയിരുത്തൽ അവതരിപ്പിച്ചു. വർഷാചരണത്തിൽ 90 ഇടവകകൾ സജീവമായി പങ്കെടുത്തുവെന്നും ചുരുക്കം ഇടവകകളിൽ കാര്യമായ ഒരു പ്രവർത്തനവും നടന്നില്ലെന്നും, വർഷാചരണം കൊണ്ട് ലഹരി വിരുദ്ധ മനോഭാവം വളർത്താനും, മദ്യത്തിനുള്ള മാന്യത ഇല്ലാതാക്കാനും കഴിഞ്ഞുവെന്ന് അച്ചൻ അഭിപ്രായപ്പെട്ടു. എന്നാൽ ലഹരി ഉപയോഗം പ്രത്യേകിച്ച് മയക്കുമരുന്ന് ഉപയോഗം കൂടുന്നുവെന്നും വിലയിരുത്തപ്പെട്ടു. വർഷാചരണം സമാപിച്ചുവെങ്കിലും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ തുടരണമെന്നും ചർച്ചയിൽ അഭിപ്രായം ഉണ്ടായി.

പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കരുണയുടെ വർഷാചരണത്തിന്റെ ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് 'കാരുണ്യത്തിന്റെ മുഖം' എന്ന പഠനരേഖ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ അവതരിപ്പിച്ചു. തുടർന്ന് വളരെ വിശദമായി യോഗം കരുണയുടെ വർഷത്തിന്റെ പ്രസക്തിയും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും ചർച്ച ചെയ്തു.

പിന്നീട് നടന്ന പൊതുചർച്ചയിൽ കാഞ്ഞിരത്തിനാൽ ജോർജിന്റെ ഭൂമിക്കായി അവകാശികൾ നടത്തുന്ന സമരത്തിന് യോഗം പിന്തുണ പ്രഖ്യാപിച്ചു. ശ്രീ.സാലു മേച്ചേരി പ്രമേയം അവതരിപ്പിച്ചു. ഫാ. തോമസ് തേരകം ഈ വിഷയം വിശദമായി അവതരിപ്പിച്ചു. ജോസ് പിതാവിന്റെ ഇടപെടലാണ് ഈ വിഷയത്തെ അധികാരികളും, മാധ്യമങ്ങളും ഗൗരവമായി എടുക്കാനിടയാക്കിയതെന്ന് യോഗം വിലയിരുത്തുകയുണ്ടായി.

**യോഗത്തിലെ പ്രധാന നിർദ്ദേശങ്ങൾ**

- ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഇടവകകളിൽ സജീവമാക്കപ്പെടണം. ഇതിനായി മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങളോട് എല്ലാവരുടെയും സഹകരണം ഉണ്ടാകണം.
- കരുണയുടെ വർഷവുമായി ബന്ധപ്പെട്ട് രൂപതയിൽ വീടില്ലാത്തവർ/ ഭൂമിയില്ലാത്തവർക്കായി പ്രത്യേകം പദ്ധതി രൂപീകരിക്കുക.
- 'കാരുണ്യത്തിന്റെ വോളണ്ടിയർ' എന്ന ആശയം എല്ലാ ഇടവകയിലും നടപ്പിലാക്കുക.
- സഭാസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ച പ്രകാരമുള്ളതും, ജീവിക്കാനാവശ്യമായതുമായ ശമ്പളം ഉറപ്പാക്കണം.
- കടക്കെണിയിൽ പെട്ടിരിക്കുന്നവരെ സഹായിക്കുന്നതിനായി പദ്ധതികൾക്ക് രൂപം നൽകണം.
- പരിസ്ഥിതിയെകുറിച്ചുള്ള മാർപാപ്പായുടെ ചാക്രിക ലേഖനമായ *ലൗദാത്തോ സി* യെകുറിച്ച് പഠനം നടത്തുകയും പരിസ്ഥിതി പ്രവർത്തനത്തിനായി ഫോറം രൂപീകരിക്കുകയും ചെയ്യുന്നത് നല്ലതാണ്.
- കാർഷിക മേഖലയിൽ സജീവ ഇടപെടലുകൾ ഉണ്ടാകണം.
- സർക്കാർ പദ്ധതികൾ അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഇടവകാതലത്തിൽ സംവിധാനങ്ങൾ ഒരുക്കുക.
- സഭയുമായി വിയോജിച്ചു നിൽക്കുന്നവരെ കരുണയുടെ വർഷത്തിൽ പ്രത്യേകമായി പരിഗണിക്കണം.
- പൊതുകാര്യങ്ങളിൽ ഇടപെടുന്നതിനും പഠിക്കുന്നതിനുമായി ഒരു സമിതിക്ക് രൂപം നൽകണം.
- നിയമങ്ങൾ കരുണയുടെ മനോഭാവത്തോടെ നടപ്പിലാക്കാൻ ശ്രദ്ധിക്കുക.

പൊതുചർച്ചയ്ക്ക് അഭിവന്ദ്യ പിതാവ് മറുപടി പറഞ്ഞു. കരുണയുടെ ഭാവം വ്യക്തികൾ സ്വീകരിച്ചാൽ സമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കപ്പെടുമെന്നും, നിയമം നീതിയെ നിഷേധിക്കുന്നതാകരുതെന്നും പിതാവ് അഭിപ്രായപ്പെട്ടു. കഴിഞ്ഞ മൂന്ന് വർഷമായി നിലവിലുണ്ടായിരുന്ന പാസ്റ്ററൽ കൗൺസിലിന്റെ പ്രവർത്തനം മികച്ചതായിരുന്നുവെന്നും പിതാവ് അഭിപ്രായപ്പെടുകയും ഇത് നിലവിലുള്ള പാസ്റ്ററൽ കൗൺസിലിന്റെ അവസാന മീറ്റിംഗ് ആണെന്ന് അറിയിക്കുകയും ചെയ്തു.

ദേശീയ അധ്യാപക ജേതാവായ ശ്രീ. ജോർജ് നാക്കുഴിക്കാട്ടിനെ യോഗത്തിൽ ആദരിക്കുകയും അഭിവന്ദ്യ പിതാവ് അനുമോദനമർപ്പിക്കുകയും ചെയ്തു.

റവ.ഫാ. തോമസ് ജോസഫ് തേരകം, റവ.ഫാ. ബാബു മാപ്ലശേരി, റവ. ഫാ. ബിജോ കറുകപ്പള്ളി, റവ. ഫാ. സണ്ണി മഠത്തിൽ, സി. സ്റ്റെഫീന, ശ്രീ. ജോണി പാറ്റാനി, ശ്രീ. സജി നരിവേലിൽ, ശ്രീ. ജോസ് പള്ളത്ത്, ശ്രീ. ബെന്നി ഇലഞ്ഞിക്കൽ, ശ്രീ. ജോസ് പുന്നക്കുഴി, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. പി.എം. ജോസ്, ശ്രീ. എൻ. വി. ജോർജ്, ശ്രീ. അബ്രാഹം നിലമ്പൂർ, ശ്രീമതി മേഴ്സി ആര്യപ്പള്ളി തുടങ്ങിയവർ ചർച്ചയിൽ ഇടപെട്ട് സംസാരിച്ചു.

പാസ്റ്ററൽ കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം അഡ്വ. ജോർജ് ജോസഫ് യോഗത്തിന് കൃതജ്ഞതയർപ്പിച്ച് സംസാരിച്ചു. രാവിലെ 10.30 ന് ആരംഭിച്ച യോഗം ഉച്ചക്ക് 2 മണിക്ക് അവസാനിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

## മതബോധനരംഗം

**+2 വിദ്യാർത്ഥി സംഗമം**

സെപ്റ്റംബർ 20-ാം തീയതി ബത്തേരി ഫൊറോനയിലെ +2 വിദ്യാർത്ഥികളുടെ സംഗമം ബത്തേരി അസംപ്ഷൻ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. സംഗമത്തിന് വേണ്ട എല്ലാ ക്രമീകരണങ്ങളും നടത്തിയ മേഖലാ ഡയറക്ടർ ബഹു. കുര്യൻ വാഴയിൽ അച്ചനും മേഖലാ നേതൃത്വത്തിനും ഹൃദയം നിറഞ്ഞ നന്ദി. ഒക്ടോബർ 4-ാം തീയതി കൽപ്പറ്റ ഫൊറോനയിലും 11-ാം തീയതി കല്ലോടി ഫൊറോന യിലും 18-ാം തീയതി മണിമൂളി, നിലമ്പൂർ റീജിയണിലും +2 സംഗമ ങ്ങൾ നടത്തപ്പെടുന്നതാണ്.

**റിസോഴ്സ് പേഴ്സൺസ് ട്രയിനിംഗ്**

+1 വിദ്യാർത്ഥി സംഗമം മേഖലാതലത്തിൽ നടത്തുന്നതിനുള്ള റിസോഴ്സ് പേഴ്സൺസിന്റെ ട്രെയിനിംഗ് സെപ്റ്റംബർ 21-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 35 അധ്യാപകർ പങ്കെ ടുത്തു. ട്രെയിനിംഗ് ഉദ്ഘാടനം ചെയ്ത തരിയോട് ഫൊറോന വികാരി ബഹു. ജോണി കുന്നത്ത് അച്ചനും നേതൃത്വം നൽകിയ ശ്രീ. സെബാ സ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. സജി നരിവേലിൽ, ശ്രീ. ബേബി ജോസഫ് എന്നിവർക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

**HDC കോൺടാക്റ്റ് ക്ലാസ്**

HDC രണ്ടാം വർഷക്കാരുടെ കോൺടാക്റ്റ് ക്ലാസ് ഒക്ടോബർ 3-ന് ദ്വാരകയിലും 10-ന് മണിമൂളിയിലും 17-ന് ബത്തേരിയിലും 24-ന് ചുങ്കക്കുന്നിലും വച്ച് നടത്തപ്പെടുന്നതാണ്.

**DCC ഒന്നാം വർഷം**

ജൂലൈ 5-ന് നടന്ന DCC കോഴ്സിന്റെ പ്രാരംഭ സംഗമത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കും അതിനുശേഷം രജിസ്റ്റർ ചെയ്ത വർക്കുമായുള്ള ക്ലാസ് ഒക്ടോബർ 17-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**മതബോധന സർവ്വേ**

ഈ വർഷം വിശ്വാസ പരിശീലനം നടത്തുന്ന കുട്ടികളുടെ എണ്ണം ഇടവക തിരിച്ച്, ക്ലാസ്സടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു. എണ്ണത്തിൽ വ്യത്യാസമുണ്ടെങ്കിൽ രേഖാമൂലം രൂപതാ മതബോധന ഓഫീസിൽ അറിയിക്കുമല്ലോ.

**NUMBER OF STUDENTS ACCORDING TO CLASS LEVEL AT PARISHES FOR THE YEAR 2015-16**

| No. | PARISH | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **BATHERY** | | | | | | | | | | | | | |
| 1 | AMBALAVAYAL | 34 | 42 | 19 | 37 | 35 | 32 | 41 | 27 | 29 | 40 | 28 | 17 | 381 |
| 2 | BATHERY | 50 | 60 | 55 | 60 | 46 | 69 | 53 | 58 | 63 | 58 | 57 | 34 | 663 |
| 3 | CHEENGAVALLAM | 0 | 5 | 2 | 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 13 |
| 4 | CHITHRAGIRI | 6 | 11 | 16 | 9 | 14 | 14 | 10 | 15 | 11 | 11 | 17 | 88 | 222 |
| 5 | CHULLIODE | 4 | 7 | 5 | 8 | 4 | 7 | 8 | 5 | 9 | 12 | 7 | 3 | 79 |
| 6 | KADALMAD | 5 | 10 | 6 | 6 | 6 | 5 | 4 | 9 | 10 | 5 | 8 | 5 | 79 |
| 7 | KALLUMUKKU | 4 | 0 | 0 | 0 | 6 | 5 | 3 | 6 | 6 | 0 | 0 | 5 | 35 |
| 8 | KARANI | 3 | 5 | 2 | 0 | 4 | 0 | 5 | 0 | 0 | 4 | 0 | 3 | 26 |
| 9 | MEENANGADI | 12 | 14 | 17 | 17 | 29 | 20 | 15 | 17 | 20 | 21 | 14 | 8 | 204 |
| 10 | MOOLANKAVU | 13 | 21 | 14 | 16 | 23 | 24 | 17 | 13 | 14 | 19 | 20 | 7 | 201 |
| 11 | PAZHOOR | 8 | 12 | 5 | 11 | 10 | 11 | 11 | 9 | 16 | 12 | 18 | 16 | 139 |
| 12 | THOMATTUCHAL | 14 | 11 | 18 | 17 | 16 | 15 | 15 | 17 | 19 | 19 | 25 | 15 | 201 |
| 13 | VADAKKANAD | 5 | 6 | 4 | 6 | 7 | 7 | 10 | 6 | 10 | 9 | 6 | 1 | 77 |
| 14 | VAKERY | 13 | 9 | 14 | 12 | 6 | 7 | 9 | 6 | 12 | 12 | 5 | 6 | 111 |
| | | 171 | 213 | 177 | 205 | 206 | 216 | 201 | 188 | 219 | 222 | 205 | 208 | 2431 |
| | **CHUNGAKKUNNU** | | | | | | | | | | | | | |
| 15 | ADACKATHODE | 33 | 25 | 21 | 48 | 32 | 28 | 32 | 41 | 36 | 42 | 30 | 19 | 387 |
| 16 | AMBAYATHODE | 9 | 17 | 12 | 21 | 14 | 11 | 12 | 14 | 15 | 24 | 8 | 11 | 168 |
| 17 | CHUNGAKKUNNU | 50 | 51 | 53 | 54 | 49 | 52 | 57 | 76 | 78 | 82 | 60 | 61 | 723 |
| 18 | KELAKAM | 9 | 11 | 11 | 12 | 5 | 14 | 16 | 9 | 14 | 15 | 11 | 9 | 136 |
| 19 | KOTTIYOOR | 44 | 47 | 48 | 61 | 52 | 56 | 66 | 56 | 73 | 60 | 57 | 51 | 671 |
| 20 | NELLIODY | 9 | 9 | 10 | 7 | 9 | 10 | 6 | 9 | 7 | 11 | 6 | 8 | 101 |
| 21 | OTTAPLAVU | 8 | 6 | 9 | 12 | 13 | 11 | 9 | 18 | 22 | 12 | 6 | 4 | 130 |
| 22 | PALCHURAM | 14 | 12 | 9 | 14 | 17 | 12 | 17 | 10 | 16 | 13 | 11 | 10 | 155 |
| 23 | SANTHIGIRI | 4 | 11 | 9 | 9 | 12 | 8 | 8 | 3 | 15 | 6 | 3 | 5 | 93 |
| 24 | VELLOONNI | 14 | 9 | 14 | 12 | 10 | 12 | 11 | 11 | 12 | 17 | 20 | 9 | 151 |
| | | 194 | 198 | 196 | 250 | 213 | 214 | 234 | 247 | 288 | 282 | 212 | 187 | 2715 |
| | **KALLODY** | | | | | | | | | | | | | |
| 25 | CHULLIYANA | 10 | 7 | 6 | 5 | 11 | 7 | 8 | 8 | 9 | 8 | 7 | 7 | 93 |
| 26 | DEEPTHIGIRI | 17 | 17 | 10 | 19 | 10 | 18 | 14 | 18 | 19 | 15 | 18 | 13 | 188 |
| 27 | DWARAKA | 21 | 21 | 21 | 19 | 19 | 25 | 21 | 29 | 32 | 28 | 39 | 19 | 294 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 28 | JUDE'S MOUNT | 8 | 5 | 9 | 7 | 5 | 8 | 9 | 5 | 7 | 9 | 10 | 12 | 94 |
| 29 | KALLODY | 48 | 41 | 34 | 34 | 45 | 43 | 47 | 46 | 45 | 49 | 39 | 42 | 513 |
| 30 | KARACKAMALA | 11 | 21 | 27 | 10 | 16 | 26 | 18 | 22 | 28 | 20 | 25 | 21 | 245 |
| 31 | KARIMBIL | 3 | 6 | 3 | 5 | 5 | 10 | 6 | 3 | 5 | 7 | 3 | 7 | 63 |
| 32 | KOMMAYAD | 15 | 23 | 11 | 17 | 11 | 13 | 19 | 23 | 17 | 19 | 13 | 18 | 199 |
| 33 | KUNJHOM | 5 | 5 | 9 | 9 | 6 | 18 | 9 | 13 | 9 | 12 | 9 | 4 | 108 |
| 34 | MAKKIYAD | 8 | 12 | 8 | 10 | 14 | 9 | 22 | 30 | 25 | 21 | 23 | 14 | 196 |
| 35 | MANGALASSERY | 2 | 6 | 7 | 5 | 6 | 7 | 5 | 5 | 5 | 18 | 4 | 6 | 76 |
| 36 | MOTHAKKARA | 5 | 5 | 2 | 6 | 0 | 3 | 6 | 3 | 0 | 7 | 5 | 7 | 49 |
| 37 | NIRAVILPUZHA | 4 | 0 | 0 | 3 | 4 | 3 | 3 | 0 | 5 | 3 | 2 | 0 | 27 |
| 38 | PUTHIYIDAMKUNNU | 10 | 12 | 10 | 8 | 5 | 11 | 8 | 13 | 10 | 17 | 6 | 4 | 114 |
| 39 | PUTHUSSERY | 8 | 10 | 5 | 12 | 4 | 12 | 3 | 5 | 9 | 10 | 10 | 3 | 91 |
| 40 | THONICHAL | 13 | 15 | 20 | 16 | 16 | 20 | 22 | 18 | 14 | 24 | 28 | 20 | 226 |
| 41 | VALERY | 9 | 6 | 10 | 5 | 8 | 3 | 6 | 6 | 5 | 4 | 5 | 8 | 75 |
| 42 | VANJODE | 17 | 15 | 12 | 10 | 8 | 11 | 6 | 9 | 15 | 9 | 11 | 7 | 130 |
| 43 | VELLAMUNDA | 10 | 13 | 10 | 13 | 12 | 13 | 7 | 17 | 14 | 9 | 12 | 7 | 137 |
| | | 224 | 240 | 214 | 213 | 205 | 260 | 239 | 273 | 273 | 289 | 269 | 219 | 2918 |
| | **KALPETTA** | | | | | | | | | | | | | |
| 44 | CHARITTY | 2 | 10 | 8 | 7 | 7 | 7 | 4 | 3 | 6 | 6 | 16 | 3 | 79 |
| 45 | CHOORALMALA | 3 | 1 | 2 | 0 | 0 | 2 | 3 | 0 | 0 | 5 | 5 | 3 | 24 |
| 46 | EDAPPETTY | 8 | 8 | 8 | 12 | 9 | 12 | 15 | 4 | 8 | 9 | 10 | 14 | 117 |
| 47 | KALPETTA | 15 | 25 | 25 | 24 | 36 | 34 | 23 | 30 | 37 | 42 | 24 | 24 | 339 |
| 48 | KOLAVAYAL | 5 | 9 | 10 | 12 | 6 | 8 | 7 | 5 | 12 | 13 | 6 | 8 | 101 |
| 49 | LAKKIDI | 0 | 0 | 1 | 3 | 5 | 2 | 2 | 2 | 0 | 0 | 4 | 0 | 19 |
| 50 | NEDUMBALA | 14 | 12 | 10 | 14 | 5 | 23 | 13 | 16 | 7 | 15 | 15 | 7 | 151 |
| 51 | OLIVUMALA | 6 | 3 | 4 | 5 | 4 | 2 | 7 | 2 | 4 | 6 | 2 | 1 | 46 |
| 52 | PUZHAMUDI | 4 | 6 | 2 | 5 | 9 | 3 | 6 | 3 | 9 | 6 | 9 | 3 | 65 |
| 53 | RIPPON | 14 | 16 | 14 | 16 | 19 | 13 | 22 | 14 | 13 | 24 | 16 | 10 | 191 |
| 54 | THENERY | 10 | 23 | 13 | 27 | 15 | 19 | 20 | 22 | 17 | 22 | 18 | 17 | 223 |
| 55 | THRIKKEIPETTA | 3 | 3 | 5 | 4 | 3 | 5 | 3 | 4 | 3 | 2 | 4 | 3 | 42 |
| 56 | VAZHAVATTA | 28 | 29 | 31 | 24 | 26 | 30 | 35 | 30 | 25 | 31 | 35 | 26 | 350 |
| 57 | VYTHIRY | 8 | 8 | 2 | 9 | 6 | 7 | 3 | 2 | 3 | 4 | 5 | 2 | 59 |
| | | 120 | 153 | 135 | 162 | 150 | 167 | 163 | 137 | 144 | 185 | 169 | 121 | 1806 |
| | **MANANTHAVADY** | | | | | | | | | | | | | |
| 58 | ALATTIL | 10 | 10 | 24 | 13 | 19 | 8 | 22 | 20 | 24 | 22 | 21 | 15 | 208 |
| 59 | BOY'S TOWN | 0 | 4 | 2 | 3 | 0 | 3 | 2 | 7 | 8 | 7 | 7 | 1 | 44 |
| 60 | ELAPEEDIKA | 8 | 2 | 4 | 8 | 10 | 7 | 11 | 9 | 9 | 7 | 9 | 8 | 92 |
| 61 | KARIMANI | 6 | 3 | 4 | 4 | 5 | 4 | 3 | 0 | 7 | 7 | 5 | 6 | 54 |
| 62 | KUTTIMOOLA | 6 | 5 | 7 | 5 | 8 | 4 | 7 | 6 | 6 | 8 | 6 | 10 | 78 |
| 63 | MANANTHAVADY © | 34 | 29 | 27 | 40 | 46 | 38 | 36 | 48 | 60 | 49 | 46 | 40 | 493 |
| 64 | MANANTHAVADY(T) | 15 | 20 | 21 | 14 | 19 | 18 | 18 | 22 | 17 | 23 | 13 | 12 | 212 |
| 65 | MUTHIRERY | 9 | 9 | 9 | 17 | 7 | 12 | 12 | 12 | 17 | 14 | 21 | 15 | 154 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 66 | PARATHOTTAM | 8 | 9 | 5 | 10 | 6 | 7 | 6 | 7 | 9 | 4 | 8 | 9 | 88 |
| 67 | PERIA | 7 | 5 | 10 | 7 | 4 | 4 | 6 | 6 | 10 | 11 | 7 | 8 | 85 |
| 68 | POROOR | 27 | 29 | 21 | 36 | 28 | 25 | 27 | 22 | 28 | 40 | 27 | 25 | 335 |
| 69 | PRASANTHAGIRI | 9 | 4 | 8 | 7 | 4 | 5 | 6 | 4 | 10 | 6 | 9 | 6 | 78 |
| 70 | PUTHIYIDOM | 7 | 11 | 5 | 11 | 8 | 6 | 17 | 8 | 11 | 15 | 11 | 12 | 122 |
| 71 | THALAPUZHA | 5 | 6 | 6 | 11 | 4 | 4 | 5 | 4 | 8 | 11 | 11 | 5 | 80 |
| 72 | THAVINJAL | 28 | 18 | 16 | 24 | 23 | 24 | 23 | 27 | 28 | 20 | 32 | 13 | 276 |
| 73 | VALAD | 5 | 10 | 7 | 4 | 9 | 6 | 5 | 3 | 4 | 3 | 7 | 0 | 63 |
| 74 | VALIYAKOLLY | 4 | 10 | 10 | 3 | 4 | 2 | 4 | 4 | 7 | 4 | 3 | 0 | 55 |
| 75 | YAVANARKULAM | 12 | 6 | 11 | 15 | 14 | 22 | 12 | 21 | 14 | 23 | 16 | 7 | 173 |
| | | 200 | 190 | 197 | 232 | 218 | 199 | 222 | 230 | 277 | 274 | 259 | 192 | 2690 |
| | **MANIMOOLY** | | | | | | | | | | | | | |
| 76 | BHOODANAM | 0 | 0 | 0 | 1 | 0 | 1 | 0 | 0 | 5 | 1 | 3 | 0 | 11 |
| 77 | MANIMOOLY | 28 | 26 | 42 | 43 | 29 | 24 | 46 | 39 | 34 | 40 | 23 | 20 | 394 |
| 78 | MARUTHA | 3 | 0 | 5 | 3 | 5 | 3 | 2 | 0 | 2 | 2 | 0 | 2 | 27 |
| 79 | MUNDERY | 5 | 5 | 2 | 7 | 6 | 4 | 9 | 6 | 12 | 9 | 3 | 4 | 72 |
| 80 | NARIVALAMUNDA | 11 | 16 | 19 | 15 | 8 | 16 | 23 | 13 | 18 | 13 | 26 | 15 | 193 |
| 81 | NJARAPPADAM | 7 | 9 | 6 | 6 | 9 | 4 | 8 | 7 | 5 | 9 | 8 | 5 | 83 |
| 82 | PALANKARA | 13 | 17 | 23 | 21 | 18 | 11 | 19 | 19 | 17 | 22 | 14 | 23 | 217 |
| 83 | PALEMAD | 14 | 14 | 9 | 7 | 17 | 14 | 6 | 18 | 16 | 10 | 16 | 15 | 156 |
| 84 | PATHIRIPPADAM | 14 | 22 | 13 | 21 | 21 | 21 | 17 | 12 | 18 | 28 | 21 | 9 | 217 |
| 85 | THALANJI | 27 | 15 | 21 | 22 | 22 | 15 | 20 | 20 | 14 | 26 | 19 | 24 | 245 |
| | | 122 | 124 | 140 | 146 | 135 | 113 | 150 | 134 | 141 | 160 | 133 | 117 | 1615 |
| | **MULLENKOLLY** | | | | | | | | | | | | | |
| 86 | ADIKKOLLY | 22 | 15 | 22 | 20 | 25 | 16 | 20 | 24 | 30 | 25 | 24 | 18 | 261 |
| 87 | AMARAKKUNI | 6 | 12 | 8 | 10 | 10 | 1 | 8 | 13 | 14 | 20 | 17 | 7 | 126 |
| 88 | IRULAM | 11 | 6 | 6 | 1 | 11 | 6 | 11 | 10 | 19 | 19 | 9 | 9 | 118 |
| 89 | KABANIGIRI | 15 | 9 | 11 | 5 | 10 | 9 | 14 | 14 | 12 | 18 | 23 | 10 | 150 |
| 90 | MARAKAVU | 39 | 40 | 34 | 33 | 25 | 35 | 40 | 42 | 36 | 47 | 29 | 33 | 433 |
| 91 | MARAKKADAVU | 17 | 11 | 16 | 14 | 9 | 10 | 26 | 12 | 16 | 16 | 16 | 4 | 167 |
| 92 | MULLENKOLLY | 69 | 40 | 40 | 52 | 55 | 45 | 44 | 55 | 64 | 59 | 65 | 41 | 629 |
| 93 | PADICHIRA | 33 | 39 | 39 | 35 | 32 | 32 | 20 | 27 | 32 | 36 | 27 | 25 | 377 |
| 94 | PATTANIKOOP | 18 | 14 | 12 | 12 | 8 | 11 | 10 | 19 | 8 | 13 | 12 | 9 | 146 |
| 95 | PULPALLY | 22 | 16 | 17 | 17 | 12 | 18 | 21 | 17 | 19 | 27 | 21 | 30 | 237 |
| 96 | SEETHAMOUNT | 24 | 15 | 23 | 14 | 13 | 20 | 23 | 21 | 14 | 7 | 18 | 15 | 207 |
| 97 | SISUMALA | 24 | 38 | 23 | 25 | 21 | 30 | 24 | 27 | 27 | 33 | 26 | 28 | 326 |
| | | 300 | 255 | 251 | 238 | 231 | 233 | 261 | 281 | 291 | 320 | 287 | 229 | 3177 |
| | **NADAVAYAL** | | | | | | | | | | | | | |
| 98 | ARINCHERMALA | 16 | 8 | 15 | 16 | 12 | 15 | 12 | 13 | 10 | 12 | 11 | 19 | 159 |
| 99 | CHERUKATTOOR | 36 | 33 | 39 | 26 | 26 | 40 | 32 | 42 | 32 | 51 | 40 | 20 | 417 |
| 100 | CHUNDAKKARA | 51 | 29 | 37 | 42 | 35 | 44 | 40 | 45 | 48 | 46 | 52 | 35 | 504 |
| 101 | KALLUVAYAL | 13 | 18 | 21 | 18 | 22 | 20 | 18 | 10 | 18 | 29 | 12 | 12 | 211 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 102 | KANIYAMBETTA | 5 | 8 | 3 | 0 | 6 | 10 | 8 | 4 | 3 | 3 | 0 | 10 | 60 |
| 103 | KENICHIRA | 16 | 21 | 19 | 21 | 27 | 18 | 28 | 26 | 28 | 29 | 29 | 15 | 277 |
| 104 | KURUMBALA-KOTTA | 10 | 6 | 13 | 3 | 5 | 7 | 8 | 7 | 11 | 11 | 8 | 11 | 100 |
| 105 | NADAVAYAL | 65 | 68 | 65 | 65 | 66 | 65 | 66 | 66 | 65 | 73 | 82 | 82 | 828 |
| 106 | NEIKKUPPA | 5 | 5 | 4 | 6 | 3 | 4 | 3 | 8 | 10 | 5 | 6 | 4 | 63 |
| 107 | PANAMARAM | 4 | 6 | 5 | 10 | 6 | 4 | 5 | 10 | 8 | 13 | 9 | 8 | 88 |
| 108 | PARALIKKUNNU | 11 | 5 | 8 | 10 | 6 | 7 | 4 | 5 | 6 | 7 | 0 | 5 | 74 |
| 109 | VALAVAYAL | 5 | 5 | 10 | 2 | 6 | 10 | 0 | 10 | 10 | 11 | 9 | 14 | 92 |
| 110 | VILAMBUKANDAM | 12 | 17 | 6 | 12 | 14 | 11 | 21 | 12 | 10 | 15 | 7 | 16 | 153 |
| | | 249 | 229 | 245 | 231 | 234 | 255 | 245 | 258 | 259 | 305 | 265 | 251 | 3026 |
| | **NILAMBUR** | | | | | | | | | | | | | |
| 111 | CHOKKAD | 4 | 5 | 10 | 9 | 4 | 11 | 8 | 10 | 9 | 11 | 7 | 9 | 97 |
| 112 | EDIVANNA | 15 | 7 | 11 | 20 | 16 | 18 | 23 | 19 | 13 | 19 | 22 | 24 | 207 |
| 113 | MOOLEPADAM | 5 | 8 | 0 | 5 | 7 | 4 | 9 | 4 | 3 | 8 | 5 | 0 | 58 |
| 114 | MUTTIYEL | 3 | 2 | 3 | 3 | 4 | 6 | 1 | 2 | 3 | 2 | 3 | 3 | 35 |
| 115 | NILAMBUR | 15 | 31 | 19 | 26 | 29 | 34 | 36 | 28 | 36 | 20 | 23 | 11 | 308 |
| 116 | POOKOTTUM PADAM | 3 | 3 | 10 | 4 | 14 | 12 | 9 | 10 | 10 | 16 | 12 | 5 | 108 |
| 117 | POOLAPPADAM | 14 | 11 | 14 | 12 | 13 | 16 | 12 | 13 | 16 | 12 | 11 | 14 | 158 |
| 118 | RUBYNAGAR | 9 | 7 | 0 | 3 | 5 | 11 | 6 | 4 | 5 | 7 | 7 | 3 | 67 |
| 119 | THELPARA | 8 | 7 | 0 | 15 | 0 | 13 | 9 | 7 | 10 | 14 | 8 | 8 | 99 |
| 120 | T.K.KOLANY | 3 | 3 | 0 | 4 | 2 | 0 | 3 | 2 | 8 | 8 | 0 | 0 | 33 |
| 121 | VALLIKETTU | 3 | 3 | 2 | 2 | 1 | 3 | 4 | 3 | 5 | 2 | 3 | 4 | 35 |
| 122 | VADAPURAM | 6 | 7 | 13 | 5 | 13 | 13 | 9 | 8 | 10 | 15 | 10 | 6 | 115 |
| | | 88 | 94 | 82 | 108 | 108 | 141 | 129 | 110 | 128 | 134 | 111 | 87 | 1320 |
| | **NILGIRIS** | | | | | | | | | | | | | |
| 123 | ARATTUPARA | 0 | 1 | 1 | 0 | 0 | 1 | 0 | 0 | 3 | 0 | 2 | 1 | 9 |
| 124 | ARULNILAYAM | 10 | 14 | 21 | 15 | 11 | 16 | 9 | 12 | 21 | 19 | 16 | 12 | 176 |
| 125 | ARAVANKADU | 0 | 1 | 2 | 2 | 1 | 1 | 3 | 1 | 2 | 6 | 0 | 0 | 19 |
| 126 | BEKKI | 3 | 0 | 2 | 2 | 0 | 3 | 3 | 2 | 6 | 2 | 2 | 1 | 26 |
| 127 | COONOOR | 4 | 4 | 3 | 5 | 3 | 4 | 8 | 6 | 9 | 8 | 8 | 6 | 68 |
| 128 | DARMAGIRI | 5 | 3 | 10 | 9 | 12 | 12 | 20 | 12 | 18 | 11 | 10 | 17 | 139 |
| 129 | KALPRA | 14 | 8 | 10 | 19 | 16 | 18 | 8 | 14 | 13 | 13 | 14 | 10 | 157 |
| 130 | KAYYUNNI | 19 | 22 | 24 | 24 | 19 | 25 | 32 | 22 | 34 | 21 | 26 | 61 | 329 |
| 131 | KUNNALADI | 12 | 6 | 12 | 10 | 7 | 15 | 10 | 4 | 6 | 6 | 4 | 0 | 92 |
| 132 | MACHIKKOLLY | 5 | 8 | 6 | 7 | 5 | 5 | 9 | 9 | 6 | 12 | 8 | 11 | 91 |
| 133 | MANVAYAL | 4 | 6 | 8 | 7 | 13 | 13 | 6 | 9 | 10 | 15 | 16 | 10 | 117 |
| 134 | PANAMCHIRA | 4 | 2 | 9 | 8 | 6 | 6 | 4 | 7 | 6 | 9 | 6 | 10 | 77 |
| 135 | VIMALAGIRI | 5 | 4 | 11 | 8 | 7 | 15 | 8 | 8 | 14 | 21 | 10 | 9 | 120 |
| | | 85 | 79 | 119 | 116 | 100 | 134 | 120 | 106 | 148 | 143 | 122 | 148 | 1420 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **PAYYAMPALLY** | | | | | | | | | | | | | |
| 136 | APPAPARA | 1 | 0 | 0 | 2 | 5 | 0 | 2 | 0 | 5 | 2 | 1 | 2 | 20 |
| 137 | ARATTUTHARA | 13 | 13 | 10 | 12 | 5 | 15 | 16 | 4 | 15 | 15 | 10 | 12 | 140 |
| 138 | BAVALI | 1 | 0 | 0 | 2 | 0 | 0 | 1 | 0 | 0 | 1 | 0 | 0 | 5 |
| 139 | EDAYOORKUNNU | 6 | 5 | 3 | 5 | 4 | 0 | 3 | 2 | 4 | 1 | 6 | 2 | 41 |
| 140 | KAMMANA | 19 | 20 | 16 | 13 | 10 | 17 | 12 | 17 | 14 | 17 | 19 | 9 | 183 |
| 141 | KARTIKULAM | 3 | 5 | 10 | 13 | 13 | 15 | 14 | 15 | 9 | 19 | 15 | 13 | 144 |
| 142 | MARTIN NAGAR | 16 | 20 | 19 | 23 | 26 | 15 | 31 | 29 | 30 | 24 | 31 | 28 | 292 |
| 143 | PADAMALA | 11 | 9 | 15 | 10 | 9 | 13 | 11 | 12 | 14 | 10 | 9 | 6 | 129 |
| 144 | PANAVALLY | 5 | 0 | 2 | 0 | 1 | 0 | 4 | 0 | 6 | 0 | 5 | 4 | 27 |
| 145 | PAYYAMPALLY | 0 | 43 | 44 | 43 | 41 | 47 | 56 | 48 | 51 | 62 | 43 | 40 | 518 |
| 146 | THRISSILERY | 8 | 10 | 5 | 8 | 12 | 16 | 13 | 7 | 12 | 10 | 12 | 7 | 120 |
| | | 83 | 125 | 124 | 131 | 126 | 138 | 163 | 134 | 160 | 161 | 151 | 123 | 1619 |
| | **THARIODE** | | | | | | | | | | | | | |
| 147 | CHENNALODE | 21 | 14 | 27 | 36 | 27 | 31 | 23 | 17 | 30 | 33 | 17 | 18 | 294 |
| 148 | KAVUMMANNAM | 12 | 10 | 16 | 12 | 11 | 8 | 17 | 16 | 16 | 9 | 17 | 15 | 159 |
| 149 | KOTTATHARA | 14 | 15 | 12 | 20 | 15 | 17 | 11 | 11 | 18 | 21 | 32 | 8 | 194 |
| 150 | KURUMANI | 12 | 5 | 15 | 7 | 11 | 5 | 14 | 5 | 5 | 14 | 11 | 7 | 111 |
| 151 | KURUMBALA | 23 | 15 | 20 | 23 | 17 | 20 | 20 | 22 | 20 | 22 | 14 | 19 | 235 |
| 152 | MANGALAM | 10 | 4 | 10 | 5 | 9 | 8 | 6 | 11 | 13 | 7 | 11 | 9 | 103 |
| 153 | MANJOORA | 10 | 23 | 17 | 14 | 19 | 11 | 6 | 15 | 7 | 15 | 8 | 5 | 150 |
| 154 | PANTHIPOIL | 3 | 3 | 2 | 3 | 2 | 9 | 5 | 2 | 5 | 2 | 2 | 5 | 43 |
| 155 | PUTHUSERY KKADAVU | 12 | 10 | 5 | 14 | 10 | 7 | 9 | 14 | 7 | 11 | 7 | 5 | 111 |
| 156 | THARIODE | 23 | 36 | 21 | 34 | 29 | 30 | 20 | 26 | 33 | 33 | 18 | 28 | 331 |
| | | 140 | 135 | 145 | 168 | 150 | 146 | 131 | 139 | 154 | 167 | 137 | 119 | 1731 |

## TOTAL NUMBER OF STUDENTS IN FORANE LEVEL

| Name of Forane | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Bathery | 171 | 213 | 177 | 205 | 206 | 216 | 201 | 188 | 219 | 222 | 205 | 208 | 2431 |
| Chungakkunnu | 194 | 198 | 196 | 250 | 213 | 214 | 234 | 247 | 288 | 282 | 212 | 187 | 2715 |
| Kallody | 224 | 240 | 214 | 213 | 205 | 260 | 239 | 273 | 273 | 289 | 269 | 219 | 2918 |
| Kalpetta | 120 | 153 | 135 | 162 | 150 | 167 | 163 | 137 | 144 | 185 | 169 | 121 | 1806 |
| Mananthavady | 200 | 190 | 197 | 232 | 218 | 199 | 222 | 230 | 277 | 274 | 259 | 192 | 2690 |
| Manimooly | 122 | 124 | 140 | 146 | 135 | 113 | 150 | 134 | 141 | 160 | 133 | 117 | 1615 |
| Mullenkolly | 300 | 255 | 251 | 238 | 231 | 233 | 261 | 281 | 291 | 320 | 287 | 229 | 3177 |
| Nadavayal | 249 | 229 | 245 | 231 | 234 | 255 | 245 | 258 | 259 | 305 | 265 | 251 | 3026 |
| Nilambur | 88 | 94 | 82 | 108 | 108 | 141 | 129 | 110 | 128 | 134 | 111 | 87 | 1320 |
| Nilgiris | 85 | 79 | 119 | 116 | 100 | 134 | 120 | 106 | 148 | 143 | 122 | 148 | 1420 |
| Payyampally | 83 | 125 | 124 | 131 | 126 | 138 | 163 | 134 | 160 | 161 | 151 | 123 | 1619 |
| Thariode | 140 | 135 | 145 | 168 | 150 | 146 | 131 | 139 | 154 | 167 | 137 | 119 | 1731 |
| | 1976 | 2035 | 2025 | 2200 | 2076 | 2216 | 2258 | 2237 | 2482 | 2642 | 2320 | 2001 | 26468 |

| TOTAL NUMBER OF TEACHERS IN FORANE LEVEL | | | | | | |
|---|---|---|---|---|---|---|
| Name of Forane | Gents | Ladies | Sisters | Brothers | C.Team | Total |
| Bathery | 75 | 78 | 47 | 2 | | 199 |
| Chungakkunnu | 59 | 89 | 32 | 2 | | 182 |
| Kalody | 93 | 153 | 53 | 4 | | 303 |
| Kalpetta | 51 | 120 | 39 | 2 | | 212 |
| Mananthavady | 93 | 113 | 57 | 2 | | 265 |
| Manimooly | 42 | 60 | 32 | 0 | | 134 |
| Mullenkolly | 89 | 83 | 40 | 0 | | 212 |
| Nadavayal | 68 | 116 | 59 | 1 | | 244 |
| Nilambur | 51 | 91 | 22 | 0 | | 164 |
| Nilgiris | 53 | 76 | 37 | 3 | | 169 |
| Payyampally | 43 | 58 | 41 | 1 | | 143 |
| Thariode | 57 | 64 | 26 | 0 | | 147 |
| Total | 774 | 1101 | 485 | 17 | 24 | 2401 |

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

"വിശുദ്ധ കുടുംബം വിശുദ്ധ അൾത്താരയിൽ"

പ്രിയ മിഷൻ സുഹൃത്തുക്കളെ....

രൂപതാ സാഹിത്യ മത്സരവിജയികൾക്കും മേഖല കലാമത്സര വിജയികൾക്കും അഭിനന്ദനങ്ങൾ...

ഒത്തിരി സവിശേഷതകൾ നിറഞ്ഞ ഒരു മിഷൻ മാസത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. ആഗോളമിഷൻ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ വാ. ലൂയിജി മാർട്ടിനും, വാ. സെലി ഗ്വെറിനും വിശുദ്ധ അൾത്താരയിലെ പരസ്യവണക്കത്തിനായി പരിശുദ്ധ പിതാവ് 2015 ഒക്ടോബർ 18 ന് പ്രഖ്യാപിക്കുകയാണല്ലോ. മിഷൻലീഗ് കുടുംബത്തിന് ഒന്നായി അഭിമാനിക്കാവുന്ന വലിയ മുഹൂർത്തം. ഈ മാതാപിതാക്കൾക്കുണ്ടായ 9 മക്കളിൽ 4 പേർ വളരെ ചെറുപ്പത്തിലെ മരിക്കുകയും ബാക്കി 5 പേരും വിവിധ സന്യാസ ഭവനങ്ങളിൽ പ്രവേശിച്ച് ക്രിസ്തുവിന്റെ സുവിശേഷം ജീവിക്കുകയും ചെയ്യുന്നു. വി. കൊച്ചുത്രേസ്യായ്ക്ക് നാലര വയസ്സുള്ളപ്പോൾ ബ്രസ്റ്റിൽ അർബുദം ബാധിച്ച് ഈ അമ്മ മരിച്ചെങ്കിലും അതിനുമുമ്പേ വിശുദ്ധ പദവിയിലേക്കുള്ള പുണ്യങ്ങൾ അവർ പൂർത്തിയാക്കിയിരുന്നു. ഒരു സന്യാസിയാകാൻ ആഗ്രഹിച്ച പിതാവും ക്രിസ്തുവിന്റെ വിശുദ്ധ സേവകയാകാൻ ആഗ്രഹിച്ച മാതാവും ഒന്നു ചേർന്നപ്പോൾ ഈ ലോകത്തിനു തന്നെ സജീവ സാക്ഷ്യം നൽകുന്ന ഒരു കുടുംബത്തെ ദൈവം വാർത്തെടുക്കുകയായിരുന്നു.

കലുഷിതമാകുന്ന ആധുനിക കുടുംബങ്ങൾക്ക് മാതൃകയും പ്രചോദനവുമാണ് ഈ കുടുംബം. ഭൗതീക, സാമ്പത്തീക, ശാരീരിക സംഘർഷങ്ങൾക്കിടയിലും ദൈവസ്നേഹത്താൽ ജ്വലിച്ച് സഹിച്ചും പ്രാർത്ഥിച്ചും മെനഞ്ഞെടുത്ത ജീവിതം അനേകർക്ക് ആശ്വാസമാകുകയാണ് ഇനിമുതൽ. പ്രിയ മാതാപിതാക്കളെ നിങ്ങളുടെ ജീവിതം അനുഗ്രഹപ്രദമെങ്കിൽ നിങ്ങളുടെ മക്കൾ വിശുദ്ധരാകും. പ്രിയ മക്കളെ നിങ്ങൾ വിശുദ്ധരെങ്കിൽ, നിങ്ങളുടെ മാതാപിതാക്കളും വിശുദ്ധരാകും..

അൾത്താരയും, സ്നേഹ, ത്യാഗ, സഹന, സേവന ജീവിതവും നമ്മെ വിശുദ്ധിയുടെ പടവുകളിൽ നയിക്കട്ടെ... ഈ മിഷൻ മാസം തീക്ഷ്ണതയുടെ, വിശുദ്ധിയുടെ, കുടുംബ നവീകരണത്തിന്റെ ഒരു പ്രേഷിതമാസമായിരിക്കട്ടെ.

മിഷൻ ആശംസകളോടെ...

**ജോജോച്ചൻ**

**വിശുദ്ധ കുടുംബം വിശുദ്ധ അൾത്താരയിൽ**

ആഗോളമിഷൻ മദ്ധ്യസ്ഥയായ വി.കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ വാ.ലൂയിജി മാർട്ടിൻ, വാ. സെലി ഗ്വെരിൻ എന്നിവരെ 2015 ഒക്ടോബർ 18-ന് പരിശുദ്ധ പിതാവ് വിശുദ്ധരായി പ്രഖ്യാപിക്കുന്നു. അന്നത്തെ വി.ബലിയിലും മിഷൻഞായർ ആചരണത്തിലും ഈ വിഷയത്തിന് മുഖ്യപ്രാധാന്യം കൊടുക്കുമല്ലോ.

**2015 ഒക്ടോബർ 3, സി.എം.എൽ. ഏകദിന കൺവെൻഷൻ**

വി.കൊച്ചുത്രേസ്യായുടെ മാതാപിതാക്കളെ വിശുദ്ധരായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി "വിശുദ്ധ കുടുംബം വിശുദ്ധ അൾത്താരയിൽ" എന്ന വിഷയം ആസ്പദമാക്കി സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് ഒക്ടോബർ 3 ആദ്യശനിയാഴ്ച ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു. ഓരോ ഇടവകയിൽ നിന്നും പരമാവധി കുട്ടികളെയും മാതാപിതാക്കളെയും പങ്കെടുപ്പിക്കുമല്ലോ.

**വി.കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുശേഷിപ്പ് പ്രതിഷ്ഠ**

മാനന്തവാടി രൂപത സി.എം.എൽ. സംഘടനയുടെയും ചെറുകാട്ടൂർ ശാഖയുടെയും സംയുക്താഭിമുഖ്യത്തിൽ 2015 ഒക്ടോബർ 19 തിങ്കളാഴ്ച, താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമിജിയൂസ് ഇഞ്ചനാനിയുടെ മുഖ്യ കാർമ്മികത്വത്തിൽ വാ. ലൂയിജി മാർട്ടിൻ, വാ. സെലി ഗ്വെരിൻ എന്നിവരുടെ തിരുശേഷിപ്പുകൾ ചെറുകാട്ടൂർ ശാഖയിൽ പ്രതിഷ്ഠിക്കുന്നു. ഉച്ചകഴിഞ്ഞ് 3.30 ന് പനമരം ടൗണിൽ നിന്ന് സ്വീകരിച്ച് വാഹന അകമ്പടിയോടെ ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ കൊണ്ടുവരുകയും, തുടർന്ന് വി.കുർബാനയും തിരുശേഷിപ്പ് ചുംബത്തിനും ശേഷം പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

**Mission Week ആചരണം**

മിഷൻ ഞായറിനും, വി.കൊച്ചുത്രേസ്യായുടെ മാതാപിതാക്കളെ വിശുദ്ധരായി പ്രഖ്യാപിക്കുന്നതിനും മുന്നോടിയായി 11-10-2015 ഞായർ മുതൽ 18-10-2015 ഞായർ വരെ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകളോടെ Mission Week ആചരിക്കുമല്ലോ.

**"വിശുദ്ധകുടുംബം വിശുദ്ധ അൾത്താരയിൽ" വിളമ്പര പ്രചാരണം.**

വി.കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ വിശുദ്ധപദവി പ്രഖ്യാപനത്തിന്റെയും, തിരുശേഷിപ്പ് പ്രതിഷ്ഠയുടെയും പ്രചരണാർത്ഥം 11-ാം തീയതി ഞായറാഴ്ച വയനാട് ജില്ലയിലെ വിവിധ ഇടവകകളിലൂടെ വിശുദ്ധയുടെ മാതാപിതാക്കളുടെ ഛായാചിത്രവും വഹിച്ച്കൊണ്ട് വാഹന വിളംബരജാഥ ക്രമീകരിക്കുന്നു.

**മിഷൻലീഗ് രൂപത ടീം ധ്യാനം**

മാനന്തവാടി രൂപതയിലെ മിഷൻലീഗ് ടീം അംഗങ്ങൾക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും വേണ്ടിയുള്ള ത്രിദിന ധ്യാനം നടവയൽ ലാസലൈറ്റ് ആശ്രമത്തിൽ വച്ച് നവംബർ 6,7,8 തീയതികളിൽ നടത്തപ്പെടുന്നു.

**മേഖലാ പ്രസിഡണ്ട്/സെക്രട്ടറി മീറ്റിംഗ്**

മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന മേഖല പ്രസിഡണ്ട്, സെക്രട്ടറി മീറ്റീംഗ് സംസ്ഥാന സെക്രട്ടറി ബിനു മാങ്കൂട്ടം ഉദ്ഘാടനം ചെയ്തു. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, ബിനീഷ് തുമ്പിയാംകുഴി, സി. ലിസ എസ്.കെ.ഡി, രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവർ സംസാരിച്ചു.

**ആദരവിന്റെ നാൾ**

സി.എം.എൽ. പ്രവർത്തക നീനു നിരപ്പേലിന് (M.S.C. കമ്പ്യൂട്ടർ സയൻസിന് കണ്ണൂർ യൂണിവേഴ്സിറ്റിയിൽ സെക്കന്റ് റാങ്ക് ഹോൾഡർ) മാനന്തവാടി രൂപതയുടെ സ്നേഹോപകാരം രൂപത ഡയറക്ടർ റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ നൽകി. നീനു നിരപ്പേലിന് രൂപതയുടെ അഭിനന്ദനങ്ങൾ.

**സംസ്ഥാന സാഹിത്യമത്സരം**

സെപ്റ്റംബർ 21 ന് ദ്വാരകയിൽ വെച്ചു സംസ്ഥാന സാഹിത്യമത്സരം നടന്നു. മത്സരത്തിൽ രൂപത വിജയികളായ 33 പേർ പങ്കെടുത്തു. രൂപത ഡയറക്ടർ ബഹു.ജോജോ ചങ്ങനാംതുണ്ടത്തിലച്ചൻ മത്സരം ഉദ്ഘാടനം ചെയ്തു. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ജോർജ് പൈകയിൽ, രൂപത സെക്രട്ടറി രംജിത്ത് മുതുപ്ലാക്കൽ എന്നിവർ സംസാരിച്ചു. മത്സരത്തിന് ഒരുക്കിയ എല്ലാ ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

**മേഖലാ കലാമത്സരം**

ബത്തേരി, പയ്യമ്പള്ളി, തരിയോട്, ചുങ്കക്കുന്ന്, നീലഗിരി, കല്ലോടി മേഖലകളിലെ കലാമത്സരം ഏറ്റവും ഭംഗിയായി ക്രമീകരിച്ച ബഹു. ജെയ്സൺ കുഴികണ്ടത്തിലച്ചൻ, ബഹു. സുനിൽ മഠത്തിലച്ചൻ,

ബഹു. അനിൽ മുഞ്ഞനാട്ടച്ചൻ, ബഹു. ബിനോയി കാശാംകുറ്റിയിലച്ചൻ, ബഹു. ജെയ്നേഷച്ചൻ, ബഹു. ജിമ്മി ഓലിക്കലച്ചൻ എന്നിവർക്കും ജോ. ഡയറക്ടേഴ്സിനും മേഖലാ ഭാരവാഹികൾക്കും, പങ്കെടുത്ത എല്ലാവർക്കും രൂപതയുടെ അഭിനന്ദനങ്ങൾ.

**മിഷൻ പവർഗ്രൂപ്പ് സംഗമം**

രൂപത, മേഖല, ശാഖ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതിനായി രൂപീകരിച്ച മിഷൻപവർ ഗ്രൂപ്പ് മാനന്തവാടി രൂപതയുടെ മുൻ പ്രസിഡണ്ട് തോമസ് കല്ലറയ്ക്കൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ ബിനീഷ് തുമ്പിയാംകുഴി അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സന്ദേശം നൽകി. ബിനു മാങ്കൂട്ടം, സി. ലിസ എസ്.കെ.ഡി. എന്നിവർ ആശംസകളർപ്പിച്ചു. രൂപതാ ജനറൽ സെക്രട്ടറി രഞ്ചിത്ത് മുതുപ്ലാക്കൽ നന്ദിയർപ്പിച്ചു.

**സെമിനാർ**

മേഖല, ശാഖ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതിനായി രൂപതയിലെ മിഷൻ പവർഗ്രൂപ്പിന് ശ്രീ. തോമസ് കല്ലറയ്ക്കൽ, ശ്രീ. ഷാജി ചന്ദനപ്പറമ്പിൽ എന്നിവർ ക്ലാസെടുത്തു.

**സാഹിത്യശില്പശാല**

സംസ്ഥാന മത്സരത്തിന് മുന്നൊരുക്കമായി സാഹിത്യശില്പശാല പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ശില്പശാല രൂപതാ ഡയറക്ടർ ജോജോ ചങ്ങനാംതുണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ശില്പശാലയ്ക്ക് ജോസ് പള്ളത്ത്, തോമസ് കല്ലറയ്ക്കൽ, ഷാജി പനപറമ്പിൽ എന്നിവർ ക്ലാസുകൾ എടുത്തു. രൂപതാ ഓർഗനൈസർ ബിനീഷ് തുമ്പിയാംകുഴിയിൽ, സെക്രട്ടറി രഞ്ചിത്ത് മുതുപ്ലാക്കൽ എന്നിവർ നേതൃത്വം കൊടുത്തു.

**മിഷൻമാസ റിപ്പോർട്ട്**

മിഷൻമാസ പ്രവർത്തന റിപ്പോർട്ട് (ഫോട്ടോസ് ഉൾപ്പെടെ) നവംബർ 15-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിന്ശേഷം വരുന്ന റിപ്പോർട്ട് മിഷൻമാസ മത്സരത്തിൽ പരിഗണിക്കപ്പെടുന്നതല്ല.

**രൂപതാ കലാമത്സരം**

ഒക്ടോബർ 10-ാം തീയതി 9.30 മുതൽ ദ്വാരക സേക്രട്ട് ഹാർട്ട് ഹൈസ്കൂളിൽ നടത്തപ്പെടുന്നതാണ്. രൂപതാ മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവരെ പരിശീലിപ്പിച്ച് പറഞ്ഞുവിടാൻ ശ്രദ്ധിക്കുമല്ലോ.

**മേഖലാ വാർത്തകൾ**

**നീലഗിരി**

പ്രതിഷേധറാലി മീറ്റിംഗ്, കയ്യൂന്നി അസി.വികാരിക്ക് നേരെയുണ്ടായ ആക്രമണത്തിനെതിരെ പ്രതിഷേധ മീറ്റിംഗ് നടത്തി.

**പുൽപ്പള്ളി**

സമർപ്പിതവർഷത്തോടനുബന്ധിച്ച് പുൽപ്പള്ളി മേഖലയിലെ എല്ലാ സമർപ്പിതർക്കും ആശംസാ കാർഡുകൾ കൈമാറി. ഫണ്ട് ശേഖരണത്തിനായി Wam Tea യുമായി സഹകരിച്ച് ചായപ്പൊടി വിതരണം ശാഖകളിൽ ആരംഭിച്ചു.

**കൽപ്പറ്റ**

അൾത്താരബാല സംഗമം നടത്തി. രൂപതാഡയറക്ടർ റവ.ഫാ. ജോജോ അച്ചൻ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**പയ്യമ്പള്ളി**

മേഖല മുഖപത്രം 'ജ്യോതിസ്' പ്രകാശനം ചെയ്തു. കഴിഞ്ഞ വർഷം 10, 12 ക്ലാസുകളിൽ Full A+ നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. കഴിഞ്ഞ പ്രവർത്തനവർഷത്തിൽ മേഖലയിലെ മികച്ച ശാഖയായി കമ്മന ശാഖയെ തിരഞ്ഞെടുത്തു. കല്ലോടി മേഖലാ പ്രസിഡന്റ് ബിനോയ് കടുപ്പിലിന്റെ ഭാര്യയുടെ ആകസ്മികമായ നിര്യാണത്തിൽ മേഖല അനുശോചിച്ചു.

**നിലമ്പൂർ**

റൂബിനഗർ ശാഖയിലെ സി.എം.എൽ. അംഗമായ ജെറിൻ ജോർജിന്റെ ആകസ്മികമായ നിര്യാണത്തിൽ മേഖല ഭാരവാഹികൾ ആദരാഞ്ജലികൾ അർപ്പിച്ച് ജെറിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. ഭവനസന്ദർശനം നടത്തി 10,000 രൂപ സഹായമായി നൽകി.

**ശാഖാ വാർത്തകൾ**

*അമരക്കുനി :-* വിദ്യഭ്യാസ സഹായം 2500 രൂപയും രോഗീസഹായം 1500 രൂപയും നൽകി.

*അരുൾനിലയം :-* ശാഖാ സെമിനാർ നടത്തി. സി. പ്രശാന്തി എം.എസ്. എം.ഐ. നേതൃത്വം നൽകി.

*തേൾപ്പാറ :-* ഇടവകയിൽ സേവനം ചെയ്യുന്ന അസംപ്ഷൻ സിസ്റ്റേഴ്സിന് തിരുനാളിനോടനുബന്ധിച്ച് ആശംസകൾ നേർന്നു.

*മാർട്ടിൻനഗർ :-* സി.എം.എൽ. അംഗങ്ങൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി.

*മംഗളം :-* സ്നേഹാലയം, സമരിറ്റൻഭവൻ എന്നിവ സന്ദർശിച്ച് വസ്ത്രങ്ങളും മറ്റ് സാധനങ്ങളും നൽകി.

*യവനാർകുളം :–* ഓണാഘോഷം വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു.
*കാട്ടിക്കുളം :–* സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബഹു. തോമസ് മണ്ണൂരച്ചന് ആശംസകൾ നേർന്നു.
*കൽപ്ര :–* 12–ാം ക്ലാസിൽ പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ മൂന്ന് കുട്ടികൾക്ക് മുൻകാല സി.എം.എൽ. പ്രവർത്തകനായ ശ്രീ. ജോർജ് ചേലമാക്കിൽ തന്റെ മാതാപിതാക്കളുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ അവാർഡും ട്രോഫിയും വിതരണം ചെയ്തു. തൊഴില ധിഷ്ഠിത കോഴ്സിന് ചേർന്ന ഒരംഗത്തിന് 5000 രൂപ വിദ്യാഭ്യാസ സഹായം നൽകി.
*തരിയോട് :–* ഇടവകയിലെ നിർദ്ധനനായ ഒരു ക്യാൻസർ രോഗിക്ക് 5000 രൂപ ചികിത്സാ സഹായമായി നൽകി.
*വെള്ളൂന്നി :–* വി.ജോൺമരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വിയാനിഭവൻ സന്ദർശിച്ച് വൈദീകർക്ക് ആശംസകൾ നൽകി.
*ചോക്കാട് :–* ബൈബിൾ ക്വിസ് നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.
*വടപുറം :–* സി.എം.എൽ. അംഗങ്ങൾക്കായി പ്രാർത്ഥനാ പരിശീലനം നൽകുന്നതിനായി “ടെബോ കോർണർ” എന്ന പേരിൽ ഒരു പ്രോഗ്രാം നടത്തി.
*പയ്യമ്പള്ളി :–* സമർപ്പിത വർഷത്തോടനുബന്ധിച്ച് ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന സമർപ്പിതരെയും മതബോധന രംഗത്ത് 25 വർഷം പൂർത്തി യാക്കിയ മതാദ്ധ്യാപകരെയും ആദരിച്ചു.
*കൽപ്പറ്റ :–* സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കൊളാഷ് നിർമ്മിച്ച് പ്രദർശിപ്പിച്ചു.
*പടമല :–* ഗവൺമെന്റ് ആശുപത്രി സന്ദർശിച്ച് രോഗികൾക്ക് ഉച്ച ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്തു.
*ഒലിവുമല :–* സി.എം.എൽ. സീനിയേഴ്സ് അംഗങ്ങൾക്കും മാതാപിതാ ക്കൾക്കും ഏകദിന സെമിനാർ നടത്തി.
*നെടുമ്പാല :–* വി.ജോൺ മരിയ വിയാനിയുടെ തിരുനാൾദിനത്തിൽ വികാരിയച്ചനും മുൻവികാരിമാർക്കും ആശംസകൾ അയച്ചു.
*ചൂരൽമല :–* ഓണാഘോഷം വിവിധ പരിപാടികളോടെ നടത്തി.
*വാഴവറ്റ :–* ജ്യോതി നിവാസിൽ ഓണസദ്യയൊരുക്കി. ഓണം അവ രോടൊപ്പം നടത്തി.
*തവിഞ്ഞാൽ :–* മാതൃസംഘത്തിലെ അമ്മമാർക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വികാരിയച്ചന്റെ നേതൃത്വത്തിൽ അൾത്താര സംഘത്തിലെ കുട്ടികൾക്ക് പരിശീലനവും ക്ലാസും നൽകി.

*കൊട്ടിയൂർ :-* ക്രിസ്റ്റീൻ ധ്യാനം നടത്തി.

*വിളമ്പുകണ്ടം :-* കാഴ്ചസമർപ്പണത്തിലൂടെ ശേഖരിച്ച അരി ഒരു നിർദ്ധന കുടുംബത്തിന് നൽകി. ശാഖയിലെ സീനിയേഴ്സിനായി 3 ദിവസത്തെ സെമിനാർ നടത്തി.

*പഴൂർ :-* കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. ദൈവവിളി സെമിനാർ നടത്തി. റവ.ഫാ. ബിജു OFM Cap. നേതൃത്വം നൽകി.

*ചുങ്കക്കുന്ന് :-* മേഖലയോട് ചേർന്ന് ദേവഭവൻ വൃദ്ധസദനം സന്ദർശിച്ച് 50,000 രൂപ വിതരണം ചെയ്തു.

*മംഗലശ്ശേരി :-* സമർപ്പിതവർഷത്തോടനുബന്ധിച്ച് പ്രസംഗമത്സരം, ക്വിസ് മത്സരം എന്നിവ നടത്തി.

*ചാരിറ്റി :-* എസ്.എച്ച്. മഠത്തിലെ മുൻ മദറിന്റെ (മദർ സെയിൽസ്) നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി പ്രാർത്ഥിച്ചു.

*പുൽപ്പള്ളി :-* "ഭക്ഷ്യവസ്തുക്കളിലെ മായ"ത്തെക്കുറിച്ച് കുട്ടികൾക്കും മുതിർന്നവർക്കുമായി സെമിനാർ നടത്തി. ശ്രീ. സന്തോഷ് പാലക്കാട്ട് ബോധവൽക്കരണ ക്ലാസ് നയിച്ചു.

*വാളാട് :-* കലാമത്സര പരിശീലനം നടത്തി. അജീഷ് എടപ്പാട്ട് ക്ലാസിന് നേതൃത്വം നൽകി.

*പനമരം :-* ഭ്രൂണഹത്യ നിയമം ആക്കുന്നതിനെതിരെ ഒപ്പുശേഖരണം നടത്തി.

*തലഞ്ഞി :-* സി.എം.എൽ. അംഗങ്ങൾക്കായി അർദ്ധദിന സെമിനാർ നടത്തി. സി. ലിൻസിയും ഗ്രൂപ്പും നേതൃത്വം നൽകി. അപകടത്തിൽ മരിച്ച സി.എം.എൽ. അംഗം സജിന്റെ ഭവനം സന്ദർശിച്ച് ഒരു മണിക്കൂർ പ്രാർത്ഥന നടത്തി.

*നടവയൽ :-* വി. ജോൺമരിയ വിയാനിയുടെ തിരുനാളിൽ ഇടവകയിലെ വൈദികരെ ആദരിച്ചു.

*പാലാങ്കര :-* വിയാനിദിനത്തിൽ വികാരിയച്ചനെ ആദരിച്ചു.

*നിലമ്പൂർ :-* ക്രിസ്റ്റീൻ ധ്യാനം നടത്തി.

*അരിഞ്ചേർമല :-* "സമർപ്പിത വഴിയെ" മാർഗ്ഗരേഖ പ്രകാശനം ചെയ്തു.

*ചുള്ളിയാന :-* രോഗീസന്ദർശനം നടത്തി.

*ചുള്ളിയോട് :-* ഇടവകയിലെ മുഴുവൻ അംഗങ്ങൾക്കുമായി ദൈവവിളി സെമിനാർ നടത്തി. ബഹു. ഷിബിൻ പല്ലാട്ടുതുണ്ടത്തിൽ അച്ചൻ നേതൃത്വം നൽകി.

*ഇരുളം :-* ഭാരതത്തിന് വേണ്ടി ജപമാല സൈന്യം കുട്ടികൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*കാവുംമന്ദം :-* വർഷങ്ങളായി ഇടവകയിൽ തളർന്നു കിടക്കുന്ന ഏനാപ്പള്ളി ജോസഫിനെ സി. പീയൂഷും ഭാരവാഹികളും സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

*പറളിക്കുന്ന് :-* അൾത്താരബാലദിനം പ്രത്യേക പ്രാർത്ഥന നടത്തി.

*ശാന്തിഗിരി :-* മേഖല കാലാമത്സരത്തിനൊരുക്കമായി ശാഖയിൽ കുട്ടികൾക്ക് മത്സരം നടത്തി.

*ദ്വാരക :-* 13 മണി ആരാധന നടത്തി. ഒരു മണിക്കൂർ സി.എം.എൽ. അംഗങ്ങൾ സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിച്ചു.

*വാകേരി :-* ജൈവകൃഷിയെ പ്രോത്സാഹിപ്പിച്ച് ഓരോ കുട്ടിക്കും 2 വാഴക്കന്ന് വീതം വിതരണം ചെയ്തു. പള്ളിപ്പരിസരത്ത് സി.എം. എൽ.ന്റെ നേതൃത്വത്തിൽ വാഴകൃഷിയും പച്ചക്കറിത്തോട്ടവും നിർമ്മിച്ചു.

*കബനിഗിരി :-* എല്ലാ ഞായറാഴ്ചയും ബൈബിൾ ക്വിസ് മത്സരം നടത്തുന്നു.

*കുറുമ്പാല :-* ഇടവകയിലെ ഒരു വ്യക്തിക്ക് ചികിത്സാ സഹായമായി 5000 രൂപ നൽകി.

*കുറുമണി :-* ഓരോ മാസവും ഓരോ വിശുദ്ധരെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി വി.തോമാശ്ലീഹായെക്കുറിച്ച വി.ടെസിമരിയ ക്ലാസ് എടുത്തു.

*വഞ്ഞോട് :-* മാനന്തവാടി സമരിറ്റൻഭവൻ, നടവയൽ ഓസാനാംഭവൻ സന്ദർശിക്കുകയും കാഴ്ച വയ്പിലൂടെ ലഭിച്ച അരി നൽകുകയും ചെയ്തു. എക്സിബിഷൻ നടത്തി.

*കുറുമ്പാലക്കോട്ട :-* നിർദ്ധനരെ സഹായിക്കുന്നതിനായി സി.എം.എൽ. നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങൾ കുട്ടികൾ സംഭാവന നൽകി.

*വടക്കനാട് :-* സി.എം.എൽ. അംഗങ്ങൾക്കായി ഏകദിനസെമിനാർ നടത്തി. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.

*പോരൂർ :-* പരിസ്ഥിതി സംരക്ഷണ സേനയ്ക്കു രൂപം നൽകുകയും ഓണാഘോഷത്തോടനുബന്ധിച്ച് ഓണകിറ്റ് വിതരണം ചെയ്യുകയും ചെയ്തു.

*ചിത്രഗിരി :-* ചുള്ളിയോട് വെച്ച് നടന്ന ഇന്ത്യൻ രക്തസാക്ഷി ദിനാചരണത്തിൽ 60 പേർ പങ്കെടുത്തു.

*സീതാമൗണ്ട് :-* വി. ജോൺ മരിയ വിയാനിദിനത്തിൽ വികാരിയച്ചനെ ആദരിച്ചു.

*ആടിക്കൊല്ലി :-* ഇന്ത്യ ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട് മിഷനറിമാർ കൊളാഷ് നിർമ്മിച്ച് പ്രദർശിപ്പിച്ചു. ഓണാഘോഷം വിവിധ പരിപാടികളോടെ ആഘോഷിച്ചു.
*പനംചിറ :-* കപ്പാല കോളനി സന്ദർശിച്ച് അവർക്ക് മധുര പലഹാരവും വസ്ത്രവും നൽകി.
*പുതുശ്ശേരി :-* അർദ്ധദിന സെമിനാർ നടത്തി. റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ നേതൃത്വം നൽകി. രോഗീസഹായം, പഠനസഹായം എന്നിവ നൽകി.
*ധർമ്മഗിരി :-* ഭക്ഷ്യസുരക്ഷയെക്കുറിച്ച് 15-8-15 ന് ശാഖയിൽ എക്സിബിഷൻ നടത്തി.
*നെല്ലിയോടി :-* ആഘോഷമായി ഓണാഘോഷപരിപാടി നടത്തി.

**സ്നേഹപൂർവ്വം**

ഈശോയ്ക്ക് ഇഷ്ടപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങൾ ക്രമീകരിച്ച് പ്രവർത്തിച്ചുവരുന്ന നമുക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു മാസമാണ് ഒക്ടോബർ മാസം. അതുകൊണ്ട് മിഷൻമാസ പ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി ക്രമീകരിക്കുവാൻ നമുക്ക് ശ്രമിക്കാം. രൂപത കലാമത്സരവും സംസ്ഥാന കലാമത്സരവും നന്നായി നടക്കുന്നതിനും നമ്മുടെ കുട്ടികൾക്ക് നന്നായി മത്സരിക്കുന്നതിനും കഴിയുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നല്ല ഒരു മിഷൻമാസം ആശംസിച്ചുകൊണ്ട്

നിങ്ങളുടെ സ്വന്തം,

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപത ജനറൽ സെക്രട്ടറി.

## Department of Youth Ministry

**PSC സെമിനാർ**

'തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഏതൊരു വ്യക്തിക്കും നല്ലൊരു തൊഴിൽ ലഭിക്കുക എന്ന ഉദ്ദേശത്തോടെ PSC പരിശീലനത്തിന് മുന്നോടിയായി PSC & Job Orientation Seminar ഓഗസ്റ്റ് 30-ാം തീയതി മാനന്തവാടി ടൗൺ ചർച്ചിൽ വച്ച് നടത്തപ്പെട്ടു. 250 പേർ പങ്കെടുത്തു. അതോടൊപ്പം PSC ബുള്ളറ്റിനും വിതരണം ചെയ്തു. റവ.ഫാ. ലാൽ പൈനുങ്കൽ, റവ. ഫാ. ബിജു തുരുത്തേൽ, സി. ഡെൽഫി CMC, സി. ടെസിൻ SH എന്നിവർ സെമിനാറിന് നേതൃത്വം നല്കി. ശ്രീ. സുനിൽ സാർ ക്ലാസുകൾ നയിച്ചു. ഈ സെമിനാറിലേക്ക് യുവജനങ്ങളെ പറഞ്ഞയച്ച മാനന്തവാടി, പയ്യമ്പള്ളി, കല്ലോടി ഫൊറോന വികാരിമാരെയും ഇടവകയിലെ എല്ലാ അച്ചൻമാരെയും നന്ദിപൂർവ്വം ഓർക്കുന്നു.

**PSC കോച്ചിംഗ്**

മാനന്തവാടി രൂപത Department of Youth Ministry യുടെ നേതൃത്വത്തിൽ ദ്വാരക ITC, മാനന്തവാടി കേരള അക്കാദമി എന്നീ സ്ഥലങ്ങളിൽ ആരംഭിക്കുന്ന PSC കോച്ചിംഗിന് പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ October 4 -ാം തീയതി ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്ന പ്രാഥമിക ക്ലാസ്സിൽ സംബന്ധിക്കേണ്ടതാണ്. അന്നേദിവസം Admission Fee ആയ 1500 രൂപ കൊണ്ടുവരേണ്ടതാണ്. ക്ലാസ്സ് 10 മണിക്ക് ആരംഭിച്ച് 4 മണിക്ക് തീരുന്നതായിരിക്കും. ഉച്ചഭക്ഷണം കൊണ്ടുവരണം. ദ്വാരക അൽഫോൻസാ പള്ളിയിൽ രാവിലെ 8 മണിക്കും വൈകുന്നേരം 4 മണിക്കും വിശുദ്ധ കുർബ്ബായിൽ പങ്കെടുക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കും.

**യൂത്ത് വോളണ്ടിയേഴ്സ് ടീം**

ഒരു ഇടവകയിൽ നിന്നും 4 യുവജനങ്ങൾക്ക് സുവർണ്ണാവത്സരം. 2 വർഷം യുവജനപ്രവർത്തനങ്ങൾക്കും സഭാ സേവനത്തിനുമായി സമയം ചെലവഴിക്കാൻ താത്പര്യമുള്ള യുവജനങ്ങളുടെ പേരുകൾ ക്ഷണിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒക്ടോബർ 22 മുതൽ 25 വരെ തീയതികളിൽ നടക്കുന്ന ട്രെയിനിംഗ് Programme ൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നു. താത്പര്യം ഉള്ളവർ Degree പഠിക്കു

ന്നവരോ മറ്റ് ഉന്നതപഠനം നടത്തുന്നവരോ ആയിരിക്കണം. പേരുകൾ ഒക്ടോബർ 15 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കണം. ബഹു. വികാരിയച്ചന്മാരുടെ ശുപാർശ നിർബന്ധമാണ്.

**Career CAR**

നമ്മുടെ രൂപതയിലെ വിദ്യാർത്ഥികളെ അവരുടെ പഠന, ജോലി മേഖലകളിൽ സഹായിക്കുന്നതിനുള്ള ഒരു സംരഭമാണ് Career CAR (Cognitive Approach to Reality). Career CAR Resource Team രൂപീകരണത്തിനായുള്ള പ്രാഥമിക ചർച്ചകൾ നടന്നു. ചർച്ചയ്ക്ക് ഫാ. ലാൽ പൈനുങ്കൽ നേതൃത്വം നല്കി. ശ്രീ. മനോജ് അമരക്കുനി, അഡ്വ. ശ്രീ. ജിജിൽ കുഞ്ഞോം എന്നിവർ പങ്കെടുത്തു.

**PSC ബുള്ളറ്റിൻ**

കേരള Gov. സ്ഥാപിതമായ Public Service Commission ന്റെ ഔദ്ധ്യോഗിക PSC ബുള്ളറ്റിൻ മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നല്കപ്പെടുന്നു. ഒന്നിന് 5 രൂപയാണ് വില. PSC സംബന്ധിച്ച പരീക്ഷകൾ Reg. ചെയ്യുന്നതിനും General Knowledge നേടുന്നതിനും, പരീക്ഷയ്ക്കായി ഒരുങ്ങുന്ന വ്യക്തികൾക്ക് ഈ ബുള്ളറ്റിൻ ഏറ്റവും നല്ല സഹായകമാണ്. ഇടവകയുടെ നേതൃത്വത്തിൽ നമ്മുടെ യുവജനങ്ങൾക്ക് ഇത് വരുത്തികൊടുക്കുകയും പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി കൊടുക്കുന്നതും വളരെ ഉപകാരപ്രദമായിരിക്കും കോപ്പികൾക്ക് രൂപത ഓഫീസുമായി ബന്ധപ്പെടുക.

**Holy Land തീർത്ഥാടനം**

Department of Youth Ministry യുടെ നേതൃത്വത്തിൽ ഒക്ടോബർ 12 ന് 5 വൈദികർ ഉൾപ്പെടെ 24 പേർ വിശുദ്ധനാട്ടിൽ പോയി 23 ന് തിരിച്ചെത്തുന്നു. തീർത്ഥാടനത്തിനു പോകുന്നവർക്ക് എല്ലാവിധ യാത്രാ മംഗളങ്ങളും ആശംസിക്കുന്നു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

## കെ. സി. വൈ. എം.

**ജീവന്റെ വൃക്ഷം**

പരിസ്ഥിതിയെകുറിച്ചുള്ള ഫ്രാൻസീസ് പാപ്പായുടെ ചാക്രിക ലേഖനം 'ലൗദാത്തോ സീ' ജീവന്റെ വൃക്ഷം എന്ന പേരിൽ ഒരു സെമിനാർ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഒക്ടോബർ 2 വെള്ളിയാഴ്ച 9.30 am മുതൽ 2 pm വരെ നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 40 രൂപ. ഒരു യൂണിറ്റിൽ നിന്നും 4 പേരെ പങ്കെടുപ്പിക്കാൻ സഹായിക്കുമല്ലോ.

**സ്നേഹദൂത്**

ലോകരക്ഷകനായ യേശു ക്രിസ്തുവിന്റെ പിറവിത്തിരുന്നാളാഘോഷത്തോടനുബന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപത വർഗ്ഗീയതക്കും മതതീവ്രവാദത്തിനുമെതിരെ യുവജനങ്ങളുടെ നേതൃത്വത്തിൽ സാന്താക്ലോസ് വേഷമണിഞ്ഞ്, സ്നേഹസന്ദേശയാത്ര– സ്നേഹദൂത് ഡിസംബർ 21 ഉച്ചയ്ക്ക് 2 മണിക്ക് മാനന്തവാടിയിൽ. പൊതുജനറാലി, പൊതുസമ്മേളനം, ക്രിസ്മസ് ഡിസ്പ്ലേ എന്നിവ നടത്തുന്നു. ക്രിസ്മസ് പപ്പായുടെ വേഷത്തിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന യൂണിറ്റിന് (100 പേരിൽ കൂടുതൽ) ബത്‌ലഹേം പുരസ്ക്കാരവും 10000 രൂപയും യൂണിറ്റ് ഡയറക്ടർക്ക് ക്രിസ്മസ് പപ്പ ഓഫ് ദി ഇയർ മെമന്റോയും മേഖലയ്ക്ക് (500 പേരിൽ കൂടുതൽ) ആളുകളെ പങ്കെടുപ്പിക്കുന്ന മേഖലയ്ക്ക് ബത്‌ലഹേം പുരസ്ക്കാരവും 5000 രൂപയും കൊടുക്കുന്നു.

**സാന്താക്ലോസ് ഡ്രസ്സ്**

ഇടവകയിലെ ക്രിസ്മസ് കരോൾ ആഘോഷത്തിനും ഡിസംബർ 21 ന് നടത്തുന്ന സ്നേഹദൂതിനും ഉപയോഗിക്കാവുന്ന സാന്താക്ലോസ് ഡ്രസ്സ് കെ.സി.വൈ.എം. മാനന്തവാടി രൂപത ലഭ്യമാക്കുന്നു. 300 രൂപയാണ് വില. കുറഞ്ഞത് 3 വർഷമെങ്കിലും ഉപയോഗിക്കാവുന്ന മേല്ത്തരം cloth ഉപയോഗിച്ച് ഉണ്ടാക്കിയതാണ്.

ഓഡറുകൾ മേഖലയുടെ നേതൃത്വത്തിൽ ഒക്ടോബർ 10 ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

## Crazy Wayanad Mud Football 2015

കെ.സി.വൈ.എം. രൂപത Crazy Wayanad Mud Football 2015 തരിയോട് മേഖല കോട്ടത്തറ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. തരിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സി.റ്റി. ചാക്കോ ഉത്ഘാടനവും കെ.സി.വൈ.എം. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. എബിൻ മുട്ടപ്പള്ളി അദ്ധ്യക്ഷതയും രൂപതാ ട്രഷറർ ശ്രീ. അജീഷ് പുല്ലാട്ടുകുടിയിൽ സ്വാഗതവും ആശംസിച്ചു. റവ. ഫാ. ടോമി കൊച്ചുപാറക്കൽ, റവ.ഫാ. മാർട്ടിൻ പുതുശ്ശേരി, ശ്രീ. ബിബിൻ ചെമ്പക്കര എന്നിവർ ആശംസകളർപ്പിച്ചു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണം നടത്തി. ശ്രീ. ഷാജി അഴകനാൽ നന്ദിയർപ്പിച്ചു. 16 ടീം പങ്കെടുത്തു. 1-ാം സമ്മാനം പട്ടാണിക്കൂപ്പിനും 2-ാം സമ്മാനം പയ്യമ്പള്ളി യൂണിറ്റും നേടി. സമ്മാനദാനം കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നിർവ്വഹിച്ചു. പങ്കെടുത്ത എല്ലാ ടീം അംഗങ്ങൾക്കും അഭിനന്ദനങ്ങൾ. Crazy Wayanad Mud Football മനോഹരമാക്കുവാനും വിജയിപ്പിക്കുവാനും കഠിനാദ്ധ്വാനം ചെയ്ത കോട്ടത്തറ യൂണിറ്റ് ഭാരവാഹികളെയും യുവജനങ്ങളെയും ആനിമേറ്റർ സിസ്റ്ററിനേയും ബഹുമാനപ്പെട്ട വികാരിയച്ചനെയും നന്ദിയോടെ ഓർക്കുന്നു.

## ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണം

കെ.സി.വൈ.എം. മാനന്തവാടി രൂപതയും, ബത്തേരി മേഖലയും, ചെറുപുഷ്പമിഷൻലീഗ് ബത്തേരി മേഖലയും, ചുള്ളിയോട് ഇടവകയും സംയുക്തമായി ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണം ചുള്ളിയോട് ടൗണിൽ വച്ച് 23-8-2015 ന് ഞായറാഴ്ച നടത്തപ്പെട്ടു. ചുള്ളിയോട് സെന്റ് ഫ്രാൻസീസ് അസീസി ദേവാലയത്തിൽ നിന്നാരംഭിച്ച റാലി ഇടവക ഡയറക്ടർ റവ. ഫാ. ജോസ് മുണ്ടക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. റാലിയിൽ 1200 ഓളം പേർ പങ്കെടുത്തു. തുടർന്ന് ചുള്ളിയോട് ടൗണിൽ വച്ച് നടന്ന സമ്മേളനത്തിൽ ശ്രീ. ജെയിംസ് സ്വാഗതവും, കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണവും നടത്തി. ബത്തേരി ഫൊറോനാ വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ സമ്മേളനം ഉത്ഘാടനം ചെയ്തു. ശ്രീ. ജോസ് പള്ളത്ത് മുഖ്യപ്രഭാഷണം നടത്തി. മിഷൻലീഗ് ബത്തേരി മേഖല ഡയറക്ടർ റവ. ഫാ. ജെയ്സൺ കുഴികണ്ടത്തിൽ സമ്മേളനത്തിന് നന്ദി പറഞ്ഞു. മേഖല ഡയറക്ടർ

റവ.ഫാ. സജി ആവുങ്ങാട്ടച്ചനും യൂണിറ്റ് ഡയറക്ടറച്ചനും മേഖലാ, യൂണിറ്റ് ഭാരവാഹികളും നേതൃത്വം നല്കി.

**മേഖല യൂണിറ്റ്തല ഇലക്ഷൻ**

2016 വർഷത്തിൽ സംഘടനയെ നയിക്കേണ്ടവരെ തിരഞ്ഞെടുക്കുന്ന ഇലക്ഷനുകൾ നവംബർ 12-നു മുമ്പ് യൂണിറ്റുകളിലും ഡിസംബർ 1-നു മുമ്പ് മേഖലകളിലും പൂർത്തിയാക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്നവരുടെ പൂർണവിവരങ്ങൾ തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**Pearl- 2015 കലാസാഹിത്യ മത്സരങ്ങൾ**

**സാഹിത്യമത്സരം**

ഒക്ടോബർ 4-ാം തീയതി മേഖല, രൂപതാ സാഹിത്യ മത്സരങ്ങൾ മേഖല നിശ്ചയിക്കുന്ന കേന്ദ്രങ്ങളിൽ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് മേഖലയ്ക്ക് തീരുമാനിക്കാവുന്നതാണ്. രചനാ മത്സരങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ മേഖലയുടെ നേതൃത്വത്തിൽ ലഭ്യമാക്കേണ്ടതാണ്. മത്സരത്തിന്റെ വിഷയം രൂപതാ കേന്ദ്രത്തിൽ നിന്നും നല്കുന്നതായിരിക്കും. ഒക്ടോബർ 21 ന് മുമ്പായി 1st, 2nd സ്ഥാനങ്ങൾക്ക് സമ്മാനാർഹരായ സൃഷ്ടികളുടെ ലിറ്റ് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**മത്സര ഇനങ്ങൾ**

സംഘമത്സരങ്ങൾ: ഡിബേറ്റ്, സംഘഗാനം, ക്വിസ്, കെ.സി.വൈ.എം. ആന്തം, തെരുവുനാടകം,
മാർഗ്ഗംകളി (പെൺകുട്ടികൾ), മൈം, പരിചമുട്ടുകളി (ആൺകുട്ടികൾ).
വ്യക്തിഗത ഇനങ്ങൾ: ലളിതഗാനം (യുവാവ്, യുവതി) നാടോടിനൃത്തം (യുവാവ്, യുവതി),
മോണോ ആക്ട്, മിമിക്രി, പ്രസംഗം, കഥാപ്രസംഗം (1+4 പിന്നണി)
രചനാമത്സരങ്ങൾ (വ്യക്തിഗതം): ഉപന്യാസം, കവിതാരചന, കഥാരചന, പോസ്റ്റർ രചന, നോട്ടീസ് രചന, മുദ്രാവാക്യരചന, കൊളാഷ്, കാർട്ടൂൺ, പത്രവാർത്താരചന.
യുവാവ്/യുവതി എന്ന് വേർതിരിച്ച് എഴുതിയിട്ടില്ലാത്ത മത്സരങ്ങൾ ഒന്നിച്ചായിരിക്കും നടത്തുക.

**മത്സരത്തെ സംബന്ധിച്ചുള്ള പൊതുനിർദ്ദേശങ്ങൾ**

1. കെ.സി.വൈ.എം. അംഗങ്ങൾക്ക് മാത്രമേ മത്സരയിനങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.
2. ഗ്രൂപ്പിനത്തിൽ ഒരു മേഖലയിൽ നിന്ന് ഒരു സംഘം മാത്രമേ പങ്കെടുക്കാവൂ.

3. വ്യക്തിഗത ഇനത്തിൽ ഒരു മേഖലയിൽ നിന്ന് രണ്ട് പേർക്ക് പങ്കെടുക്കാം.
4. വ്യക്തിഗത ഇനത്തിൽ ഒരാൾക്ക് പരമാവധി 3 കലാമത്സരങ്ങൾക്കും 3 രചനാമത്സരങ്ങൾക്കും പങ്കെടുക്കാൻ അനുവാദമുണ്ട്.
5. രജിസ്ട്രേഷൻ ഫീസ് 30 രൂപ ആണ്. വ്യക്തിഗത ഇനത്തിൽ വെവ്വേറെ ആവശ്യമാണ്. ഗ്രൂപ്പ് ഇനത്തിൽ ഓരോ വ്യക്തിക്കും 30 രൂപയാണ്. സാഹിത്യമത്സരത്തിന് പ്രത്യേക രജി.ഫീ. ഉണ്ടായിരിക്കുന്നതല്ല.
6. ഓരോ മേഖലയ്ക്കും ഓരോ ടീം മാനേജർ ഉണ്ടായിരിക്കണം. ഈ ടീം മാനേജർ മാത്രമാണ് വിവിധ ആവശ്യങ്ങൾക്കായി പേൾ ഓഫീസുമായി ബന്ധപ്പെടാവൂ.
7. വ്യക്തിഗത ഇനങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്.

   1st – 5 പോയിന്റ്, 2nd – 3 പോയിന്റ്, 3rd –1 പോയിന്റ്.
8. സംഘമത്സരങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്.

   1st –10 പോയിന്റ്, 2nd –5 പോയിന്റ്, 3rd–3 പോയിന്റ്.
9. ഗ്രേഡനുസരിച്ച് ഓരോ മത്സരാർത്ഥിക്കും താഴെ പറയുന്നവിധം പോയിന്റ് നൽകുന്നതാണ്.

   A ഗ്രേഡ്–5 പോയിന്റ്, B ഗ്രേഡ്–3 പോയിന്റ്, C ഗ്രേഡ് – 1 പോയിന്റ്
10. ഏതെങ്കിലും ഒരിനത്തിൽ മൂന്നു മത്സരാർത്ഥികളിൽ കുറവാണെങ്കിൽ ആ മത്സരത്തിന് ഗ്രേഡ് നിർണ്ണയിച്ച് ഗ്രേഡിനു മാത്രം പോയിന്റ് നൽകുന്നതാണ്.
11. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുവാനുള്ള അർഹത രൂപതസമിതി നിശ്ചയിക്കുന്ന ഗ്രേഡിന്റെ അടിസ്ഥാനത്തിലായിരിക്കും.
12. മത്സരത്തിന്റെ നടത്തിപ്പിനെയോ വിധിനിർണ്ണയത്തെയോ സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ ആ മത്സരത്തിന്റെ ഫലപ്രഖ്യാനത്തിനുശേഷം 20 മിനിറ്റിനുള്ളിൽ ജൂറി ഓഫ് അപ്പീലിനുമുമ്പാകെ 100 രൂപ സഹിതം അപേക്ഷ നൽകേണ്ടതാണ്. മത്സരത്തെ സംബന്ധിച്ച അന്തിമ തീരുമാനം ജൂറി ഓഫ് അപ്പീലിന്റേതാണ്.
12. മത്സരത്തിൽ പങ്കെടുക്കുന്നവർ 2015-ലെ രൂപത അംഗത്വ രജിസ്റ്ററിൽ പേരുള്ളവരായിരിക്കണം. മേഖലഡയറക്ടറുടെയും പ്രസിഡണ്ടി ന്റെയും സാക്ഷ്യപത്രത്തോടുകൂടി നിശ്ചിത ഫോമിൽ

ഒക്ടോബർ 30 നുള്ളിൽ സമർപ്പിക്കുന്ന മത്സരാർത്ഥികളുടെ പേരുകൾ മാത്രമേ സ്വീകരിക്കുകയുള്ളു. മത്സരദിവസങ്ങളിൽ മത്സരാർത്ഥികളുടെ പേരുകളിൽ യാതൊരു തിരുത്തലുകളും അനുവദിക്കുന്നതല്ല.

14. മത്സരത്തിനാവശ്യമായ CD Player മത്സരാർത്ഥികളുടെ ഉത്തരവാദിത്വമാണ്.
15. പിന്നണി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്ക് പിന്നണിയിൽ ഉള്ളവരും കെ.സി.വൈ.എം. പ്രവർത്തകരായിരിക്കണം.
16. രചനാമത്സരങ്ങൾക്കാവശ്യമായ പേപ്പർ മാത്രമേ സംഘാടകർ നൽകുകയുള്ളു.

**മത്സര ഇനങ്ങൾ, നിബന്ധനകൾ**

**രചനാമത്സരങ്ങൾ**

1. കഥാരചന: (ഒരു മണിക്കൂർ) വിഷയം തത്സമയം നൽകും.
2. കവിതാരചന: (ഒരു മണിക്കൂർ) വിഷയം തത്സമയം നൽകും.
3. ഉപന്യാസം: (ഒരു മണിക്കൂർ) വിഷയം തത്സമയം നൽകും.
4. കൊളാഷ്: (ഒരു മണിക്കൂർ) ആശയം വ്യക്തമാക്കുന്നതായിരിക്കണം. കൊളാഷിന് ഭംഗിക്ക് കളർ ഉപയോഗിക്കാം. കൊളാഷിന്റെ മുകളിൽ കളർ ഉപയോഗിക്കുവാൻ പാടില്ല.
5. പത്രവാർത്ത: (45 മിനിറ്റ്) രണ്ട് ചോദ്യങ്ങളുണ്ടായിരിക്കും. ഒന്ന്, ഒരു പ്രോഗ്രാമിന്റെ റിപ്പോർട്ട്. രണ്ട്, ആനുകാലിക വിഷയത്തെ സംബന്ധിച്ചുള്ള പ്രതികരണം.
6. നോട്ടീസ് രചന: വിഷയം തത്സമയം നൽകപ്പെടും. 45 മിനിറ്റ്. ഒരു പേജ് (A4 സൈസ്) ആണ് നോട്ടീസ് രചിക്കേണ്ടത്.
7. മുദ്രാവാക്യരചന: സമയം 30 മിനിറ്റ്. വിഷയം തത്സമയം നൽകും. ആവേശം ജനിപ്പിക്കത്തക്ക രീതിയിൽ താളാത്മകമായി വേണം രചിക്കാൻ.
8. കാർട്ടൂൺ രചന : സമയം 2 മണിക്കൂർ. വിഷയം തത്സമയം നൽകും. വിഷയത്തിന്റെ ആശയമുൾക്കൊള്ളുന്നതായിരിക്കണം. യാതൊരു തരത്തിലുമുള്ള കളറും ഉപയോഗിക്കാൻ പാടില്ല. (കറുപ്പ് ഒഴികെ). ചിത്രം, ആശയം, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്.
9. പോസ്റ്റർരചന: സമയം 2 മണിക്കൂർ. വിഷയം തത്സമയം നൽകപ്പെടും. പോസ്റ്റർകളർ, ട്രാൻസ്പരന്റ് കളർ, വാട്ടർകളർ, എന്നിവ ഉപയോഗിക്കാം. ക്രയോൺസ് ഉപയോഗിക്കുവാൻ പാടില്ല. ആശയം എഴുതാൻ സ്കെച്ച് പെൻ ഉപയോഗിക്കാവുന്നതാണ്. ചിത്രം വരച്ച്

ആശയം ഉൾക്കൊള്ളിക്കുന്ന രീതിയിലായിരിക്കണം പോസ്റ്റർ രചിക്കേണ്ടത്.

**കലാമത്സരങ്ങൾ**

കലാമത്സരങ്ങൾ നവംബർ 10 –ന് ന്യൂമാൻസ് കോളേജിൽ വച്ച് രാവിലെ 9 –ന് ആരംഭിക്കുന്നു.മേഖലകൾ മുൻകൂട്ടി മത്സരങ്ങൾ നടത്തി മത്സരാർത്ഥികളുടെ ലിസ്റ്റ് ഒക്ടോബർ 30–ന് മുമ്പ് കെ.സി.വൈ.എം. ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒക്ടോബർ 30 –നു ശേഷം ലഭിക്കുന്നവ സ്വീകരിക്കുന്നതല്ല.

1. പ്രസംഗം: (5 മിനിറ്റ്) (4+1). ഭാഷ മലയാളം. 5 മിനിറ്റ് മുൻപ് വിഷയം നൽകപ്പെടും.
   മൂല്യനിർണയോപാധികൾ: a.സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, b. അക്ഷരസ്ഫുടത, c. ആശയസ്ഫുടത, d. ധാരാവാഹിത്വം, e. സന്ദർഭോചിതമായ ശബ്ദനിയന്ത്രണം. ഭാഷാശുദ്ധി.
2. ലളിതഗാനം: (5 മിനിറ്റ്) സിനിമാഗാനം, ക്ലാസിക്കൽഗാനങ്ങൾ എന്നിവ അനുവദനീയമല്ല. സെമിക്ലാസിക്കൽ ഗാനങ്ങളിൽ സ്വരങ്ങൾ പാടാൻ പാടുള്ളതല്ല.
   മൂല്യനിർണയോപാധികൾ: a. ശാരീരം, b.ശ്രുതിലയം, c. ജ്ഞാനഭാവം, d. താളം, e. സാഹിത്യശുദ്ധി.
3. സംഘഗാനം: (7 മിനിറ്റ്) അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ ചെയ്യരുത്. സംഗീതോപകരണങ്ങൾ പാടില്ല. ധാർമ്മികമൂല്യങ്ങൾ ഉദ്ഘോഷിക്കുന്ന ഗാനങ്ങൾ ആയിരിക്കണം.
   മൂല്യനിർണയോപാധികൾ: a. ശ്രുതി, b. താളം, c. ഗാനത്തിന്റെ സാഹിത്യം, d. വിവിധ ഗായകർ തമ്മിലുള്ള യോജിപ്പ്.
4. ഡിബേറ്റ്: (10 മിനിറ്റ്) 2 പേർ ഒരു ടീം ആയി പങ്കെടുക്കണം. ഒരാൾ പ്രൊപ്പോസർ മറ്റേയാൾ ഒപ്പോസർ. വിഷയം അര മണിക്കൂറിന് മുൻപ് നൽകപ്പെടും.
   മൂല്യനിർണയോപാധികൾ: a. ഭാഷാശുദ്ധി, b. ആശയസ്ഫുടത, c. സംസാരിക്കുന്ന ആശയത്തെക്കുറിച്ചുള്ള വ്യക്തമായ ബോധ്യം. കോമ്പിനേഷൻ, അവതരണം.
5. ക്വിസ് : ഒരു ടീമിൽ 3 അംഗങ്ങൾ വരെയാകാം. ചോദ്യങ്ങളുടെ അനുപാതം ബൈബിൾ 60%, (ലോഗോസ് 2015 ന്റെ ഭാഗങ്ങൾ), 40%, കെ.സി.വൈ.എം ചരിത്രം, ദർശനം, പ്രവർത്തനശൈലി, പ്രവർത്തനങ്ങൾ (കെ.സി.വൈ.എം. കർമ്മപദ്ധതി 2015,

യുവജനദിന സർക്കുലർ (2015 ജൂൺ മാസത്തെ രൂപത ബുള്ള റ്റിൻ) 27-ാം ലോകയുവജന സന്ദേശം, കെ.സി.വൈ.എം നിയമാവലി).

6. കെ.സി.വൈ.എം ആന്തം: അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയു കയോ 7 പേരിൽ കൂടുകയോ ചെയ്യരുത്. കെ.സി.വൈ.എം പതാക ഏന്തണം. മാർച്ചിംഗ് ട്യൂണാണ് ആലപിക്കേണ്ടത്.
   മൂല്യനിർണയോപാധികൾ: (ഇനം മൂന്നിന്റേത്), സംഘാംഗങ്ങളുടെ സ്വരച്ചേർച്ച
7. മിമിക്രി : (5 മിനിറ്റ്) ധാർമ്മികമൂല്യങ്ങൾക്ക് നിരക്കുന്ന രീതിയി ലുള്ള അവതരണമാകണം.
   മൂല്യനിർണയോപാധികൾ: a. വിഷയത്തോടുള്ള നീതിപുലർത്തൽ, b. അനുകരണസാമർത്ഥ്യം, c. അഭിനയം, d. തന്മയത്വം. ആ ക്ഷേപങ്ങളും അപഹാസ്യപരമായ പരാമർശങ്ങളും ഒഴിവാക്കണം.
8. മോണോആക്ട്: (5 മിനിറ്റ്) ഒരു സംഭവമോ കഥയോ അവതരി പ്പിച്ച് എല്ലാ കഥാപാത്രങ്ങളേയും രൂപത്തിലും ഭാവത്തിലും ശബ് ദത്തിലും അനുകരിക്കണം.
9. തെരുവ് നാടകം: അവതരണസമയം 20 മിനിറ്റ്. 10 മിനിറ്റ് രംഗ സജ്ജീകരണത്തിന് ഉപയോഗിക്കാവുതാണ്. ഏത് തരത്തിലുള്ള വേഷവും ഉപയോഗിക്കാം. എന്നാൽ മുഖത്ത് യാതൊരു തരത്തി ലുമുള്ള ചായവും പാടില്ല. ഈ വർഷത്തെ പഠനവിഷയം അടിസ്ഥാനമാക്കിയായിരിക്കണം നാടകം അവതരിപ്പിക്കേണ്ടത്. ആളുകളുടെ എണ്ണം കഥയ്ക്കനുസരിച്ച് നിജപ്പെടുത്താവുന്നതാണ്. മൈക്ക് നൽകുന്നതല്ല. പശ്ചാത്തല വാദ്യമായി ചെണ്ട മാത്രമെ ഉപയോഗിക്കാവൂ.
   മൂല്യനിർണയോപാധികൾ: a. പ്രമേയം, b. അഭിനയപ്പൊരുത്തം, c. അവതരണം, d.വേഷം, e.അഭിനയം, f.സംഭാഷണം. g.സംവിധാനം.
10. നാടോടിനൃത്തം: (7 മിനിറ്റ്.) കാസറ്റ് സംഗീതം അനുവദിക്കും. പിന്നണിക്ക് പ്രത്യേകിച്ച് പ്രാധാന്യം നൽകുന്നതല്ല. നാടോടിപാട്ടാണ് ഉപയോഗിക്കേണ്ടത്. സിനിമാഗാനങ്ങൾ അനു വദനീയമല്ല.
    മൂല്യനിർണയോപാധികൾ: a. ആകാരസുഷമ, b.വേഷം, c.ഭാവ പ്രകടനം, d.താളം, e. ചലനഭംഗി
11. മാർഗ്ഗംകളി : (7 മിനിറ്റ്) (പെൺകുട്ടികൾക്ക് മാത്രം. 6 +1).

മൂല്യനിർണയോപാധികൾ: a. വേഷത്തനിമ, b.ചലനം, c.താളം, d. ചുവട്, e. സംഗീതഗുണം, f. ഭക്തിഭാവം

12. മൈം: (10 മിനിറ്റ്) 3 പേരിൽ കുറയാനോ 12 പേരിൽ കൂടാനോ പാടില്ല.
    മൂല്യനിർണയോപാധികൾ: a.കഥാവസ്തു, b.ചുവട്, c. ഭാവാഭിനയം, d. അവതരണം, ഗാനങ്ങൾ. e. സംവിധാനം.

12. കഥാപ്രസംഗം: (15 മിനിറ്റ്) ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. കഥാപ്രസംഗത്തിന് പിന്നണിയിൽ തബല അല്ലെങ്കിൽ മൃദംഗം, ഹാർമ്മോണിയം അല്ലെങ്കിൽ ശ്രുതിപ്പെട്ടി, സിംബൽ ആൻഡ് ടൈമിംഗ്, ക്ളാർനെറ്റ് അല്ലെങ്കിൽ വയലിൻ എന്നിവയ്ക്ക് നാല് പേർ വരെയാകാം.
    മൂല്യനിർണയോപാധികൾ: ഉച്ചാരണശുദ്ധി, ഭാഷാശുദ്ധി, ആശയാവിഷ്കരണം, ഭാവപ്രകടനം, സാഹിത്യവും സംഗീതവുമായുള്ള യോജിപ്പ്.

13. പരിചമുട്ട്കളി: (10 മിനിറ്റ്) 8 പേർ. ആൺകുട്ടികൾക്ക് മാത്രമായിരിക്കും. നിലവിളക്ക് ഉണ്ടായിരിക്കണം. തനതായ വേഷമായിരിക്കണം. നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീതോപകരണങ്ങളോ പിന്നണിയോ പാടില്ല.
    മൂല്യനിർണയോപാധികൾ: വേഷത്തിന്റെ അനുയോജ്യത, ഭക്തിഭാവം, താളം, ശ്രുതിലയം,

**മേഖലാ വാർത്തകൾ**

**ബത്തേരി മേഖല**

കെ.സി.വൈ.എം. മാനന്തവാടി രൂപതയും, ബത്തേരി മേഖലയും, ചെറുപുഷ്പമിഷൻലീഗ് ബത്തേരി മേഖലയും, ചുള്ളിയോട് ഇടവകയും സംയുക്തമായി ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണം ചുള്ളിയോട് ടൗണിൽ വച്ച് 23-8-2015 ഞായറാഴ്ച നടത്തപ്പെട്ടു. ചുള്ളിയോട് സെന്റ് ഫ്രാൻസീസ് അസീസി ദേവാലയത്തിൽ നിന്നാരംഭിച്ച റാലിക്ക് ഇടവക ഡയറക്ടർ റവ. ഫാ. ജോസ് മുണ്ടക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. റാലിയിൽ 1200 ഓളം പേർ പങ്കെടുത്തു. തുടർന്ന് ചുള്ളിയോട് ടൗണിൽ വച്ച് നടന്ന സമ്മേളനത്തിൽ ശ്രീ. ജെയിംസ് സ്വാഗതവും, കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണവും നടത്തി. ബത്തേരി ഫൊറോനാ വികാരി റവ.ഫാ. സ്റ്റീഫൻ കോട്ടക്കൽ സമ്മേളനം ഉത്ഘാടനം ചെയ്തു. ശ്രീ. ജോസ് പള്ളത്ത് മുഖ്യ

പ്രഭാഷണം നടത്തി. മിഷൻലീഗ് ബത്തേരി മേഖല ഡയറക്ടർ റവ.ഫാ. ജെയ്സ് കുഴികണ്ടത്തിൽ സമ്മേളനത്തിന് നന്ദി പറഞ്ഞു. മേഖല ഡയറക്ടർ റവ.ഫാ. സജി ആവുങ്ങാട്ടച്ചനും യൂണിറ്റ് ഡയറക്ടറച്ചനും മേഖലാ, യൂണിറ്റ് ഭാരവാഹികളും നേതൃത്വം നല്കി.

**നടവയൽ മേഖല**

കെ.സി.വൈ.എം. നടവയൽ മേഖലയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ചെറുകാട്ടൂർ യൂണിറ്റിൽ വച്ച് 'അബ്ദുൾ കലാമിന്റെ ജീവിതത്തിലൂടെ' എന്ന വിഷയത്തിൽ ക്വിസ്സ് മത്സരം നടത്തി ചെറുകാട്ടൂർ യൂണിറ്റ് 1-ാം സ്ഥാനവും കുറുമ്പാലക്കോട്ട യൂണിറ്റ് 2-ാം സ്ഥാനവും നേടി. മേഖല ഡയറക്ടർ റവ. ഫാ. ജെയിംസ് ചക്കിട്ടക്കുടിയിൽ അച്ചന്റെ സാന്നിധ്യത്തിൽ റവ.ഫാ. അനീഷ് ആലുങ്കൽ മത്സരത്തിന് നേതൃത്വം നല്കി. കെ.സി.വൈ.എം. നടവയൽ മേഖല പ്രസിഡണ്ട് സിജോ തൈപ്പറമ്പിന് ജന്മദിനാശംസകൾ (സെപ്റ്റമ്പർ 5) നേർന്നു.

**യൂണിറ്റ് വാർത്തകൾ**

**ഒലിവുമല യൂണിറ്റ്**

ഇടവകയിൽ മാതാപിതാക്കൾക്കായി നടത്തിയ സെമിനാറിന് ലഘുഭക്ഷണം നല്കി. വി. ജോൺ മരിയ വിയാനിയുടെ തിരുന്നാൾ ആശംസകൾ ഇടവക വികാരി ബഹു. ബിനു അച്ചനും ബഹു. മാത്യു അച്ചനും നല്കി. വനിതാ സംഗമത്തിൽ വനിതകൾ പങ്കെടുത്തു. യൂണിറ്റ് അംഗങ്ങൾ രോഗീസന്ദർശനം നടത്തി. ഓണാഘോഷപരിപാടികൾക്ക് നേതൃത്വം നല്കി.

**വെള്ളൂന്നി യൂണിറ്റ്**

വെള്ളൂന്നി യൂണിറ്റിന്റെയും പെരുമ്പുന്ന അർച്ചനാ ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ 'മിഴി 2015' എന്ന പേരിൽ വെള്ളൂന്നിയിൽ വച്ച് ഒരു സൗജന്യ നേത്രപരിശോധനാ ക്യാമ്പ് നടത്തി. ഇരുന്നൂറ്റമ്പതോളം പേർ പങ്കെടുത്തു. ചുങ്കക്കുന്നിൽ വച്ച് നടന്ന മേഖല യുവജന കൺവെൻഷനിലും രൂപതാ വനിതാ സംഗമത്തിലും യൂണിറ്റിൽനിന്നും അംഗങ്ങൾ പങ്കെടുത്തു. മേഖലാടിസ്ഥാനത്തിൽ നടത്തപ്പെട്ട സ്വാതന്ത്ര്യദിന ക്വിസ്സ് മത്സരത്തിൽ 2-ാം സ്ഥാനം നേടി. ജാഗരണ പ്രാർത്ഥനയിലും, വാർഡ്തല പ്രാർത്ഥനായോഗങ്ങളിലും യുവജനങ്ങൾ സജീവമായി പങ്കെടുക്കുന്നു.

**ചാരിറ്റി യൂണിറ്റ്**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾദിനത്തിൽ അച്ചൻമാർക്ക് പ്രാർത്ഥനാശംസകൾ നേർന്നു. വനിതാ സംഗമത്തിൽ

വനിതകൾ പങ്കെടുത്തു. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് 'ഇന്ത്യാ ചരിത്രം' എന്ന വിഷയത്തെകുറിച്ച് ക്വിസ്സ് മത്സരം നടത്തി. സമ്മാനാർഹരായ 3-ാം ഗ്രൂപ്പിന് സമ്മാനമായി 501 രൂപ നല്കി. കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ മനോഹരമായ പൂക്കളവും ഓണ സദ്യയും ഓണാഘോഷ പരിപാടികളും നടത്തി.

**അരിഞ്ചേർമല യൂണിറ്റ്**

വനിതാ സംഗമത്തിൽ പങ്കെടുത്തു. വി. ജോൺ മരിയവിയാനിയുടെ തിരുന്നാൾ ആശംസകൾ ബഹു. പോളച്ചന് e - mail സന്ദേശത്തിലൂടെ നല്കി. സെനറ്റ് മീറ്റിങ്ങിലും മേഖലാതല ക്വിസ്സ് മത്സരത്തിലും പങ്കെടുക്കുകയും 3-ാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു. ജനറൽബോഡി കൂടുകയും പ്രവർത്തനങ്ങളെകുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനാചരണത്തോടനുബന്ധിച്ച് Social media - യിൽ Photos &Posters post ചെയ്തു. ഓണാഘോഷ മത്സരങ്ങൾ സംഘടിപ്പിച്ചു. കെ.സി.വൈ.എം. ജനറൽ സെക്രട്ടറി എബിൻ മുട്ടപ്പള്ളി സമ്മാനവിതരണം നടത്തി.

**പുതിയിടം കുന്ന്**

യുവജനദിനാഘോഷ ദിനത്തോടനുബന്ധിച്ച് കാഴ്ചവയ്പ് നടത്തിയതിലൂടെ ലഭിച്ച തുക ഇടവകയിലെ ഒരു പാവപ്പെട്ട കുടുംബത്തിന് ചികിത്സാസഹായത്തിനായി നല്കി. ഓണാഘോഷത്തിൽ യുവജനങ്ങൾ പൂക്കളവും വടംവലി മത്സരവും നടത്തി. കല്ലോടി മേഖലയിൽ നടത്തിയ വടംവലി മത്സരത്തിൽ പങ്കെടുത്തു.

**കല്ലോടി യൂണിറ്റ്**

കെ.സി.വൈ.എം. കല്ലോടി യൂണിറ്റിന്റെ നേതൃത്വത്തിൽ സൗജന്യ നേത്രപരിശോധനാ ക്യാമ്പ് നടത്തി. 405 പേർ പങ്കെടുത്തു. ഓണാഘോഷപരിപാടികൾ നടത്തി. ബഹു. വികാരിയച്ചന്റെ ജന്മദിനത്തിൽ തിരുമണിക്കൂർ നടത്തി പ്രാർത്ഥനാശംസകൾ നേർന്നു. Freedom Debate ൽ കല്ലോടി യൂണിറ്റ് 3-ാം സ്ഥാനം കരസ്ഥമാക്കി. ഫണ്ട് സ്വരൂപണാർത്ഥം ഭവനങ്ങൾ സന്ദർശിച്ച് പത്രം ശേഖരിച്ചു.

**പട്ടാണിക്കൂപ്പ് യൂണിറ്റ്**

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ തരിയോട് മേഖലയിൽ കോട്ടത്തറ യൂണിറ്റിൽ വച്ച് നടന്ന Crazy Mud Football 2015 കെ.സി.വൈ.എം. പട്ടാണിക്കൂപ്പ് യൂണിറ്റ് ചാമ്പ്യൻമാരായി. പങ്കെടുത്തവർ ജിബി, അരുൺ, റോണി, നിജിൽ, ഷിബു, സ്നേവിൻ എന്നിവരാണ്.

ചാമ്പ്യൻമാരായ പട്ടാണിക്കൂപ്പ് യൂണിറ്റിനെ റവ.ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിലച്ചൻ അനുമോദിച്ചു.

**കാവുംമന്ദം യൂണിറ്റ്**

വി. ജോൺ മരിയ വിയാനിയുടെ തിരുന്നാളിന്റെ പ്രാർത്ഥനാ മംഗളങ്ങൾ മാർട്ടിൻ അച്ചന് ആശംസിച്ചു. എക്സിക്യൂട്ടീവും ജനറൽ ബോഡിയോഗവും കൂടി. യൂണിറ്റിൽ ഇന്ത്യൻ ക്രിസ്ത്യൻ രക്ത സാക്ഷിത്വ ദിനാചരണം നടത്തി. രൂപത നടത്തിയ 'മഡ്ഫുഡ് ബോൾ' മത്സരത്തിലും വനിതാ സംഗമത്തിലും പങ്കെടുത്തു.

**പുതുശ്ശേരി യൂണിറ്റ്**

ദേവാലയനിർമ്മാണത്തിന് ഫണ്ട് ശേഖരിക്കുവാനായി ദീപ്തി ഗിരി, എള്ളുമന്ദം, തോണിച്ചാൽ എന്നീ ഇടവകകളിൽ ബൾബും, ചാ യപ്പൊടിയും വിറ്റു. പ്രചോദിനി വനിതാ സംഗമത്തിൽ പങ്കെടുത്തു. കല്ലോടി മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വടംവലി മത്സര ത്തിൽ പുതുശ്ശേരി യൂണിറ്റിലെ യുവജനങ്ങൾ 2-ാം സ്ഥാനത്തിന് അർഹ രായി.

**പോരൂർ യൂണിറ്റ്**

ഓണത്തോടനുബന്ധിച്ച് ഇടവകാതലത്തിൽ ഓണാഘോഷപരി പാടികൾ സംഘടിപ്പിക്കുകയും അംഗങ്ങൾക്കായി ഓണക്കളികൾ ക്രമീ കരിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**കുറുമ്പാലക്കോട്ട യൂണിറ്റ്**

വി. ജോൺ മരിയ വിയാനിയുടെ തിരുന്നാളിനോടനുബന്ധിച്ച് ഡയറക്ടർ ബഹു. ജോസഫ് പരുവുമ്മേലച്ചനെ ആദരിച്ചു. പ്രചോ ദിനി 2015 വനിതാസംഗമത്തിലും, സെനറ്റ് മീറ്റിംഗിലും യൂണിറ്റ് അംഗ ങ്ങൾ പങ്കെടുത്തു. മേഖലാതല ക്വിസ് പ്രോഗ്രാമിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. Crazy Mud Football മത്സരത്തിൽ പങ്കെടുത്തു. കുറു മ്പാലക്കോട്ട സെന്റ് ജൂഡ്സ് ഹെൽത്ത് & റിക്രിയേഷൻ ക്ലബിന്റെ ആഭിമുഖ്യത്തിലും, കായക്കുന്ന് ലാസലൈറ്റ് ആശ്രമത്തിലും വച്ച് നടത്തിയ ഓണാഘോഷ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കി.

**പൂളപ്പാടം യൂണിറ്റ്**

യൂണിറ്റ് സിൻഡിക്കേറ്റും ഈ മാസത്തെ പ്രവർത്തനങ്ങളെക്കു റിച്ച് ചർച്ചയും നടത്തി. കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ ശുചീ കരണം നടത്തുകയും Waste Bin സ്ഥാപിക്കുകയും ചെയ്തു. യുവജന

ങ്ങൾക്കായി ആരാധന നടത്തി. കുടിവെള്ള പദ്ധതി നിർമ്മിച്ച് ശുദ്ധജല വിതരണം നടത്തി. ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു യുവ ജന ക്യാമ്പിൽ പങ്കെടുത്തു.

**മുള്ളൻകൊല്ലി യൂണിറ്റ്**

യുവജനദിന ഉത്ഘാടനം കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ.ഫാ. ലാൽ പൈനുങ്കൽ നടത്തി. 250 യുവജനങ്ങൾ പങ്കെടുത്തു. റവ.ഫാ. നെല്ലിക്കുന്നേൽ യുവജനസംഗമത്തിൽ ആശംസകൾ നേർന്നു. ഓണാഘോഷപരിപാടികൾക്ക് റവ.ഫാ ജിനോ മേക്കാട്ട് നേതൃത്വം നല്കി. സാമൂഹിക പ്രതിബന്ധത വർദ്ധിപ്പിക്കുവാൻ യുവജനങ്ങളുടെ നേതൃത്വത്തിൽ പാതയോരങ്ങൾ വൃത്തിയാക്കുകയും വഴികൾ സഞ്ചാരയോഗ്യമാക്കുകയും ചെയ്തു.

**ചുങ്കക്കുന്ന് യൂണിറ്റ്**

കെ.സി.വൈ.എം. അംഗങ്ങൾക്കായി പ്രാർത്ഥനാ ഗ്രൂപ്പ് രൂപീകരിക്കുകയും ശനിയാഴ്ചകളിൽ യുവജനങ്ങൾ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.യൂവദർശൻ 2015 –ൽ പങ്കെടുക്കുകയും KCYM ആന്തം മത്സരത്തിലും മേഖലാതല ക്വിസ് മത്സരത്തിലും 1–ാം സ്ഥാനം നേടുകയും ചെയ്തു. കോളയാട് ദൈവദാൻ സന്ദർശിച്ച് വേണ്ട സഹായങ്ങൾ ചെയ്തു. യുവജന സെമിനാർ നടത്തി. Mrs. പ്രിയ തടങ്ങഴി ക്ലാസ്സ് നയിച്ചു. കെ. സി.വൈ.എം. അംഗങ്ങൾ മഡ് ഫുഡ്ബോൾ മത്സരത്തിലും പ്രചോദിനി 2015 വനിതാ സംഗമത്തിലും പങ്കെടുത്തു. Blood Bank രൂപീകരിച്ചു.

**പുൽപ്പള്ളി യൂണിറ്റ്**

സ്വർഗ്ഗാരോപണതിരുന്നാളിനും, രണ്ടാം ശനിയാഴ്ചയും യുവജനങ്ങൾ കുർബാനയിലും ജപമാലയിലും പങ്കെടുത്തു. സിൻഡിക്കേറ്റ് കൂടി. പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ഓണാഘോഷം നടത്തി. യുവജനങ്ങൾക്ക് ദിശാബോധവും നല്ല മനസാക്ഷിയും ഹൃദയത്തിൽ രൂപപ്പെടാൻ റവ. ഫാ. ലാൽ പൈനുങ്കലച്ചന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി.

**എബിൻ മുട്ടപ്പള്ളി**
കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 21 മുതൽ 24 വരെ നടന്ന കോഴ്സിൽ 84 പേരും സെപ്റ്റംബർ 6 മുതൽ 9 വരെ നടന്ന കോഴ്സിൽ 79 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | | |
|---|---|---|---|
| ഒക്ടോബർ | 9–12 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ | 23–26 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ | 8–11 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**നന്ദി സ്വാഗതം**

മുൻ വർഷങ്ങളിൽ പയ്യമ്പള്ളി മാതൃവേദി മേഖലാ ഡയറക്ടറായി സ്തുത്യർഹ സേവനം ചെയ്ത ബഹു. ചാക്കോച്ചൻ വാഴക്കാലായിലച്ചന് ഹൃദ്യമായ നന്ദി. പുതിയ മേഖലാ ഡയറക്ടറായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന ബഹു. ചാണ്ടി പുനക്കാട്ട് അച്ചന് സ്വാഗതവും വിജയാശംസകളും.

**മാതൃവേദി**

മാതൃവേദിയുടെ രൂപതാ എക്സിക്യൂട്ടീവ് സെപ്റ്റംബർ 10-ന് ചേർന്നു. അംഗത്വ നവീകരണ പുരോഗതി, സാഹിത്യ മൽസരങ്ങൾ, ചെയിൻ റോസറി എന്നിവ വിലയിരുത്തി. മാതൃവേദിയുടെ കേന്ദ്ര നിയമാവലിയെ അടിസ്ഥാനമാക്കി രൂപതാ നിയമാവലി പരിഷ്ക്കരിക്കുന്നതിനുള്ള കമ്മറ്റിയെ തിരഞ്ഞെടുത്തു.

**ചുങ്കക്കുന്ന്**

27-8-2015 ന് മാതൃവേദി ചുങ്കക്കുന്ന് മേഖല ദീപിക ദിനപത്രത്തിന്റെയും പരിയാരം മെഡിക്കൽ കോളേജിന്റെയും ആഭിമുഖ്യത്തിൽ അവയവദാന ബോധവത്ക്കരണ ക്ലാസ്സും അവയവദാന സമ്മത പത്രസമർപ്പണവും നടത്തി. ഉത്ഘാടന സമ്മേളനത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു പെരിയപ്പുറം അദ്ധ്യക്ഷത വഹിച്ചു. മേഖലാ

ഡയറക്ടർ റവ.ഫാ.ജയിംസ് കുന്നത്തേട്ട് സ്വാഗതം ആശംസിച്ചു. പേരാവൂർ MLA ശ്രീ. സണ്ണി ജോസഫ് പൊതു സമ്മേളനം ഉൽഘാടനം ചെയ്തു. ദീപിക റസിഡന്റ് മാനേജർ റവ. ഫാ. ജേക്കബ് കുറ്റിക്കാട്ടുക്കുന്നേൽ, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ സാജു വാത്യാട്ട് എന്നിവർ സംസാരിച്ചു. ദേശിയ കിഡ്നി ഫെഡറേഷൻ ചെയർമാൻ റവ.ഫാ. ഡേവിസ് ചിറമ്മേൽ മുഖ്യ പ്രഭാഷണം നടത്തി. ഡോ.സി.കെ. ജിനു ബോധവത്ക്കരണ ക്ലാസ്സ് നയിച്ചു. അവയവദാന സമ്മതപത്രസമർപ്പണം റവ.ഫാ.തോമസ് മണക്കുന്നേൽ നിർവഹിച്ചു. മേഖലാ ആനിമേറ്റർ സി. അനിലിറ്റ് S.H. നന്ദി പ്രകാശിപ്പിച്ചു.

**മുള്ളൻകൊല്ലി**

3-8-2015-ന് സീതാമൗണ്ട് ദേവാലയത്തിൽ വെച്ച് മേഖല എക്സിക്യൂട്ടീവ് ചേർന്നു. ആഗസ്റ്റ് മാസത്തെ ചെയിൻ റോസറി മേഖലയിലെ എല്ലാ ഇടവകയ്ക്കും വീതിച്ച് നൽകി. 26-08-2015 -ന് സീതാമൗണ്ട് ദേവാലയത്തിൽ വച്ച് ഓണാഘോഷ പരിപാടികൾ നടത്തി. മേഖലാ ഡയറക്ടർ റവ. ഫാ. ജോഷി പുൽപ്പയിൽ മേഖലാ ആനിമേറ്റർ സി. കൃപ FCC, ശ്രീമതി മേഴ്സി മഞ്ഞളി വടക്കേൽ എന്നിവർ നേതൃത്വം നൽകി.

**പയ്യമ്പള്ളി**

മാതൃവേദി പയ്യമ്പള്ളി മേഖലാ ഡയറക്ടറായി ചുമതല ഏറ്റെടുത്ത ബഹു. ചാണ്ടി പുനക്കാട്ട് അച്ചന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 1 -ന് മേരി മാതാ കോളേജിൽ വച്ച് മേഖലാ എക്സിക്ക്യൂട്ടീവ് ചേർന്നു. ശാഖാ ആനിമേറ്റേഴ്സും മേഖലാ ഭാരവാഹികളും പങ്കെടുത്ത മീറ്റിംഗിൽ മേഖലാ ആനിമേറ്റർ സി. മഹിത സ്വാഗതം ആശംസിക്കുകയും ഭാവി പരിപാടികൾ ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കുകയും ചെയ്തു. 2016 കരുണയുടെ വർഷാചരണം ചർച്ചാ വിഷയമായി. വനിതകളുടെ സാഹിത്യ മത്സരങ്ങൾ സെപ്റ്റംബർ 24-ന് മേരി മാതാ കോളേജിൽ വച്ചു നടത്തുവാനും ശാഖാ സന്ദർശനം ഒക്ടോബർ 2 മുതൽ ആരംഭിക്കുവാനും ഒക്ടോബർ മാസം എല്ലാ ശാഖകളും സമർപ്പിതർക്കുവേണ്ടി ചെയിൻ റോസറി ചൊല്ലുവാനും അടുത്ത സെമിനാറും ഇലക്ഷനും നവംബർ 14 -ന് മേരി മാതാ കോളേജിൽ വച്ച് നടത്തുവാനും തീരുമാനിച്ചു.

**നിലമ്പൂർ**

11-8-2015 -ന് യോഗം ചേർന്നു. മുൻകാല പ്രവർത്തനങ്ങളെ വിലയിരുത്തി, നൂതന പരിപാടികളുടെ ആസൂത്രണം, സാഹിത്യ രചനാ മൽസരങ്ങൾ എന്നിവ ചർച്ച ചെയ്തു. സംഭാവന കൂപ്പൺ വിറ്റഴിച്ചതിന് രൂപതയിൽ നിന്നും ലഭിച്ച പ്രോൽസാഹന സമ്മാനം ഓരോ

ഇടവകയ്ക്കും നൽകി. ഒക്ടോബർ മാസത്തിലെ ചെയിൻ റോസറി ശാഖകൾക്ക് വിഭജിച്ചു കൊടുത്തു.

**ശാന്തിഗിരി**

പിടിയരി ശേഖരിച്ച് ആഗസ്റ്റ് 18-ന് അമ്മമാർ ബാലഭവൻ സന്ദർശിച്ച് അവർക്ക് നൽകി. ലോഗോസ് ക്വിസിന് ഒരുക്കമായി എല്ലാ തിങ്കളാഴ്ച്ചകളിലും ഓരോ ഭാഗങ്ങൾ പരീക്ഷ നടത്തിവരുന്നു.

**പൂളപ്പാടം**

5-8-2015 -ന് ശാഖ എക്സിക്ക്യൂട്ടീവ് ചേർന്നു. 8-8-2015 -ന് ആധുനിക ലോകത്തിലെ അമ്മമാരുടെ വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ജോസഫ് പുതിയത്ത് CST നയിച്ച ക്ലാസിൽ 90-ഓളം അമ്മമാർ സംബന്ധിച്ചു. മുതിർന്നവർക്കുള്ള ലോഗോസ് പരിശീലനം ഞായറാഴ്ച്ചകളിൽ നടത്തുന്നു. മോനിക്കാ പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ അമ്മമാർക്കായി ആരാധന നടത്തി. ഓണാഘോഷത്തിൽ വടംവലി മൽസരത്തിന്റെ ഒന്നാം സ്ഥാന ത്തിനുള്ള സമ്മാനം മാതൃവേദി നൽകി. മാതൃവേദിയിൽ പുതിയ അംഗ ങ്ങളെ ചേർത്തു.

**സീതാമൗണ്ട്**

2-8-2015 -ന് അമ്മമാർ രോഗീ സന്ദർശനം നടത്തി.18-8-2015 -ന് അമ്മമാരുടെ നേതൃത്വത്തിൽ പായസ വിതരണം നടത്തി. പള്ളിയുടെ മുറ്റത്ത് മനോഹരമായ ഒരു പൂന്തോട്ടം നിർമ്മിച്ചു.

**വടക്കനാട്**

എല്ലാ രണ്ടാം ശനിയാഴ്ച്ചകളിലും അമ്മമാർ ഇടവകയിൽ നട ത്തപ്പെടുന്ന ക്ലാസ്സിൽ സംബന്ധിക്കുന്നു. എട്ടു നോമ്പിൽ വാർഡ് അടിസ്ഥാനത്തിൽ കാഴ്ച്ച സമർപ്പണം നടത്തി. 12-9-2015 -ന് അമ്മ മാർക്ക് വേണ്ടി ബത്തേരി മേഖലാ പ്രസിഡന്റ് ഗ്രേസി ചിറ്റിനപ്പള്ളി ആധുനിക കുടുംബം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് എടുത്തു.

**പടമല**

മാതൃവേദി അംഗങ്ങൾ ബഹു.വികാരിയച്ചന്റെ നേതൃത്വത്തിൽ പ്രകൃതി സംരക്ഷണ വിജയത്തിനായി പ്രത്യേക ആരാധന നടത്തി.

**കാവുമന്ദം**

4-8-2015 -ന് വി. ജോൺ മരിയ വിയാനിയുടെ തിരുനാൾദിനം വികാരിയച്ചന് ആശംസകൾ നേർന്നു. 8-8-2015 -ന് അമ്മമാർക്ക് സെമി നാർ നടത്തി. ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ, ഉണർവ് എന്നീ വിഷയങ്ങളെക്കുറിച്ച് രൂപതാ പ്രസിഡന്റ് ശ്രീമതി മോളി

കരിമ്പനാക്കുഴി, ശ്രീമതി ഷീന ആന്റണി എന്നിവർ ക്ലാസ് നയിച്ചു. മോനിക്കാ പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു.

**ഇടിവണ്ണ**

പരി. അമ്മയുടെ സ്വർഗ്ഗാരോപണദിവസം അമ്മമാർ വി. കുർബ്ബാനയ്ക്ക് മുമ്പേ ജപമാല ചൊല്ലുകയും മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ കാഴ്ച്ചവെപ്പ് നടത്തി സമാഹരിച്ച തുക ഹൈന്ദവ സഹോദരനായ രോഗിക്ക് നൽകുകയും ചെയ്തു.

**കുറുമ്പാല**

ആഗസ്റ്റ് 15-ാം തീയതി മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ ദിവ്യബലി സജീവമാക്കാൻ വായനകൾ, കാഴ്ച്ച സമർപ്പണം എന്നിവ നടത്തി. കാഴ്ച്ച സമർപ്പണത്തിന് ലഭിച്ച സാധനങ്ങൾ പനമരം നവജ്യോതി വൃദ്ധസദനത്തിന് നൽകി. ഇടവകയിൽ ചികിൽസയിൽ കഴിയുന്ന ഒരു രോഗിക്ക് സാമ്പത്തിക സഹായം നൽകി.

**തെനേരി**

23-8-2015 -ന് മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർക്ക് സെമിനാർ സംഘടിപ്പിച്ചു. സി.ഡോ. അനിറ്റ SABS, സി.ഡോ.പൗളിൻ എന്നിവർ ക്ലാസ്സ് നയിച്ചു. 230 അമ്മമാർ പങ്കെടുത്തു.

**കേളകം**

ആഗസ്റ്റ് 15 -ന് യൂണിഫോം ധാരികളായ 100 അമ്മമാർ കാഴ്ച്ച സമർപ്പണം നടത്തി. തെറ്റു വഴിയിലുള്ള മരിയാഭവൻ സന്ദർശിക്കുകയും 1 ക്വിന്റൽ അരിയും മറ്റു സാധനങ്ങളും നൽകുകയും ചെയ്തു. എല്ലാ മാസവും ആതുരാലയങ്ങൾ സന്ദർശിക്കുവാൻ തീരുമാനമെടുത്തു.

**ചുള്ളിയാന**

എല്ലാ ആദ്യവെള്ളിയാഴ്ച്ചയും മാതൃവേദി അംഗങ്ങൾ ജപമാല ചൊല്ലി ആരാധിച്ച് ഇടവകയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. ആഗസ്റ്റ് 23-ന് മാതൃവേദിയുടെ നേതൃത്വത്തിൽ ഇടവകയിലെ ദമ്പതികൾക്കായി രൂപതാ ഡയറക്ടർ ബഹു.മാത്യു പെരിയപ്പുറം അച്ചൻ ദിവ്യബലി അർപ്പിച്ച് സെമിനാർ നയിച്ചു.

**നടവയൽ**

ആഗസ്റ്റ് 5 -ന് മാതൃവേദി യോഗം ചേർന്നു. ആഗസ്റ്റ് 15 -ന് അമ്മമാരുടെ നേതൃത്വത്തിൽ കാഴ്ച്ചവയ്പ്പും റാലിയും നടത്തി. മോനിക്കാ പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു.

**ചുങ്കക്കുന്ന്**

ആഗസ്റ്റ് 15-ന് ചുങ്കക്കുന്ന് മേഖലയിൽ നിന്നും ജീവകാരുണ്യ പ്രവർത്തനത്തിനായി അമ്മമാർ കോളയാട് ദൈവദാൻ വൃദ്ധസദനം സന്ദർശിച്ച് ശുശ്രൂഷകൾ ചെയ്തു. 50000/- രൂപ നൽകി. ആഗസ്റ്റ് 14-ന്

ഇടവകയിൽ നടന്ന ജനറൽ ബോഡിയിൽ 650 അമ്മമാർ പങ്കെടുത്തു. ശ്രീ. ജോണി അമ്പാട്ട് സാർ കുടുംബത്തെക്കുറിച്ച് ക്ലാസ്സെടുത്തു. അന്നേ ദിവസം SSLC, +2 ക്ലാസ്സുകളിൽ A+ നേടിയവരും വേദപാഠത്തിന് രൂപതാ, മേഖലാ തലങ്ങളിൽ സ്കോളർഷിപ്പ് നേടിയവരുമായ വിദ്യാർത്ഥിക ളുടെ അമ്മമാരെ ആദരിച്ച് സമ്മാനം നൽകി.

**വഞ്ഞോട്**

ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ മാതൃവേദിയിലെ അമ്മ മാർ കാട്ടിമൂല സ്നേഹഭവനും, ജയമാതാ ആശ്രമവും സന്ദർശിച്ചു. 1 ക്വിന്റൽ അരിയും മധുരപലഹാരങ്ങളും നൽകി. മോനിക്കാ പുണ്യ വതിയുടെ തിരുനാൾ ആഘോഷിച്ചു.

**വെള്ളൂന്നി**

26-ന് അമ്മമാരുടെ നേതൃത്വത്തിൽ സ്നേഹതീരം ശുശ്രൂഷയിൽ പങ്കെടുക്കുകയും സമാഹരിച്ച പിടിയരി നൽകുകയും ചെയ്തു. 29-ാം തീയതി ഇടവകയിലെ എല്ലാ അമ്മമാർക്കും വേണ്ടി സംഘടിപ്പിച്ച അർദ്ധദിന സെമിനാറിൽ 90 -ഓളം അമ്മമാർ പങ്കെടുത്തു.

**കൊട്ടിയൂർ**

മാതൃവേദി അംഗങ്ങൾ കണിച്ചാർ ശിശുഭവൻ സന്ദർശിച്ചു. ആഗസ്റ്റ് 4-ന് വി.ജോൺ മരിയ വിയാനിയുടെ തിരുനാൾദിനം ഇടവക യിലെ വൈദികരെ ആദരിച്ച് സ്നേഹോപഹാരം നൽകി. മാതാവിന്റെ തിരുനാളിനൊരുക്കമായി അമ്മമാർ 15 ദിവസം വി. ബലിയിൽ പങ്കു ചേർന്ന് സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിച്ചു. ആഗസ്റ്റ് 13,14,15 തീയതി കളിൽ വിദ്യാർത്ഥികളുടെ ധ്യാനത്തിന് മധ്യസ്ഥ പ്രാർത്ഥന നടത്തി.

**പുതിയിടംകുന്ന്**

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന് സ്നേഹവിരുന്ന് നൽകി. മോനിക്കാ പുണ്യവതിയുടെ അനുസ്മരണം നടത്തി. മാതൃ വേദിയുടെ നേതൃത്വത്തിൽ നടത്തിയ മേഖലാ പൂക്കള മൽസരത്തിന് 1-ാം സ്ഥാനത്തിനുള്ള ട്രോഫി മേഖലാ ഡയറക്ടർ റവ.ഫാ.ജോസ് കപ്യാരുമല അമ്മമാർക്ക് നൽകി. ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി അമ്മമാർക്ക് സെമി നാർ നടത്താൻ തീരുമാനിച്ചു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

## സീയോൻ വാർത്തകൾ

"എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു" (ലൂക്ക 1:46)

**സോണൽ മീറ്റിംഗ് 4-9-2015**

സെപ്റ്റംബർ 4-ാം തീയതി ആദ്യവെള്ളിയാഴ്ച രാവിലെ 9.30 ന് പരി.അമ്മയുടെ സ്തുതിക്കായി ജപമാല അർപ്പിച്ച് പ്രാർത്ഥന ആരംഭിച്ചു. സിയോൻ ചാപ്പലിനു ചുറ്റും നടന്ന് ത്യാഗത്തോടെ 'കുരിശിന്റെ വഴി' നടത്തി. 11 മണിക്ക് ഡയറക്ടർ അച്ചൻ പരി. അമ്മയുടെ ജനന തിരുനാളിന്റെ പ്രാധാന്യം അനുസ്മരിച്ച് വളരെ ഹൃദയസ്പർശിയായ വിധം വചനപ്രഘോഷണം നടത്തി. പരി.അമ്മയുടെ മാതൃക സ്വീകരിച്ച് നമ്മുടെ എല്ലാ പ്രവൃത്തികളിലും പ്രാർത്ഥനകളിലും ദൈവമഹത്വം ലക്ഷ്യമാക്കി വിനയത്തോടും നന്ദിയുടെ മനോഭാവത്തോടും കൂടി ദൈവ കരുണയിലാശ്രയിച്ച് ജീവിതം ക്രമപ്പെടുത്തണമെന്ന് അച്ചൻ ആഹ്വാനം ചെയ്തു. വി.കുർബാനയ്ക്കുശേഷം സോണൽ മീറ്റിംഗ് നടത്തി. അറിയിപ്പുകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

**ജാഗരണ പ്രാർത്ഥന 4-9-2015**

വൈകുന്നേരം 6.30 ന് ജപമാലയോടെ ജാഗരണപ്രാർത്ഥന ആരംഭിച്ചു. ബഹു. ബെന്നി പാറാനി അച്ചൻ വി.കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് കുരിശിന്റെ വഴി, ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവയ്ക്കുശേഷം ശനി 12 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ 5-9-2015**

രാവിലെ 6 മണിക്ക് സിയോൻ ശുശ്രൂഷകർ പരി. അമ്മയുടെ മാതൃസന്നിധിയിൽ ഒരുമിച്ചുകൂടി. സിയോൻഹാളിന് ചുറ്റും നടന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ച് ശുശ്രൂഷകർ ഒരുങ്ങി. പ്രഭാതപ്രാർത്ഥന,

ആരാധന, സ്തുതി എന്നിവ സിയോൻ ടീം നയിച്ചു. റവ.ഫാ. ജോമേഷ് മാളോല വി.സി. വചനപ്രഘോഷണം നടത്തുകയും വി.കുർബാന അർപ്പിക്കുകയും ചെയ്തു. ലഘുഭക്ഷണശേഷം അനുഭവസാക്ഷ്യം, ദിവ്യകാരുണ്യ ആരാധന, കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നീ ശുശ്രൂഷകളോടെ 3.30-ന് കൺവെൻഷൻ സമാപിച്ചു.

**ആന്തരികസൗഖ്യധ്യാനം**

ഓഗസ്റ്റ് 16-20 വരെ സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന ആന്തരിക സൗഖ്യധ്യാനത്തിന് ബഹു. ബാബു മൂത്തേടത്തച്ചന്റെ നേതൃത്വത്തിൽ ഫാ. സോണി വാഴകാട്ട്, ഫാ. സണ്ണി മഠത്തിൽ, ഫാ. തോമസ് കച്ചിറ, ഫാ. ബിജു കോയിക്കാട്ടിൽ, ജോസഫ് സാർ എന്നിവർ ചേർന്ന് ധ്യാനം നയിച്ചു.

**തൂവാനീസ**

സെപ്റ്റംബർ 11-ാം തീയതി രാവിലെ 10 മുതൽ 2 മണിവരെ സീയോൻ ചാപ്പലിൽ വച്ച് യേശുവിനെ അനുഗമിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മ നടത്തപ്പെട്ടു. വിളിയും ജീവിതവും, അമ്മമാരുടെ ശ്രേഷ്ഠത എന്ന വിഷയത്തെകുറിച്ച് ബഹു. ഡയറക്ടറച്ചൻ ക്ലാസെടുത്തു.

**ദമ്പതീകൂട്ടായ്മ 12-9-2015**

30 ദമ്പതികൾ ഈ കൂട്ടായ്മയിൽ പങ്കെടുത്തു. ജപമാല, ആരാധന, വി.കുർബാന, സ്പിരിച്ച്വൽഷെയറിംഗ് എന്നിവ ഈ ദിവസത്തെ അനുഗ്രഹപ്രദമാക്കി. റിഡംപ്റ്ററിസ്റ്റ് സന്യാസസഭാംഗമായ റവ.ഫാ. ചാക്കോച്ചൻ "കുടുംബ ജീവിതമാകുന്ന കൂട്ടായ്മയിലെ സുരക്ഷിതത്വം" എന്ന വിഷയത്തെ കുറിച്ച് ക്ലാസെടുക്കുകയും വി.കുർബാന അർപ്പിച്ച് പ്രാർത്ഥിച്ച് ദമ്പതികളെ അനുഗ്രഹിക്കുകയും ചെയ്തു.

**സ്പിരിച്ച്വൽ ഷെയറിംഗ് ദിനം (പൊതു കൗൺസിലിംഗ്) 12-9-2015**

2-ാം വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിയോടെ ആത്മീയ ശുശ്രൂഷകൾ ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി വിവിധ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തി. തുടർന്ന് രാത്രി 10 മണിവരെ പ്രാർത്ഥിച്ച് ഒരുങ്ങി. 2-ാം ശനിയാഴ്ച 13 ശുശ്രൂഷകർ സ്പിരിച്ച്വൽ ഷെയറിംഗ് ശുശ്രൂഷയിൽ തങ്ങളുടെ സേവനം നൽകി. 70 പേർ ഈ ശുശ്രൂഷയിൽ പങ്കാളികളായി.

**യുവജനകൂട്ടായ്മ 12-9-2015**

ജീസസ് യൂത്തിലെ യുവജനങ്ങൾ 2-ാം വെള്ളിയാഴ്ച വൈകിട്ട് 6 മണിമുതൽ ജാഗരണ പ്രാർത്ഥന നടത്തി. പിറ്റേദിവസം രാവിലെ

ബഹു. സോണി വാഴകാട്ടച്ചന്റെ ആത്മീയ നേതൃത്വത്തിൽ വചനപ്രഘോഷണം, ആരാധന, വി.കുർബാന എന്നിവ നടന്നു. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**സിയോൻ ഒക്ടോബർ മാസത്തിൽ**

| | |
|---|---|
| ഒക്ടോബർ 2 ആദ്യവെള്ളി | - സോണൽ മീറ്റിംഗ് |
| | - ജാഗരണ പ്രാർത്ഥന |
| ഒക്ടോബർ 3 ആദ്യശനി | - ഏകദിന കൺവെൻഷൻ |
| | - സ്പിരിച്ചൽ ഷെയറിംഗ് |
| ഒക്ടോബർ 10 രണ്ടാംശനി | - യുവജനദിനം |
| | - സ്പിരിച്ചൽ ഷെയറിംഗ് (പൊതുകൗൺസിലിംഗ്) |
| | - ദമ്പതീദിനം |
| ഒക്ടോബർ 16 മൂന്നാം വെള്ളി | - ജാഗരണ പ്രാർത്ഥന |
| ഒക്ടോബർ 17 മൂന്നാം ശനി | - സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാദിനം |
| ഒക്ടോബർ 24 നാലാം ശനി | - സൗഖ്യദിനം |
| ഒക്ടോബർ 21-25 | - Holy Fire (യുവജനധ്യാനം) (Mary Matha College) |

**ഡയറക്ടർ**
സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെ...

"സമയങ്ങളുടേയും കാലങ്ങളുടേയും മാറ്റം അവിടുന്ന് നിശ്ചയിക്കുന്ന, രാജാക്കന്മാരെ നീക്കുന്നതും വീണ്ടും പ്രതിഷ്ഠിക്കുന്നതും അവിടുന്നാണല്ലോ. ജ്ഞാനിക്ക് ജ്ഞാനവും അറിവുള്ളവന് അറിവും പ്രദാനം ചെയ്യുന്നത് അവിടുന്നാണ".

ഒക്ടോബർ മാസം പരിശുദ്ധ കന്യകാ മാതാവിന്റെ മദ്ധ്യസ്ഥതയിൽ, പരിശുദ്ധിയുടെയും സഹനത്തിന്റെയും, പരസ്നേഹത്തിന്റെയും നന്മയുടെയും, വഴികളിൽ ശക്തിയോടെ മുന്നേറുവാൻ നമ്മെ സഹായിക്കുന്ന ഏറ്റവും മഹത്തരവും ഭക്തിനിർഭരവുമായ പ്രാർത്ഥനയായ 'ജപമാല' മാസമാണല്ലോ. സംഘടനയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി.വിൻസെന്റ് ഡി പോളിന്റേയും, സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രഡറിക് ഓസാനാമിന്റേയും ചൈതന്യം ഉൾകൊണ്ട് പരസ്നേഹ പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലരായി ശുശ്രൂഷ ചെയ്യുവാൻ കൃപ ലഭിക്കുവാൻ പരി. അമ്മയോട് ചേർന്ന് നമുക്ക് പ്രാർത്ഥിക്കാം. ഇടവക ദേവാലയങ്ങളിലെ 10 ദിവസത്തെ പ്രത്യേക ജപമാല പ്രാർത്ഥനകളിൽ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും സജീവമായി പങ്കെടുക്കണമെന്നും വ്യക്തിഗത നിയോഗങ്ങൾക്കൊപ്പം സംഘടനയുടെ വളർച്ചയ്ക്കും പരസ്നേഹ പ്രവർത്തനങ്ങളുടെ വിജയത്തിനും വേണ്ടി പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**പുതിയ കോൺഫറൻസ്**

തോണിച്ചാൽ ഏസിയുടെ കീഴിൽ കാരക്കാമല സെന്റ് മേരീസ് ദേവാലയത്തിൽ 13-9-2015 ന് വി. കുർബാനയ്ക്കു ശേഷം റവ.ഫാ ബിജു തുരുത്തേൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പുതിയ കോൺഫറൻസ് രൂപീകരിച്ചു. പുതിയ കോൺഫറൻസ് രൂപീകരിക്കുവാൻ നേതൃത്വം നൽകിയ സി.സി. ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ

കൊടിയംകുന്നേൽ, തോണിച്ചാൽ ഏസി പ്രസിഡന്റ് ബ്രദർ തോമസ് വൻമേലിൽ മറ്റ് ഭാരവാഹികളേയും, കോൺഫറൻസ് രൂപീകരിക്കാൻ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത റവ. ബിജു തുരുത്തേൽ അച്ചനേയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സെന്റ് മേരീസ് കോൺഫറൻസ്: പ്രസിഡണ്ട് - ബ്രദർ വിൻസെന്റ് പൊൻകല്ലുങ്കൽ, കാരക്കാമല (പി.ഒ.), Mob: 9497652146

**നേതൃത്വ പരിശീലന കളരി**

ഗൂഡലൂർ, മണിമൂളി, നിലമ്പൂർ, ഏസികളുടെ സി.സി.തല നേതൃത്വ പരിശീലനകളരി, മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് 5-9-2015 ന് റവ.ഫാ. സിജോ എളംകുന്നപുഴ അച്ചന്റെ കാർമികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം 10 മണിക്ക് മണിമൂളി - നിലമ്പൂർ റീജിയൻ സിഞ്ചെല്ലൂസും മണിമൂളി ഏസി ആത്മീയോപദ്ദേഷ്ടാവുമായ റവ. ഫാ ജെയിംസ് കുറ്റിമാക്കൽ നേതൃത്വപരിശീലന കളരി രൂപതാതല ഉദ്ഘാടനം നിർവഹിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ "ഉപവി പ്രവർത്തനങ്ങളുടെ പഠനകളരി വാഴ്ത്തപ്പെട്ട മദർ തെരേസയുടെ തിരുനാൾ ദിനത്തിൽ നടക്കുന്നത് ഉത്തമമായ മാർഗ്ഗമാണെന്ന് ഊന്നി പറഞ്ഞു. മണിമൂളി ഏസി പ്രസിഡണ്ട്, ബ്രദർ പോൾ മുട്ടം തോട്ടത്തിൽ യോഗത്തിന് സ്വാഗതം ആശംസിച്ചു.

റവ.ഫാ ചാക്കോ മേപുറത്ത്, മണിമൂളി ഫൊറോന വികാരി, വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്കും നേതൃത്വപരിശീലന കളരി ക്ലാസിനും വിജയാംസകൾ അർപ്പിച്ചു.

സി.സി. റിസോഴ്സ് പേഴ്സൺ ബ്രദർ ഷാജി ചന്ദനപറമ്പിൽ വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ നേതൃത്വനിരയുടെ പങ്കുകൾ വിവരിച്ചുകൊണ്ട് വളരെ വിശദമായ ക്ലാസ്സെടുത്തു.

ഉച്ച ഭക്ഷണത്തിന് ശേഷം നടന്ന ക്ലാസുകൾക്കും ചർച്ചകൾക്കും, ബ്രദർ തോമസ് മാങ്ങൻ- സി.സി. പ്രസിണ്ട്, ബ്രദർ ജോസ് വട്ടുകുളത്തിൽ - സി.സി. വൈസ് പ്രസിണ്ട്, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ- സി.സി. ജനറൽ സെക്രട്ടറി, ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ- സി.സി. ട്രഷറർ, ബ്രദർ ഫ്രാൻസീസ് പുലികോട്ടിൽ- ബത്തേരി ഏസി പ്രസിഡണ്ട് എന്നിവർ നേതൃത്വം നൽകി.

നേതൃത്വ പരിശീലന കളരി ക്ലാസ്സിൽ, ഗൂഡലൂർ, മണിമൂളി, നിലമ്പൂർ ഏസികളിൽ നിന്നും 66 അംഗങ്ങൾ പങ്കെടുത്തു. യോഗത്തിന് നന്ദി പറഞ്ഞ് സമാപന പ്രാർത്ഥനയോടെ 4 മണിക്ക് സമാപിച്ചു.

**യുവജന മത്സരങ്ങൾ 2016**

KRCC തലത്തിൽ യുവജന മത്സരങ്ങൾ 2016 ജനുവരി ആദ്യ വാരം നടക്കുന്നതായിരിക്കും. ജൂണിയർ & യൂത്ത് (മെമ്പേഴ്സ് / നോൺ മെമ്പേഴ്സ്) എന്നീ വിഭാഗങ്ങളിലാണ് മത്സരം നടക്കുക.

ജൂണിയർ: 2015 ഡിസംബർ 31 -ാം തീയതി 12 വയസ്സ് പൂർത്തിയായവരും 18 വയസ്സ് തികയാത്തവരും (12 മുതൽ 18 വരെ)

യൂത്ത്: 2015 ഡിസംബർ 31-ാം തീയതി 18 വയസ്സ് പൂർത്തിയായവരും 30 വയസ്സ് തികയാത്തവരും (18 മുതൽ 30 വരെ)

**മത്സര ഇനങ്ങൾ**:

ജൂണിയർ: ക്രിസ്തീയ ഭക്തിഗാനം, പ്രസംഗം, ക്വിസ്.

യൂത്ത്: ക്രിസ്തീയ ഭക്തിഗാനം, പ്രസംഗം, ക്വിസ്, ഉപന്യാസം.

ക്വിസ് വിഷയം: a) നിയമാവലി 2012 പതിപ്പ്, b) വി. വിൻസെന്റ് ഡി പോൾ, വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനം, വാ. കൊണ്ടാർഡോ ഫെറീനി, വാ. ജിയോർജിയോ ഫ്രസാറ്റി എന്നിവരുടെ ജീവചരിത്രം (നിയമാവലിയിലേത്), c) തിരുസഭാ വിജ്ഞാനിയം, d) വി.യോഹന്നാന്റെ സുവിശേഷം അദ്ധ്യായം 1 മുതൽ 17 വരെ.

സി.സി. ലെ മത്സരങ്ങൾ ഡിസംബർ മാസത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നതായിരിക്കും. ഏസി തല മത്സരങ്ങൾ നടത്തി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ നവംബർ 30 ന് സി.സി. യിൽ എത്തിക്കേണ്ടതാണ്.

യുവജന മത്സരങ്ങൾ സി.സി. തലത്തിൽ നടത്തുന്നതിന് സി.സി. യുവജന പ്രതിനിധി ബ്രദർ ജെൻട്രിപോൾ, കളരിക്കലിനെ ഉത്തരവാദിത്വപ്പെടുത്തിയിരിക്കുന്നു, Mob: 9847869012.

**ഓസാനാം ഭവൻ രാത്രിസേവനം**

**കല്പറ്റ ഏസി**

| | | |
|---|---|---|
| 14-10-2015 | സെന്റ് ജൂഡ് | കല്പറ്റ |
| 15-10-2015 | സെന്റ് മേരീസ് | കല്പറ്റ |
| 16-10-2015 | സെന്റ് മേരീസ് | പുഴമുടി |
| 17-10-2015 | സെന്റ് മേരീസ് (പു) | വൈത്തിരി |
| 18-10-2015 | സെന്റ്മേരിസ് (വ) | വൈത്തിരി |
| 19-10-2015 | സെന്റ് ക്ലാരറ്റ് ചാരിറ്റി | ലക്കിടി |
| 20-10-2015 | സെന്റ് മേരീസ് | നെടുമ്പാല |

| | | |
|---|---|---|
| 21-10-2015 | സെന്റ് ജോസഫ് | റിപ്പൺ |
| 22-10-2015 | സെന്റ് ജോൺ പോൾ II | തൃക്കൈപ്പറ്റ |

**കുറുമ്പാല ഏസി**

| | | |
|---|---|---|
| 23-10-2015 | ക്രിസ്തുരാജ് | പുതുശ്ശേരിക്കടവ് |
| 24-10-2015 | സെന്റ് അൽഫോൻസ | പുതുശ്ശേരിക്കടവ് |
| 25-10-2015 | സെന്റ് സെബാസ്റ്റ്യൻ | കുപ്പാടിതറ |
| 26-10-2015 | സെന്റ് ജോസഫ് | കുറുമ്പാല |
| 27-10-2015 | സെന്റ് മേരീസ് | കുറുമ്പാല |

**കല്ലോടി ഏസി**

| | | |
|---|---|---|
| 28-10-2015 | സെന്റ് തോമസ് | ദീപ്തിഗിരി |
| 29-10-2015 | സെന്റ് അൽഫോൻസ | ദീപ്തിഗിരി |
| 30-10-2015 | സെന്റ് തോമസ് | വഞ്ഞോട് |
| 31-10-2015 | സെന്റ് അൽഫോൻസ | മക്കിയാട് |
| 01-11-2015 | സെന്റ് ബനഡിക്ട് | മക്കിയാട് |
| 02-11-2015 | സെന്റ് ആന്റണി | കുഞ്ഞോം |
| 03-11-2015 | സെന്റ് ജോർജ്ജ് | കല്ലോടി |
| 04-11-2015 | സെന്റ് മേരീസ് | പുതുശ്ശേരി |
| 05-11-2015 | സെന്റ് അൽഫോൻസ | വാളേരി |

**മാനന്തവാടി ഏസി**

| | | |
|---|---|---|
| 6-11-2015 | സെന്റ് മേരീസ് | യവനാർകുളം |
| 7-11-2015 | ലിറ്റിൽ ഫ്ളവർ | മുതിരേരി |
| 8-11-2015 | ലിറ്റിൽ ഫ്ളവർ | പുതിയിടം |
| 9-11-2015 | വാ. മദർ തെരേസ | തവിഞ്ഞാൽ |
| 10-11-2015 | സെന്റ് ഫിലോമിന | ആലാറ്റിൽ |
| 11-11-2015 | സെന്റ് മേരീസ് | ആലാറ്റിൽ |
| 12-11-2015 | ലിറ്റിൽ ഫ്ളവർ | മാനന്തവാടി |
| 13-11-2015 | സെന്റ് ജോസഫ് | കണിയാരം |
| 14-11-2015 | മൗണ്ട് കാർമ്മൽ | തലപ്പുഴ |
| 15-11-2015 | സെന്റ് സെബാസ്റ്റ്യൻ | കാട്ടിമൂല (പോരൂർ) |

**ഓസാനാം ഭവൻ സന്ദർശനം**

| | | |
|---|---|---|
| 18-10-2015 | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 20-10-2015 | സെന്റ് ജോർജ്ജ് | ചിത്രഗിരി |
| 22-10-2015 | സെന്റ് ആന്റണി | പഴൂർ |

| | | |
|---|---|---|
| 24-10-2015 | ഫാത്തിമമാതാ | കുന്നലാടി |
| 26-10-2015 | സെന്റ് ഫ്രാൻസീസ് അസ്സിസി | ചുള്ളിയോട് |
| 28-10-2015 | ഫാത്തിമ മാതാ | കയ്യൂന്നി |
| 30-10-2015 | സെന്റ് ജോസഫ് | വടക്കനാട് |
| 01-11-2015 | സെന്റ് മേരീസ് | കൽപ്ര |
| 03-11-2015 | സെന്റ് ജോർജ്ജ് | കല്ലുമുക്ക് |

**ചുണ്ടക്കര ഏസി**

| | | |
|---|---|---|
| 05-11-2015 | സെന്റ് മേരീസ് | ചുണ്ടക്കര |
| 07-11-2015 | സെന്റ് ജോസഫ് | ചുണ്ടക്കര |
| 09-11-2015 | സെന്റ് മേരീസ് | അരിഞ്ചേർമല |
| 11-11-2015 | സെന്റ് തോമസ് | അരിഞ്ചേർമല |
| 13-11-2015 | സെന്റ് ജോർജ്ജ് | ചുള്ളിയാന |
| 15-11-2015 | സെന്റ് അൽഫോൻസ | ചുള്ളിയാന |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും സ്നേഹാശംസകൾ നേർന്നു കൊണ്ട് പ്രാർത്ഥനയോടെ സഹോദരൻ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**സമഗ്ര ആദിവാസി വികസനപദ്ധതി**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ നടത്തിവരുന്ന സമഗ്ര ആദിവാസി വികസനപദ്ധതി കാര്യക്ഷമമായി മുന്നേറുന്നു. പദ്ധതിയുടെ ഭാഗമായി വിളപരിപാലനത്തെക്കുറിച്ചുള്ള പരിശീലന പരിപാടിയിൽ സംരംഭകത്വ പരിശീലനം, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു. കൂടാതെ പദ്ധതി പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്ന വില്ലേജ് പ്ലാനിംഗ് കമ്മിറ്റിയോഗങ്ങൾ കഴിഞ്ഞമാസം 2 തവണ ചേരുകയുണ്ടായി.

സമഗ്ര ആദിവാസി വികസന പരിപാടിയുടെ ഭാഗമായി ഡോൺബോസ്കോ കോളേജ് അങ്ങാടിക്കടവിന്റെ സഹകരണത്തോടെ ദശദിന റൂറൽ ക്യാമ്പ് സംഘടിപ്പിച്ചു. എടമുണ്ട കോളനിയിൽ നടന്ന ക്യാമ്പിൽ പഠനക്ലാസുകൾ, ആരോഗ്യബോധവത്ക്കരണ സെമിനാറു കൾ, പരിസരശുചീകരണം, റോഡ് നിർമ്മാണം തുടങ്ങിയവ നടന്നു.

**വികലാംഗക്ഷേമ പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഈ വർഷം നടപ്പി ലാക്കിവരുന്ന വികലാംഗക്ഷേമ പദ്ധതികളുടെ ഭാഗമായി നൂറ് വിക ലാംഗർക്ക് 15000 രൂപ വീതം പശു വളർത്തലിന് സാമ്പത്തിക സഹായം നൽകി.

കൂടാതെ പുൽപ്പള്ളി കൃപാലയത്തിലെ കുട്ടികൾക്കുവേണ്ടി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കൃപാലയത്തിലെ കുട്ടികൾക്ക് വീൽചെയർ, വാക്കിംഗ്സ്റ്റിക്, ഷൂ തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തു. കുട്ടികൾക്കുവേണ്ടി 2 പഠനയാത്രകൾ നടത്തി. മാതാപിതാ ക്കൾക്കും കുട്ടികൾക്കുംവേണ്ടി ബോധവത്ക്കരണ പരിശീലന പരിപാടി സംഘടിപ്പിച്ചു.

**പങ്കെടുത്തു**

കേരള സോഷ്യൽ സർവ്വീസ് ഫോറം കോട്ടയത്തുവെച്ച് പ്രാദേശിക വിഭവസമാഹരണം എന്ന വിഷയത്തിൽ സംഘടിപ്പിച്ച

ഏകദിന ശില്പശാലയിൽ WSSS പ്രോഗ്രാം ഓഫീസർ ജോസ് പി.എ. പങ്കെടുത്തു.

നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് (NCOF) ബാംഗ്ലൂർ കാർഷിക സർവ്വകലാശാലയിൽ വെച്ച് സംഘടിപ്പിച്ച പാർട്ടിസിപ്പേറ്ററി ഗ്യാരണ്ടി സിസ്റ്റം (PGS) ശില്പശാലയിൽ WSSS പ്രോഗ്രാം ഓഫീസർ ജോസ് പി.എ. പങ്കെടുത്തു.

**സോഷ്യൽ വെൽഫെയർ സൊസൈറ്റി (SWS)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ സോഷ്യൽ വെൽഫയർ സൊസൈറ്റികൾ, വനിതാ സ്വാശ്രയസംഘങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ഏരിയപ്പിള്ളി, തോമാട്ടുചാൽ, തവിഞ്ഞാൽ, ആടിക്കൊല്ലി, ചെറുകാട്ടൂർ തുടങ്ങിയ ഇടങ്ങളിൽ നടത്തിയ പദ്ധതി വിശദീകരണ യോഗങ്ങളിൽ 40 ഓളം ആളുകൾ പങ്കെടുക്കുകയും 15 ലക്ഷത്തോളം രൂപ വിവിധ ഗ്രൂപ്പുകൾക്ക് വിവിധ ബാങ്കുകളിൽ നിന്ന് പാസാവുകയും ചെയ്തു.

മുള്ളംകൊല്ലി, സുരഭികവല, പാതിരി, കൊട്ടിയൂർ, തവിഞ്ഞാൽ, വെൺമണി, ചെറുകാട്ടൂർ തുടങ്ങിയ ഗ്രൂപ്പുകളിൽ സുജ, മാളു, ആലീസ്, സിസിൽ, ഷീന ആന്റണി തുടങ്ങിയവർ സോപ്പ്, സോപ്പ് ഉല്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

ആഗസ്റ്റ് 12 ബുധനാഴ്ച സെക്രട്ടറിമാർക്ക് നൽകിയ ക്ലാസ് ശ്രീ. കൃഷ്ണകുമാർ നയിച്ചു. ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് വിശദീകരണങ്ങൾ നടത്തി. ആഗസ്റ്റ് 20 വ്യാഴാഴ്ച നടന്ന സി.ഡി.ഓ. മീറ്റിംഗിൽ 'നവമാധ്യമങ്ങൾ കുട്ടികളെ എങ്ങനെ സ്വാധീനിക്കുന്നു' എന്ന വിഷയത്തിൽ ക്ലാസ് നടത്തി.

**സോപ്പുല്പന്നങ്ങളുടെ പരിശീലന പരിപാടി**

മാതൃസംഘടന, കെ.സി.വൈ.എം., മിഷൻലീഗ് തുടങ്ങിയ ഇതര സംഘടനകൾക്ക് നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുല്പന്നങ്ങൾ എന്നിവയുടെ പരിശീലനവും ഉണ്ടാക്കാൻ ആവശ്യമായ സാധനങ്ങളും ആവശ്യമുണ്ടെങ്കിൽ WSSS മായി ബന്ധപ്പെടുക. ഫോൺ: 9744943482.

**ബയോഗ്യാസ് വികസനപദ്ധതി 2015-2016**

ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിന് ബാങ്കുലോൺ ലഭ്യമാകുന്ന പദ്ധതി 2015-16 വർഷംമുതൽ പുനരാരംഭിക്കുന്നു. സീതാമൗണ്ട്, മണൽവയൽ, പാറക്കവല, ശശിമല, പുതുശ്ശേരി, പുളിഞ്ഞാൽ, മുതിരേരി, കാട്ടിമൂല എന്നീ സ്ഥലങ്ങളിൽ നിന്നും ബയോഗ്യാസ് പ്ലാന്റ്

നിർമ്മാണത്തിന് 19 അപേക്ഷകൾ സ്വീകരിക്കുകയും 15 പ്ലാന്റുകൾ ലോൺ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

**എഫ്.സി.റ്റി. ട്രെയിനിംഗ് 2015–2016**

സൗജന്യ തെങ്ങുകയറ്റ / തെങ്ങ് കൃഷി പരിശീലനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബോയ്സ് ടൗൺ ട്രെയിനിംഗ് സെന്ററിൽ 2015 ഓഗസ്റ്റ് മാസം 31–ാം തീയതി മുതൽ സെപ്റ്റംബർ 5–ാം തീയതിവരെ നടത്തി. പരിശീലനത്തിൽ 20 പേർ പങ്കെടുത്തു. അടുത്ത പരിശീലനം 2015 സെപ്റ്റംബർ 28–ാം തീയതി മുതൽ ഒക്ടോബർ 3–ാം തീയതിവരെ നടത്തപ്പെടുന്നു. പരിശീലനം തികച്ചും സൗജന്യമായിരിക്കും. താല്പര്യമുള്ളവർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മാനന്തവാടി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04935–240314, 9656002212.

**സേവ് എ ഫാമിലി പ്ലാൻ (എസ്.എ.എഫ്.പി.)**

സേവ് എ ഫാമിലി കുടുംബങ്ങൾക്കായുള്ള മേഖലാതല യോഗങ്ങൾ സെപ്റ്റംബർ 3,4,5 തീയതികളിൽ കൽപറ്റ, പുൽപ്പള്ളി, മാനന്തവാടി എന്നിവിടങ്ങളിൽ നടത്തുവാൻ തീരുമാനിച്ചു. പ്രസ്തുത യോഗത്തിൽ പശു പരിപാലനത്തെക്കുറിച്ച് വിദഗ്ദ ഡോക്ടർമാർ ക്ലാസുകൾ നൽകുന്നതാണ്.

സേവ് എ ഫാമിലി പ്ലാനിൽ പങ്കാളികളായ കുടുംബങ്ങളിൽ ജൈവപച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യ പച്ചക്കറിവിത്ത് വിതരണം നടത്തുവാനും തീരുമാനിച്ചു.

എസ്.എ.എഫ്.പി. കുടുംബങ്ങളുടെ അടിസ്ഥാന വിവരശേഖരണം നടത്തി. എസ്.എ.എഫ്.പി.  കുടുംബങ്ങളുടെ വിവിധ വരുമാന പദ്ധതിക്കുള്ള ഫണ്ട് വിതരണം നടത്തി.

**കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.)**

അസംഘടിത തൊഴിലാളികളുടെ സംഘടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിന്റെ സാമൂഹ്യ സംഘടനയായ കേരളാ ലേബർമൂവ്മെന്റിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനം നന്നായി നടക്കുന്നു.

**ക്ഷേമനിധി**

KTWF (കേരളാ ടൈലേഴ്സ് വർക്കേഴ്സ് ഫോറം) ന്റെ യൂണിയൻ മീറ്റിംഗ് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ 4–8–15 ന് നടന്നു. പെന്റിംഗ്

ആയ റെജിസ്ട്രേഷൻ ഫോം, റിന്യൂവൽ, അംശാദായം സ്വീകരിക്കൽ എന്നിവ എത്രയും പെട്ടെന്ന് തുടങ്ങുമെന്ന് അറിയിച്ചു.

**ആനുകൂല്യം**

2011 മുതൽ 2013 വരെയുള്ള ആനുകൂല്യങ്ങളുടെ തീർപ്പ് സെപ്തംബർ 30-നുള്ളിൽ നടത്തുമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അപേക്ഷ നൽകിയവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ (04936-206426)

**കേരളാ ചെറുകിട തോട്ടം തൊഴിലാളി ഫോറം (K.C.T.T.F.)**

പുതിയ അംഗത്വം 5 കർഷകർക്ക് നൽകുകയുണ്ടായി. 2015-ൽ പുതുക്കാൻ ഉള്ള അംഗങ്ങൾ എത്രയും പെട്ടെന്ന് അംശാദായം അടയ്ക്കാൻ ശ്രദ്ധിക്കണം.

**സ്വാവലംബൻ സുരക്ഷാ പദ്ധതികളിൽ അംഗങ്ങളായിട്ടുള്ളവർ അറിയിപ്പ്**

'സ്വാവലംബൻ' പദ്ധതിയിൽ (സുരക്ഷ) അംഗങ്ങളായവർ ഇതുവരെ ആധാർ നമ്പർ നൽകിയിട്ടില്ലെങ്കിൽ എത്രയും പെട്ടെന്ന് 'WSSS' ഓഫീസിൽ എത്തിക്കേണ്ടതാണ്.

കഴിഞ്ഞവർഷം സുരക്ഷാ പദ്ധതി പുതുക്കാത്തവർ ഈ വർഷം 100 രൂപ പിഴയോടുകൂടി അംഗത്വം പുനഃസ്ഥാപിക്കേണ്ടതാണ്. ഡിസംബർ, ജനുവരി 2006, ഫെബ്രുവരി 15 വരെ റിന്യൂവൽ സ്വീകരിക്കുന്നതാണ്.

**വികാസ് പീഡിയ മലയാളം**

വികാസ്പീഡിയ ഏക ബഹുഭാഷാ വിജ്ഞാന ശേഖരണമാണ്. ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം നേടിയെടുക്കാനുള്ള ആവശ്യ ഘടകങ്ങളെയാണ് ഇത് ലക്ഷ്യം വയ്ക്കുന്നത്. വിവര സാങ്കേതിക വിദ്യയും, മാധ്യമങ്ങളും ഉപയോഗിച്ച് സർക്കാരുമായും സർക്കാർ ഇതര സംഘടനകളുമായും സ്വകാര്യ മേഖലകളുമായും അറിവ് പങ്കുവയ്ക്കാനുള്ള ഇടമാണ് വികാസ് പീഡിയ പോർട്ടൽ.

**C-DAC അവാർഡ്: രണ്ടാം സ്ഥാനം WSSS ന്**

ഇന്ത്യയിലെ മികച്ച വികാസ് പീഡിയ നോഡൽ ഏജൻസികൾക്ക് വേണ്ടി C-DAC ഏർപ്പെടുത്തിയ അവാർഡുകളിൽ WSSS ന് രണ്ടാം സ്ഥാനം. സ്റ്റേറ്റ് നോഡൽ ഏജൻസി എന്ന നിലയിൽ കഴിഞ്ഞ ഒരുവർഷം കാഴ്ചവെച്ച മികവുറ്റ പ്രകടനത്തിനാണ് കേരള സ്റ്റേറ്റ് നോഡൽ ഏജൻസിയായ WSSS ന് രണ്ടാം സ്ഥാനം ലഭിച്ചത്. ഫലകവും, പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. ഹൈദരാബാദിൽ

സംഘടിപ്പിച്ച ഔദ്യോഗിക ചടങ്ങിൽ C-DAC ഡയറക്ടർ ഇ. മഹേഷിൽ നിന്നും WSSS ഡയറക്ടറും, വികാസ്പീഡിയ കേരള പ്രോജക്ട് ഹെഡുമായ ഫാ. ബിജോ തോമസ് കറുകപ്പള്ളിൽ അവാർഡ് ഏറ്റുവാങ്ങി.

വികാസ് പീഡിയയുടെ പ്രചരണാർത്ഥം ഒരു വർഷത്തിനിടെ സംഘടിപ്പിച്ച ഔട്ട്റീച്ച് പരിപാടികളും, വികാസ്പീഡിയ പോർട്ടലിന്റെ വ്യത്യസ്ത ഡൊമെയ്നുകളിൽ ജനോപകാരപ്രദമായ പേജുകൾ അപ്ലോഡ് ചെയ്തും പ്രത്യേകം പരാമർശിക്കപ്പെട്ടു.

**ദേശഭക്തിഗാന മത്സരം സംഘടിപ്പിച്ചു**

2015 ലെ ഭാരത സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി വികാസ്പീഡിയ കേരളയും, റേഡിയോ മാറ്റൊലിയും സംയുക്തമായി യു.പി.സ്കൂൾ വിദ്യാർത്ഥികൾക്കായി ദേശഭക്തി ഗാനമത്സരം സംഘടിപ്പിച്ചു. വിവിധ സ്കൂളുകളിൽ നിന്നുമായി 120 ഓളം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. ഭാവൻസ് വിദ്യാമന്ദിർ സുൽത്താൻ ബത്തേരി, ഡി പോൾ പബ്ലിക് സ്കൂൾ കൽപ്പറ്റ, സെന്റ് ജോസഫ്സ് യു.പി.സ്കൂൾ കല്ലോടി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

വിജയികൾക്കുള്ള സമ്മാനദാനം ആഗസ്റ്റ് 15-ാം തീയതി അതാത് സ്കൂളുകളിൽ സംഘടിപ്പിച്ച സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകളിൽ വച്ച് നിർവ്വഹിക്കപ്പെട്ടു. വികാസ്പീഡിയ കേരള പ്രോജക്ട് ഹെഡ് ഫാ. ബിജോ തോമസ് കറുകപ്പള്ളിൽ, റേഡിയോ മാറ്റൊലി അസി.ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ എന്നിവർ സമ്മാനദാനചടങ്ങിൽ പങ്കെടുത്തു.

**ജലനിധി എടവകഗ്രാമപഞ്ചായത്ത്**

2013 ഏപ്രിൽ മാസത്തിലാണ് എടവക ഗ്രാമപഞ്ചായത്തിൽ ജലനിധി ആരംഭിച്ചത്. ലോകബാങ്കിന്റെ സഹായത്തോടെ കേരള സർക്കാരും, ഗ്രമാപഞ്ചായത്തും ഗുണഭോക്താക്കളും കൂടിയാണ് ജലനിധി പദ്ധതി നടപ്പിലാക്കുന്നത്. കുടിവെള്ളപദ്ധതിക്കു പുറമെ സാനിറ്റേഷൻ, ഭൂഗർഭജലപരിപോഷണം തുടങ്ങിയ പദ്ധതികളും ജലനിധിയുടെ ഭാഗമായി നടത്തിവരുന്നു. എടവക പഞ്ചായത്തിൽ 14 കുടിവെള്ള പദ്ധതികളും, രണ്ട് സാനിറ്റേഷൻ പദ്ധതികളും, നൂറ് ഭൂഗർഭജല പരിപോഷണ പദ്ധതികളുമാണ് നടന്നുവരുന്നത്. 14 കുടിവെള്ള പദ്ധതികളിലായി 2537 കുടുംബങ്ങൾ ഗുണഭോക്താക്കളായിട്ടുണ്ട്. 14 പദ്ധതികളിൽ 9 ചെറിയ പദ്ധതികളും 5 വലിയ പദ്ധതികളുമാണ് ഉള്ളത്. ഇതിൽ 6 പദ്ധതികൾ കമ്മീഷൻ ചെയ്തു. മൂന്നെണ്ണം സെപ്തംബർ മാസത്തിൽ കമ്മീഷൻ ചെയ്യും. സാനിറ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി

ചെയ്യുന്ന കാലിചന്തയുടെയും, Pay and Use Toilet ന്റെയും പ്രവൃത്തി കൾ പാണ്ടിക്കടവിൽ പുരോഗമിച്ചുവരികയാണ്. ഭൂഗർഭജല പരിപോഷണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ചെക്ക്ഡാമിന്റെ പ്രവൃത്തി പൂർത്തിയാക്കുകയും Roof Water Harvesting ന്റെ പ്രവൃത്തി കൾ പുരോഗമിച്ചുവരികയുമാണ്.

**DDU-GKY**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥ വിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (DDU-GKY) തൊഴിലധിഷ്ടിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴേക്കും വിവിധ മേഖലകളിൽ പ്രായോഗികരാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഭാരതസർക്കാർ ലക്ഷ്യംവെയ്ക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

DDU-GKY പദ്ധതിയുടെ കീഴിൽ WSSS ൽ ആരംഭിച്ച ട്രെയിനിംഗ് സെന്ററിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും പ്രിയ ബഹു. ജനറാളച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ഓഗസ്റ്റ് 12-ാം തീയതി നടത്തപ്പെടുകയുണ്ടായി. വയനാട്ടിലെ ആദ്യത്തെ DDU-GKY സെന്റർ എന്ന നിലയിൽ കുടുംബശ്രീ അതിന്റെ ഔദ്യോഗിക ഉദ്ഘാടനം 22-8-15 ന് WSSS സെന്ററിൽ വച്ച് നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എം.ജി. ബിജു, മാനന്തവാടി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സിൽവി തോമസ്, കുടുംബശ്രീ വയനാട് ജില്ലാ ഡയറക്ടർ ശ്രീ. മുഹമ്മദ്, മറ്റ് ത്രിതല പഞ്ചായത്തംഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

ഫാഷൻ ഡിസൈനിംഗ്, ഫുഡ് പ്രോസസ്സിംഗ് കോഴ്സുകളിൽ 35 പേർ ഉൾപ്പെടുന്ന ആദ്യബാച്ച് ക്ലാസുകൾ ആരംഭിച്ചു. ഫുഡ് പ്രോസസ്സിംഗ്, ഫാഷൻ ഡിസൈനിംഗ് കോഴ്സുകളിൽ പുതിയ ബാച്ചുകളിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചു. താൽപര്യമുള്ള വിദ്യാർത്ഥികൾ WSSS ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ബിജോ കറുകപ്പള്ളി**

WSSS, ഡയറക്ടർ

**ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

പദ്ധതിയുടെ ഭാഗമായി പുതിയതായി 693 കർഷകർകൂടി അംഗമായി. ജൈവ ഉത്പന്നങ്ങളുടെ വിപണനം ജപ്പാനിലേക്കു കൂടി വ്യാപിപ്പിക്കുന്നതിനാവശ്യമായ JAS (ജപ്പാൻ അഗ്രികൾചർ സ്റ്റാൻഡേർഡ്)

സർട്ടിഫിക്കറ്റ് ലഭിക്കുകയും പനമരം, പുൽപ്പള്ളി, മാനന്തവാടി, മീനങ്ങാടി, തവിഞ്ഞാൽ എന്നീ കർഷക ഗ്രൂപ്പുകളുടെ (ICS) സർട്ടിഫിക്കറ്റ് പുതുക്കുന്നതിനാവശ്യമായ വിവരശേഖരണം ആരംഭിക്കുകയും ചെയ്തു. ആവാസ വ്യവസ്ഥയ്ക്കും പ്രകൃതി സംരക്ഷണത്തിനും മുൻതൂക്കം നൽകുന്ന Rain Forest Alliance (RA) സർട്ടിഫിക്കറ്റ് ലഭിച്ചു. പിണങ്ങോട്, ആർത്തുവയൽ, അമ്പലമൂല, കമ്മന, കരിന്തിരിക്കടവ്, സുരഭികവല, സീതാമൗണ്ട്, പേരിയ, അമ്പലകൊല്ലി, തെനേരി, കൂളിവയൽ, തോമാട്ടുചാൽ, കരിങ്കുറ്റി, പുതുശേരികടവ് എന്നിവിടങ്ങളിൽ കർഷക സെമിനാറുകൾ നടന്നു.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർ ട്രേഡ് കർഷക സംഘടനയായ വോഫ 2015 ആഗസ്റ്റ് മാസം ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു.

**സെമിനാറുകൾ**

അന്താരാഷ്ട്ര സംഘടനയായ ഫെയർട്രേഡിനെക്കുറിച്ച് കർഷകരിൽ അവബോധം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി പഴൂർ, തോമാട്ടുചാൽ വില്ലേജുകളിൽ സെമിനാർ സംഘടിപ്പിച്ചു. "ഫെയർട്രേഡ് അടിസ്ഥാന തത്വങ്ങൾ" എന്നീ വിഷയത്തിൽ ഫെയർട്രേഡ് ഇന്ത്യാ -ഏഷ്യാ ലെയസണർ ഓഫീസർ ശ്രീ. രാജുഗണപതി ക്ലാസെടുത്തു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടു നടന്ന ക്ലാസുകൾ ശ്രീ. മാത്യു ഉണ്ണിപ്പള്ളി (സെക്രട്ടറി വോഫ), ശ്രീ. സെബാസ്റ്റ്യൻ ചക്കാലയ്ക്കൽ (ട്രഷറർ) എന്നിവർ നയിച്ചു. പ്രസ്തുത സെമിനാറുകൾക്ക് വോഫ കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ, റീജണൽ കോഡിനേറ്റർമാരായ ശ്രീ. ബെന്നി സേവ്യർ, ശ്രീ. എൽദോ പി എന്നിവർ നേതൃത്വം നൽകി. പരിശീലന പരിപാടികളിൽ 120 ൽ പരം കർഷക ഗ്രൂപ്പു പ്രതിനിധികൾ പങ്കെടുത്തു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

വോഫയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, കൂടുതൽ ശക്തമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുമായി ആഗസ്റ്റ് മാസം 25-ാം തീയതി ബോയ്സ്ടൗണിൽ വോഫ എക്സിക്യൂട്ടീവ് യോഗം ചേർന്നു.

**തീരുമാനങ്ങൾ**

1) വാരണാസി കമ്പോസ്റ്റ് നിർമ്മിക്കുന്ന വോഫയിൽ അംഗങ്ങളായ കർഷകരുടെ സംഘങ്ങൾക്ക് മിനിമം 10 MT നിർമ്മിക്കുന്നതിന് 25,000 രൂപ ഗ്രാന്റ് നൽകാൻ തീരുമാനിച്ചു. കമ്പോസ്റ്റ് നിർമ്മിക്കുന്നതിന്

താത്പര്യമുള്ള സംഘങ്ങൾ 2015 ഡിസംബർ മാസം 31 ന് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2) ഗുണമേന്മയുള്ള നടീൽ തൈകൾ മികച്ച ഗുണമേന്മയോടെ ഉത്പാദിപ്പിക്കുന്നതിനും കർഷകർക്ക് വിതരണം ചെയ്യുന്നതിനുമായി ബോയ്സ് ടൗണിൽ 300000-500000 തൈകൾ ഉത്പാദിപ്പിക്കാനാവശ്യമായ നേഴ്സറി ആരംഭിക്കാൻ തീരുമാനിച്ചു. ആയതിനാവശ്യമായ തുക വോഫയിൽ നിന്നും ചെലവഴിക്കാൻ തീരുമാനിച്ചു.

3) കാപ്പി തന്ന കർഷകർക്ക് 2016 മാർച്ച് മാസത്തിൽ ബോണസ് നൽകാൻ തീരുമാനിച്ചു.

4) കർഷകരിൽ നിന്നും ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും, ഓഫീസ് ആവശ്യത്തിനുമായി വാഹനം വാങ്ങുന്നതിന് തീരുമാനിച്ചു.

5) വോഫയിൽ നിന്നുള്ള ചികിത്സാസഹായം അംഗങ്ങളായ കർഷകർക്കും, അംഗങ്ങൾ അല്ലാത്ത വ്യക്തികൾക്കും അനുവദിക്കാൻ തീരുമാനിച്ചു.

യോഗത്തിന് വോഫ ചെയർമാൻ അഡ്വ.ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അധ്യക്ഷനായിരുന്നു. യോഗത്തിനെത്തിയ അംഗങ്ങൾക്ക് കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ സ്വാഗതവും വോഫ എക്സിക്യൂട്ടീവ് മെമ്പർ ഫാ. ബിജോ കറുകപ്പള്ളി നന്ദിയും പറഞ്ഞു.

**മാർക്കറ്റിങ്ങ് വിഭാഗം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവകൃഷി പ്രോത്സാഹനവും, വിപണന വിഭാഗവുമായ മാർക്കറ്റിങ്ങ് വിഭാഗത്തിന് 2015 ആഗസ്റ്റ് മാസം ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിന് സാധിച്ചു. ആഗസ്റ്റ് മാസത്തിൽ ജൈവ-ഫെയർ ട്രേഡ് കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ കയറ്റുമതി ചെയ്യുന്നതിനോടൊപ്പം പുതുതായി ഓഡറുകൾ സ്വീകരിക്കുന്നതിനും സാധിച്ചു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ, Biowin Agro Research

## കെസിബിസി മദ്യവിരുദ്ധസമിതി

**യൂണിറ്റ് ശാക്തീകരണവും രൂപീകരണവും**

ഒക്ടോബർ മാസം മുതൽ യൂണിറ്റ് രൂപീകരണവും ശാക്തീകരണവും ആരംഭിക്കുന്നു. കല്ലോടി മേഖലയിലാണ് പ്രവർത്തനം ആരംഭിക്കുന്നത്. മേഖല കൺവൻഷൻ ഇതോടനുബന്ധമായി നടക്കും. അന്നേദിവസം ഇടവക യൂണിറ്റ് രൂപീകരണ തീയതി നിശ്ചയിച്ച് നിർദ്ദിഷ്ട ദിവസം രൂപതാ ഹൊറോന ഭാരവാഹികൾ യൂണിറ്റ് സന്ദർശിച്ച് യൂണിറ്റ് സ്ഥാപിക്കുന്ന വിധത്തിലാണ് പരിപാടികൾ ക്രമീകരിക്കുന്നത്.

**കബനിഗിരി**

കബനിഗിരി ഇടവകയിൽ ലഹരിവിരുദ്ധ സെമിനാർ നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ.സണ്ണി മഠത്തിൽ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. ബഹു. ഇടവക വികാരി റവ.ഫാ. തോമസ് ചേറ്റാനി പരിപാടികൾക്ക് നേതൃത്വം നൽകി. രണ്ടാമത്തെ വി.ബലിക്ക് ശേഷം സൺഡെസ്കൂൾ, മിഷൻലീഗ് അംഗങ്ങൾക്ക് സെമിനാർ നടത്തി.

**പോസ്റ്റുലൻസിന് ക്ലാസ്സ്**

വിവിധ സന്യാസ സമൂഹങ്ങളിലെ പോസ്റ്റുലൻസ് വിദ്യാർത്ഥികൾക്ക് ലഹരിയെപ്പറ്റി സെമിനാർ നടത്തി. റവ. ഫാ. സണ്ണി മഠത്തിൽ ക്ലാസ്സ് നയിച്ചു.

**കാരയ്ക്കാമല**

കാരക്കാമല ഇടവകയിൽ സെപ്റ്റംബർ 20ന് ബഹു. രൂപതാ ഡയറക്ടർ റവ.ഫാ.സണ്ണി മഠത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. രൂപതാ ഭാരവാഹികളായ ജോയി, ബേബി പേടപ്പാട്ട് എന്നിവർ യൂണിറ്റ് രൂപീകരണ പരിപാടികൾക്ക് നേതൃത്വം നൽകി.

**പ്രതീക്ഷ A.A. കൂട്ടായ്മ**

കൊയിലേരി പ്രതീക്ഷ A.A. കൂട്ടായ്മ വാർഷികത്തിൽ സെപ്റ്റംബർ 27ന് രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിൽ പങ്കെടുത്തു.

**കുഞ്ഞോം**

കുഞ്ഞോം ഇടവകയിൽ സെപ്റ്റംബർ 6 ന് റവ.ഫാ.സണ്ണി മഠത്തിൽ വി. കുർബാനയർപ്പിച്ച് ലഹരിവിരുദ്ധ സന്ദേശം നൽകി.

**അറിയിപ്പ്**

ഇടവകകളിൽ നടത്തുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ ദയവായി ഓഫീസിലേക്ക് അയയ്ക്കുക.

**'കാസ'അധ്യാപക പ്രതിനിധിയോഗം**

കാസ അധ്യാപക പ്രതിനിധികളുടെ യോഗം ഒക്ടോബർ 17-ന് ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരകയിൽ നടത്തും. എല്ലാ വിദ്യാലയങ്ങളിൽ നിന്നും അധ്യാപക പ്രതിനിധികൾ പങ്കെടുക്കണം. വരുമ്പോൾ നാളിതുവരെയുള്ള പ്രവർത്തനറിപ്പോർട്ടുകൾ കൂടി കൊണ്ടുവരുമല്ലോ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

**ജില്ലാ പോലീസ് മേധാവിയുടെ തത്സമയ ഫോൺ ഇൻ പ്രോഗ്രാം**

ആഗസ്റ്റ് 26-ാം തീയതി നടന്ന തത്സമയ ഫോൺ ഇൻ പരിപാടിയിൽ ശ്രോതാക്കളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ജില്ലാ പോലീസ് മേധാവി എസ് അജിതാ ബേഗം ഐ.പി.എസ് മറുപടി നൽകി. നീതിവേദി ഡയറക്ടറും റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി അംഗവുമായ അഡ്വ. ഫാ. സ്റ്റീഫൻ മാത്യു ഫെസിലിറ്റേറ്റർ ആയിരുന്നു.

**തപസ്വിനി - ക്വിസ് പ്രോഗ്രാം**

ശാലോം ടെലിവിഷനിൽ തിങ്കൾ മുതൽ വെള്ളി വരെ പ്രക്ഷേപണം ചെയ്യുന്ന 'തപസ്വിനി - വി. ഏവുപ്രാസ്യാമ്മ' എന്ന സീരിയലിനെ അധികരിച്ച് റേഡിയോ മാറ്റൊലിയും സി.എം.സി. മാനന്തവാടി പ്രൊവിൻസും ചേർന്ന് റേഡിയോ ക്വിസ് പ്രോഗ്രാം നടത്തുന്നു. ഓരോ ആഴ്ചയിലും സംപ്രേഷണം ചെയ്യുന്ന സീരിയൽ ഭാഗത്തു നിന്നും മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്യുന്ന ചോദ്യത്തിന് ശരിയുത്തരം അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ തിരഞ്ഞെടുക്കുന്നത്. വിജയിക്ക് 500 രൂപ ക്യാഷ് പ്രൈസ് ലഭിക്കും. 81 38 05 11 04 എ നമ്പറിലേക്കാണ് SMS അയക്കേണ്ടത്. ആദ്യ ആഴ്ചയിൽ ജൂഡ്സ്മൗണ്ട് ഇടവകാംഗം കുഴുപ്പിൽ ജോസുകുട്ടിക്കാണ് സമ്മാനം ലഭിച്ചത്.

**പ്രതിഭയും അതിഥിയും**

വയനാട് ജില്ലയുടെ അഭിമാനമായി മാറിയ പ്രതിഭകളെ ആദരിച്ചു. ദേശീയ അദ്ധ്യാപക അവാർഡ് ജേതാവായ ശ്രീ. എൻ. വി. ജോർജ്, സംസ്ഥാന അദ്ധ്യാപക അവാഡ് ജേതാവായ ശ്രീ. പി. എ. പൗലോസ്, സിനിമാ സംവിധായകനായ ബേസിൽ ജോസഫ് എന്നിവരുമായുള്ള പ്രത്യേക ഇന്റർവ്യു റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്തു.

**റേഡിയോ സന്ദർശനം**

മൈസൂർ എച്ച്.ഡി. കോട്ടയിൽ പ്രവർത്തിക്കുന്ന ജനധ്വനി റേഡിയോ സ്റ്റേഷൻ പ്രതിനിധികൾ സെപ്തംബർ 19-ാം തീയതി റേഡിയോ മാറ്റൊലി സന്ദർശിക്കുകയും മാറ്റൊലിയുടെ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്തു.

**ഓണാഘോഷം 2015**

റേഡിയോ മാറ്റൊലിയുടെ ഓണാഘോഷം ആഗസ്റ്റ് 25-ാം തീയതി ദ്വാരക എ.യു.പി. സ്കൂളിൽ വെച്ച് നടന്നു. മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, എക്സ്പേർട്ട് വോളണ്ടിയേഴ്സ്, സ്റ്റുഡന്റ് വോളണ്ടിയേഴ്സ്, സ്റ്റാഫംഗങ്ങൾ എന്നിവർ ഓണാഘോഷത്തിൽ പങ്കെടുത്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**അധ്യാപക പാക്കേജും - CEADOM ജീവനക്കാരുടെ പ്രതിസന്ധികളും**

നമ്മുടെ പൊതു വിദ്യാലയങ്ങൾ പ്രത്യേകിച്ച്, എയിഡഡ് വിദ്യാലയങ്ങളും അതിൽ ജോലി ചെയ്യുന്ന നൂറു കണക്കിന് അധ്യാപകരും വലിയ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 2010 ൽ സർക്കാർ ഇറക്കിയ അധ്യാപക പാക്കേജിനുശേഷം നിയമിതരായ ഒട്ടേറെ അധ്യാപക-അനധ്യാപകർക്ക് നിയമനാംഗീകാരം ലഭിച്ചിട്ടില്ല. ശമ്പളം ലഭിക്കാത്തതുമൂലം അധ്യാപക-അനധ്യാപകർ ക്ലേശിക്കുന്നതിന്റെ ഫലമായി നമ്മുടെ പൊതു വിദ്യാലയങ്ങൾ വലിയൊരു പ്രതിസന്ധിയിലേക്കാണ് നീങ്ങുന്നത്. ഈ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് സർക്കാർ ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിൽ (ജി.ഒ 213/2015) ഭേദഗതികൾ വരുത്തി ശമ്പളം ലഭിക്കാത്ത അധ്യാപക-അനധ്യാപകരുടെ നിയമനം അംഗീകരിച്ച് ശമ്പളം ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് K.C.B.C കമ്മീഷനും, കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് അംഗങ്ങളും, മാനന്തവാടി രൂപതാ കോർപ്പറേറ്റ് ജീവനക്കാരും ചേർന്ന് ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയ്ക്കും, മറ്റ് മന്ത്രിമാർക്കും, ജില്ലാ, മണ്ഡലം, ലോക്കൽ തല നേതാക്കൻമാർക്കും നിവേദനം കൊടുക്കുന്നതിന് തീരുമാനിച്ചു. ഇതിനായി 19-09-2015 ന് എ.യു.പി സ്കൂൾ ദ്വാരകയിൽ വച്ച് രൂപതാ കോർപ്പറേറ്റ് ജീവനക്കാരുടെ ഒരു യോഗം ചേരുകയുണ്ടായി. വിവിധങ്ങളായ നിഷേധാത്മക നിലപാടുകളിലൂടെ ജീവനക്കാരുടെ നിയമനം തടഞ്ഞുവയ്ക്കുകയും ജീവനക്കാരുടേയും വിദ്യാർത്ഥികളുടേയും അവകാശങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്ന പൊതു വിദ്യാഭ്യാസനയം പ്രതിഷേധാർഹമാണെന്നും ഇത്തരം നടപടികളിലൂടെ മുന്നോട്ടു പോയാൽ പ്രത്യാഘാതമുണ്ടാകുമെന്നും യോഗം മുന്നറിയിപ്പു നൽകി. മൂന്നു മാസത്തിൽ കുറഞ്ഞ ലീവെടുക്കുന്ന അദ്ധ്യാപകർ പകരം നിയമിക്കപ്പെടുന്ന വ്യക്തിക്ക് വേതനം നൽകണമെന്ന കരിനിയമം റദ്ദാക്കുക, 1:30/1:35

അനുപാതത്തിൽ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുക. അദ്ധ്യാപക, അനദ്ധ്യാപക പാക്കേജിലുൾപ്പെട്ട ജീവനക്കാരുടെ തടഞ്ഞുവയ്ക്കപ്പെട്ട സേവന കാലയളവും വേതനവും അനുവദിക്കുക മുതലായ ആവശ്യങ്ങളും നടപ്പിലാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും നിവേദനം അയക്കാനും യോഗം തീരുമാനിച്ചു. ഇതിനായി സോൺ തിരിച്ച് സ്കൂളുകൾ അടിസ്ഥാനപ്പെടുത്തി പ്രതിഷേധ യോഗം ചേരാനും നടപടികൾ മുന്നോട്ട് കൊണ്ടുപോകാനും തീരുമാനിച്ചു.

**അഭിനന്ദനങ്ങൾ, പ്രാർത്ഥനകൾ**

മുൻരാഷ്ട്രപതി ഡോ.എ.പി.ജെ അബ്ദുൾ കലാമിന്റെ വാക്കുകളിൽ പറഞ്ഞാൽ വിദ്യാഭ്യാസം സ്വപ്നം കാണലാണ്. അധ്യാപകൻ വിദ്യാർത്ഥികളെ സ്വപ്നത്തിലേയ്ക്ക് നയിക്കുന്നവനാണ്. ഇത്തരത്തിൽ സ്വപ്നം കാണാനും, ഉന്നതത്തിലുള്ള ലക്ഷ്യങ്ങൾ സ്വായത്തമാക്കാനും തങ്ങളുടെ ശിഷ്യഗണങ്ങളെ പ്രാപ്തരാക്കിയ ശ്രീ.ജോർജ്ജ്. എൻ.വി. സാറും, ശ്രീ.ഉണ്ണികൃഷ്ണൻ എ.സി. സാറും മാനന്തവാടി രൂപതാ കോർപ്പറേറ്റിന്റെ അഭിമാനങ്ങളാണ്. തന്റെ അധ്യാപനജീവിതത്തിന്റെ 36 വർഷത്തിൽ 33 വർഷവും കല്ലോടി സെന്റ് ജോസഫ് യു.പി സ്കൂളിലും അതിൽ 16 വർഷവും കല്ലോടി സെന്റ് ജോസഫ് യു.പി സ്കൂളിലെ പ്രധാനാധ്യാപകനായും സ്തുത്യർഹമായ സേവനം കാഴ്ചവച്ച് കഴിഞ്ഞ വർഷം കല്ലോടി സെന്റ് ജോസഫ് യു.പി.സ്കൂളിൽ നിന്നും വിരമിച്ച ഏറ്റവും നല്ല അദ്ധ്യാപകനുള്ള ദേശീയ അധ്യാപക അവാർഡ് ലഭിച്ച ശ്രീ. ജോർജ്ജ്. എൻ.വി. സാറിനും, തന്റെ അധ്യാപന ജീവിതത്തിന്റെ 30 വർഷത്തിലേറെയായി കബനിഗിരി നിർമ്മല ഹൈസ്കൂളിൽ നിസ്വാർത്ഥമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന സംസ്ഥാന അധ്യാപക അവാർഡ് ലഭിച്ച ശ്രീ. ഉണ്ണികൃഷ്ണൻ എ.സി. സാറിനും, CEADOM Family യുടെ പേരിൽ പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും നേരുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**സെന്റ് മേരീസ് യു.പി സ്കൂൾ, തരിയോട്**

- 1945 ആഗസ്റ്റ് 6, ഹിരോഷിമ-നാഗസാക്കി ദിനത്തിന്റെ സ്മരണയിൽ സമാധാന സന്ദേശം പകർന്നുകൊണ്ട് തരിയോട് സെന്റ്.മേരീസ് യു.പി സ്കൂളിലെ അദ്ധ്യാപകരും, വിദ്യാർത്ഥികളും ചേർന്ന് യുദ്ധവിരുദ്ധറാലി സംഘടിപ്പിച്ചു. തുടർന്ന് പ്രസംഗമത്സരം,

പോസ്റ്റർ നിർമ്മാണം, ക്വിസ് മത്സരം എന്നിവ നടത്തി. സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിലാണ് ഇത് നടത്തിയത്.

- കുട്ടികളിലെ വായനശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ അക്ഷരപ്പൂക്കൾ എന്ന പദ്ധതിക്കു തുടക്കം കുറിച്ചു. 21-08-2015 വെള്ളിയാഴ്ച്ച സ്കൂൾ മാനേജർ ഫാ.ജോണി കുന്നത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. കവിയത്രി കുമാരി സുൽത്താന നസ്റിൻ മുഖ്യാതിഥിയായിരുന്നു.

- സാന്ത്വനത്തിന്റെ നല്ല പാഠവുമായി ബന്ധപ്പെട്ട് വാഴവറ്റയിലുള്ള ജ്യോതിഭവനിലെ അന്തേവാസികൾക്കായി സ്കൂളിലെ വിദ്യാർത്ഥികൾ കേക്ക്, മിഠായി എന്നിവ വിതരണം നടത്തി. വിദ്യാർത്ഥികൾ സ്വരൂപിച്ച 10000 രൂപ സ്കൂളിലെ പ്രധാനാദ്ധ്യാപകൻ ശ്രീ.ബെന്നി ആന്റണി ജ്യോതിഭവന് കൈമാറി. സ്കൂൾ മാനേജർ ഫാ.ജോണി കുന്നത്ത്, പ്രധാനാദ്ധ്യാപകൻ ശ്രീ.ബെന്നി ആന്റണി എന്നിവർ നേതൃത്വം നൽകി.

- Smile -2015 എന്ന പേരിൽ ഒരു സഹായനിധിക്കു തുടക്കം കുറിച്ചു, സ്കൂൾ മാനേജർ ഫാ.ജോണി കുന്നത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. സ്കൂളിലെ അദ്ധ്യാപകരായ ശ്രീ. ഷാജി ജോസഫ്, ശ്രീ.അബ്ദുൾ ജലീൽ.പി, ശ്രീമതി സ്മിത ജോസ് എന്നിവരുടെ നേതൃത്വത്തിലാണ് പദ്ധതിയുടെ പ്രവർത്തനങ്ങൾ.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# കത്തോലിക്കാ കോൺഗ്രസ് - AKCC

മാനന്തവാടി രൂപതയിലെ കത്തോലിക്കാ കോൺഗ്രസ്സ് കാര്യക്ഷമവും, ശക്തവുമാക്കി മാറ്റുന്നതിന്റെ ഭാഗമായി ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒരു ഓഫീസ്, അഭിവന്ദ്യപിതാവിന്റെ പ്രത്യേക താല്പര്യത്തോടെ അനുവദിച്ചുകിട്ടിയിരിക്കുന്ന സന്തോഷവാർത്ത അറിയിക്കുന്നു. ഓഫീസിന്റെ പ്രവർത്തന കാര്യങ്ങളെക്കുറിച്ച് പിന്നീട് അറിയിക്കുന്നതായിരിക്കും.

കത്തോലിക്കാ കോൺഗ്രസ്സ് വളരെ പ്രതീക്ഷയോടെ ആരംഭിച്ചിരിക്കുന്ന ആത്മമിത്രം മൈക്രോ ഫിനാൻസിന്റെ ഓഫീസ് കൊച്ചിയിൽ കാരണക്കോടം സെന്റ് ജൂഡ് പള്ളിവക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

മാനന്തവാടി രൂപതയിൽ AKCC യ്ക്ക് താഴെ പറയുന്ന യൂണിറ്റുകൾ ആരംഭിച്ചിരിക്കുന്നു. ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ വിവരിക്കുകയും യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യപൂർവ്വം ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്യുന്ന ബഹു. വികാരി അച്ചന്മാരെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

**പുതിയ യൂണിറ്റുകൾ**

ബെക്കി, ചാരിറ്റി, ചെന്നലോട്, ചുള്ളിയോട്, ദീപ്തിഗിരി, എടയൂർകുന്ന്, കല്ലോടി, കമ്മന, കാരയ്ക്കാമല, കുഞ്ഞോം, കരണി, കുന്നലാടി, കൊമ്മയാട്, കുറ്റിമൂല, മംഗലശ്ശേരി, മരകാവ്, മരുത, നരിവാലമുണ്ട, പാടിച്ചിറ, പനവല്ലി, പയ്യംമ്പിള്ളി, പുതിയിടംകുന്ന്, പൂളപ്പാടം, റിപ്പൺ, തരിയോട്, വടക്കനാട്, വഞ്ഞോട്, വാഴവറ്റ, വള്ളിക്കെട്ട്, വിളമ്പുകണ്ടം, വെള്ളൂന്നി, കരിമ്പിൽ, ചുങ്കകുന്ന്, കണിയാമ്പറ്റ.

**ഫാ. ചാണ്ടി പുനക്കാട്ട്**

ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

# അറിയിപ്പുകൾ



## 1) ജീസസ് യൂത്ത് - HOLY FIRE '15

മാനന്തവാടി സോൺ ജീസസ് യൂത്ത് ഒരുക്കുന്ന കോളേജു കുട്ടികളുടെ ധ്യാനം HOLY FIRE '15 – 2015 ഒക്ടോബർ 21–ാം തീയതി വൈകുന്നേരം 5 മണിമുതൽ 25–ാം തീയതി ഉച്ചയ്ക്ക് 2 മണിവരെ മാനന്തവാടി മേരിമാതാ ആർട്സ് & സയൻസ് കോളേജിൽ വച്ചു നടത്തപ്പെടുന്നു. +1, +2, കോളേജ്, നഴ്സിംഗ്, ITI, all Professional College Students എന്നിവർക്കും പങ്കെടുക്കാം. ധ്യാനഫീസ് 600 രൂപ.

കൂടുതൽ വിവരങ്ങൾക്ക്:

| | | |
|---|---|---|
| ഫാ. സോണി വാഴകാട്ട് | : | 9496470462 |
| വിനോദ് മാങ്കൂട്ടം | : | 9946568252 |
| അമൽ അരീപ്ലാക്കൽ | : | 9388233979 |

ബഹു. വികാരി അച്ചന്മാർ സാധിക്കുന്നിടത്തോളം കുട്ടികളെ പറഞ്ഞു വിടുമല്ലോ... ധ്യാനവിജയത്തിനായി പ്രാർത്ഥിക്കുമല്ലോ....

വിശ്വസ്ഥതയോടെ,

**വിനോദ് മാങ്കൂട്ടം**

ജീസസ് യൂത്ത് കോർഡിനേറ്റർ

• • • • •

## 1) KUWAIT MALAYALEE CATHOLIC ASSOCIATION

### വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

കുവൈറ്റ് മലയാളി കാതോലിക്ക് അസോസിയേഷൻ സിൽവർ ജൂബിലി ട്രസ്റ്റിന്റെ (KMCA) സ്കോളർഷിപ്പ് പദ്ധതി 17–ാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. ഈ അവസരത്തിൽ ഈ വർഷത്തെ സ്കോളർഷിപ്പിനായി അപേക്ഷകൾ ക്ഷണിക്കുന്നതിൽ സന്തോഷമുണ്ട്. 2015 മാർച്ചിലെ പരീക്ഷയിൽ SSLC പാസായിട്ടുള്ളവരും

കത്തോലിക്കരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ 200 വിദ്യാർത്ഥികളെ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 5000 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നതാണ്.

**നിബന്ധനകൾ**

1. 10A + (Full A+) ഉള്ളവർ മാത്രമാണ് അപേക്ഷിക്കേണ്ടത്.
2. സാമ്പത്തിക നിലവാരത്തെകുറിച്ച് വികാരിയച്ചന്റെ സാക്ഷ്യപത്രം സമർപ്പിക്കണം.
3. ഇതൊടൊന്നിച്ച് കൊടുത്തിട്ടുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് അയക്കണം.
4. C BSE, ICSE, Tamil Board Exam മുതലായ വിഭാഗങ്ങൾ അപേക്ഷിക്കേണ്ടതില്ല.
5. 200 ൽ കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ കമ്പ്യൂട്ടർ മുഖേന വിജയികളെ തെരഞ്ഞെടുക്കുന്നതാണ്. KMCA Scholarship കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

അപേക്ഷകർ മാർക്ക് ലിസ്റ്റിന്റെ Attested copy യോടൊപ്പം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലേക്ക് സാധാരണ തപാലിൽ നവംബർ 30ന് മുമ്പായി അയയ്ക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**ബാബു ഏബ്രഹാം**

പ്രസിഡന്റ്

**അഡ്രസ്സ്:**

കിഴക്കേടത്ത് മറിയം കോപ്ലക്സ്
പത്തനംതിട്ട പി. ഒ.–689645

NB: Aknowledgment ആവശ്യമുള്ളവർ Self Addressed Postcard കൂടി അപേക്ഷയോടൊപ്പം അയയ്ക്കേണം.
അപേക്ഷ ഫോമുകൾക്ക് kizhakkedompta@yahaoo.com എന്ന ഈ മെയിലിൽ ആവശ്യപ്പെടുകയോ, നേരിട്ട് ഭാരവാഹികളിൽ ആർക്കെങ്കിലും Self Addressed/ stamped cover അയയ്ക്കുകയോ ചെയ്താൽ ലഭിക്കുന്നതായിരിക്കും.

• • • • •

# Pastoral Centre Programme



**October 2015**

| | |
|---|---|
| 2 | KCYM "Tree of Life" |
| 3 | Zion |
| 9 | CML Executive |
| 9-12 | Marriage Preparation Course |
| 13 | Marian Singles |
| 15 | SMMA Executive |
| 22 | Manomaya: Counselling Course |
| 23-26 | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre



# ***Bishop's Programme***

***October 2015***

| | |
|---|---|
| *01 Thu 14 Wed ......* | *Out of Station* |
| *15 Thu ..................* | *Ondayangady: Vestition of FCC Novices* |
| *16 Fri ...................* | *Out of station* |
| *17 Sat Morning ......* | *Dharmagiri: Ordination Dn. Joseph Thundathil VC* |
| *Evening ...........* | *Moolankav: Installation of Holy Relique* |
| *18 Sun .................* | *Mandya: Episcopal Ordination of Bishop Elect Mar Antony Kariyil CMI* |
| *19 Mon ................* | *Thalanji* |
| *20 Tue ...................* | *Vazhavatta: 25$^{th}$ Anniversary of Jyothi Nivas* |
| *21 Wed ..................* | *Visitors' Day* |
| *22 Thu Morning ....* | *Kartikulam: Divine Providence Seminary-Holy Mass* |
| *Evening ...........* | *Mary Matha College: Retreat of Jesus Youth* |
| *23 Fri ...................* | *Out of station* |
| *24 Sat ....................* | *Ambyathode: Sanyastha Sangamam* |
| *25 Sun ..................* | *Marakadav : Pastoral Visit* |
| *26 Mon .................* | *Dwaraka: Class for Postulants* |
| *28 Wed ..................* | *Kalpetta Snehasadan: Holy Mass* |
| *29 Thu 30 Fri ..........* | *Out of Station* |
| *31 Sat Morning ......* | *Thariyode: Sanyastha Sangamam* |
| *Evening ............* | *WSSS: Blessing of Training Centre* |

***November 2015***

| | | |
|---|---|---|
| *1* | *Sun .................* | *Pulpally : Pastoral Visit* |
| *2* | *Mon ................* | *Ambalavayal : Blessing of renovated Cemetry* |
| *3* | *Tue 4 Wed ........* | *Out of Station* |
| *6* | *Fri .....................* | *Out of Station* |
| *7* | *Sat ....................* | *S.Bathery: Vestition of MSMI Novices* |
| *8* | *Sun ..................* | *Pastoral Visit* |
| *10* | *Tue ....................* | *Kiliyanthara* |
| *11* | *Wed 16 Mon ....* | *Gorakhpur* |
| *17* | *Tue ...................* | *Nadavayal: Synaxis CMC* |
| *18* | *Wed ..................* | *Visitor's Day* |
| *20* | *Fri .....................* | *Out of Station* |
| *21* | *Sat ....................* | *Manimooly: Sanyastha Sangamam* |
| *22* | *Sun ....................* | *Marakav: Jubilee* |
| *23* | *Mon ................* | *Deepti Bhavan: Golden Jubilee of Sisters* |
| *24* | *Tue ....................* | *Malom* |
| *25* | *Wed .................* | *Vincentgiri: Vestition* |
| *26* | *Thu ..................* | *Engaged* |
| *27* | *Fri 28 Sat ..........* | *Out of Station* |
| *29* | *Sun .................* | *Velloonni: Rededication of the Renovated Church and Sanyastha Sangamam* |
| *30* | *Mon ................* | *Padamala: Ordination of Dn. Saban Karakunnel CST* |